# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

2022 ഏപ്രിൽ 14 | ദീപം 55 | നാളം 7 | Published from : PALA | പേജ് 20 | വില 6 രൂപ | www.deepanalam.org





# ജീവിച്ചിരിക്കുന്നവനെ മരിച്ചവരുടെയിടയിൽ അന്വേഷിക്കുന്നതെന്തിന്?




ഡോ. ജോർജ് ഓണക്കൂർ


സർവജീവജാലങ്ങൾക്കും സ്രഷ്ടാവായ ദൈവം കരുണാമയനാണ്. തന്റെ സൃഷ്ടികളിൽ ഒന്നുപോലും നാശഗർത്തത്തിൽ പതിക്കരുതെന്ന് ദൈവം ഇച്ഛിക്കുന്നു. അതുകൊണ്ടുതന്നെ സ്വാർത്ഥത നിമിത്തമോ വ്യാമോഹങ്ങളിൽ അകപ്പെട്ടോ നേർപഥത്തിൽനിന്നു വ്യതിചലിക്കുന്ന സൃഷ്ടിയെ സത്യത്തിലേക്കു മടക്കിക്കൊണ്ടുവരാൻ പിതാവായ ദൈവം ശ്രദ്ധിക്കുന്നു. അതിന്റെ പൂർണശോഭയാണ് മനുഷ്യനായി അവതരിച്ച സ്വന്തം പുത്രന്റെ ജീവിതത്തിലൂടെ വെളിപ്പെടുത്തുന്നത്. രണ്ടായിരം വർഷംമുമ്പ് ബേത്‌ലഹേമിൽ ഒരു ശിശു പിറന്നു. കൊട്ടാരങ്ങളിലല്ല, പ്രഭുമന്ദിരങ്ങളിലല്ല, മറിച്ച്, കാലികളെ പാർപ്പിക്കുന്ന ഒരു തൊഴുത്തിൽ, പുൽത്തൊട്ടിയിലാണ് ആ ശിശു പിറന്നത്. ആ ജനനം ലോകത്തോടു വിളിച്ചറിയിച്ചത്, ഭൂമിയിൽ സന്മനസ്സുള്ള എല്ലാവർക്കും സമാധാനം എന്നാണ്. സകല മനുഷ്യർക്കും നന്മയുടെ സദ്വാർത്തയായിരുന്നു അത്. ബേത്‌ലഹേംകുന്നിന്റെ താഴ്‌വരയിൽ ആടുകളെ മേയ്ച്ചുകൊണ്ടിരുന്ന പാവം ഇടയന്മാർക്ക് ഒരു സ്വർഗീയഗാനമായി ആ ജീവന്റെ രഹസ്യം ഒഴുകിവന്നു. അവരുടെ ഹൃദയങ്ങളെ അതു കുളിർപ്പിച്ചു. ''ഇതാ മനുഷ്യരക്ഷയ്ക്കായി ഒരു ശിശു പിറന്നിരിക്കുന്നു.'' ദൈവത്തിന്റെ അനന്തമായ അനുഗ്രഹത്തെ അടയാളപ്പെടുത്തുന്ന ജന്മം. ആട്ടിടയന്മാർ ശിശുവിനെ ചെന്നുകണ്ട് വന്ദിച്ചുവെന്ന് പുരാവൃത്തം.

പിന്നീടുള്ള മുപ്പത്തിമൂന്നുവർഷം ആ ശിശു വളർന്ന് സത്യത്തിന്റെ പഥത്തിൽ സഞ്ചരിച്ചു. നീതിയുടെ സൂര്യനായിരുന്നു അവിടന്ന്. തെറ്റുകളുടെ കറകൾ മായ്ച്ചുകളയാനും പാപത്തിന്റെ അധികാരം അവസാനിപ്പിക്കാനും നീതിയുടെ സത്യവെളിച്ചം എങ്ങും പ്രഭാമയമാക്കാനും അവിടുന്ന് സ്വജീവിതം സമർപ്പിച്ചു. ഇല്ലായ്മകളുടെ നടുവിൽ, വേദനിക്കുന്നവർക്കിടയിൽ അവൻ ആശ്വാസത്തിന്റെ സ്പർശമായി. വിളക്കുകൾ അണഞ്ഞുപോയ മനുഷ്യഹൃദയങ്ങളിൽ അവൻ നീതിയുടെ സൂര്യോദയമായി. രോഗികളെ സുഖപ്പെടുത്തി, പീഡിതരെ ആശ്വസിപ്പിച്ചു, പാപികൾക്കു മോചനം നല്കി, മരിച്ചവരെ ഉയിർപ്പിച്ചു. ഇങ്ങനെ നന്മയും നീതിയും മാത്രം അനുഭവവേദ്യമാക്കി ഭൂമിയിൽ കഴിഞ്ഞ അവന്റെ വാക്കുകൾ ശ്രവിച്ച് അശരണരും രോഗികളും സമൂഹത്തിൽ ഭ്രഷ്ടരാക്കപ്പെട്ടവരും അവന്റെയൊപ്പം കൂടി.

പാപികളെ വിധിക്കാൻ വെമ്പൽ കൂട്ടിയവരോട് ഈശോ ശക്തമായ ഭാഷയിൽ പറഞ്ഞു: നിങ്ങളുടെ കല്ലുകൾ താഴെയിടുക. ആരെയും വിധിക്കരുത്. നിങ്ങൾ വിധിക്കുന്ന വാക്കുകളാൽത്തന്നെ നിങ്ങൾ വിധിക്കപ്പെടും. ആർക്കെങ്കിലുമെതിരേ ആയുധമെടുത്താൽ അതേ ആയുധം നിങ്ങളുടെ അന്ത്യത്തിനു നിമിത്തമാകും. ദൈവഭയത്തിൽ ജീവിക്കുക. നക്ഷത്രങ്ങളുടെ പ്രകാശം വീണ താഴ്‌വരകളിലൂടെ സഞ്ചരിക്കുക. വെളിച്ചത്തിൽ സഞ്ചരിക്കുന്നവർക്ക് ഒരിക്കലും കാലുകൾ ഇടറുകയില്ല. ചുങ്കക്കാരും പാപികളും സമൂഹത്തിലെ പാവപ്പെട്ട സർവജനങ്ങളും അവന്റെ പിന്നാലെ ചെന്നു. അഞ്ചപ്പം കൊണ്ട് അയ്യായിരം പേരെ അവൻ പോറ്റി. അവന്റെ ശബ്ദംകേട്ട് മരണം ലജ്ജിച്ചു പിന്മാറി. മരിച്ചു മൂന്നുനാൾ കഴിഞ്ഞിട്ടും അഴുകാതിരുന്ന ലാസറിന്റെ ജഡം ആ ശബ്ദംകേട്ട് എഴുന്നേറ്റുവന്നു.

സകല ജനത്തിനും നീതിയുടെയും രക്ഷയുടെയും ഉയിർത്തെഴുന്നേല്പിന്റെ തന്നെയും ശബ്ദവും വെളിച്ചവും പകർന്ന ദൈവപുത്രന്റെ സ്വരം അധികാരത്തിന്റെ ശക്തിസൗന്ദര്യങ്ങൾ ആസ്വദിച്ചുകഴിഞ്ഞവർക്ക് അസ്വസ്ഥത വളർത്തി. ധനവാൻ സ്വർഗരാജ്യത്തിൽ പ്രവേശിക്കുന്നത് ഒട്ടകം സൂചിക്കുഴയിലൂടെ കടന്നുപോകുന്നതിനെക്കാൾ എളുപ്പമാണെന്ന് അദ്ദേഹം പറഞ്ഞു. ദൈവാലയം കള്ളന്മാരുടെ ഗുഹയാക്കരുതെന്നും അവിടെ നാണയമാറ്റം നടത്തി ധനം സമ്പാദിക്കരുതെന്നും അവിടന്നു കല്പിച്ചു. അധികാരത്തിന്റെ, അധികാരികളുടെ മേശകൾ അവൻ മറിച്ചിട്ടു. സാമൂഹികവിരുദ്ധരെയും ജനദ്രോഹികളെയും ചാട്ടവാറുകൊണ്ട് അടിച്ചു പുറത്താക്കി. എന്റെ പിതാവിന്റെ ഭവനം കള്ളന്മാരുടെ ഗുഹയാക്കരുതെന്ന് അവൻ യഹൂദപുരോഹിതപ്പരിഷയുടെ മുഖത്തു നോക്കിപ്പറഞ്ഞു. ▶




സച്ചിദാനന്ദൻ


## മുക്തി

നിങ്ങൾ യേശുവെക്കൊന്നു
പിന്നെയും! പ്രായശ്ചിത്തം
ചെയ്യുവാനാവി;ല്ലെന്നാൽ
പിന്നെയുമവൻ വരും:
കല്ലറയിൽ നിന്നല്ല,
വ്യഥിതഹൃദയത്തി-
ന്നുള്ളറകളിൽനിന്നു
നിങ്ങളെത്തിരുത്തുവാൻ!
പുണ്യവാൻ, നിരാലംബർ-
ക്കെന്നുമാശ്രയം, ശത്രു
വെള്ളപൂശിയ ശവ-
മാടങ്ങൾ,ക്കങ്ങാടിക്കും.

ആ മിഴിയുടെ ദഹി-
പ്പിക്കുന്ന കാരുണ്യത്തിൽ,
ആ നടത്തത്തിൻ സ്നേഹം
പെയ്യിക്കും കൊടുംകാറ്റിൽ
ആ ജീവജാലങ്ങൾക്കു
ഭൂമിയാം മനസ്സിന്റെ
വാടാത്ത ഹരിതത്തിൽ,
ക്രൗര്യവുമസത്യവും
ഹിംസയും പൊതിഞ്ഞാലും
സൂര്യരശ്മിപോൽ കൂർത്തു
പരക്കും സ്വാതന്ത്ര്യത്തിൽ,
വനവാസികൾക്കായി
ത്തൻ ഗുരുവല വീശും
പ്രിയമുക്കുവനുടെ
നീലയാം സ്വപ്നങ്ങളിൽ,
ആ ജനാരണ്യത്തിനെ
നിദ്രവിട്ടുണർത്തുവാൻ
നേരിനായ് കൈ പൊക്കുന്ന
ഗിരിഭാഷണങ്ങളിൽ,
ആ തടവറയുടെ
മൂകമാമേകാന്തത്തിൽ
ദൂരസഞ്ചാരംചെയ്തു
തൻ കോപ്പ തിരിച്ചെടു-
ത്തീടുവാനർത്ഥിച്ചൊരാ
നിസ്സഹായമാംവീർപ്പിൽ,
മുൾക്കിരീടവുമായിട്ട-
ക്കാരാഗൃഹത്തിന്റെ
രക്തശോണമാം പടി
കേറിപ്പോം തൻ ദൂതനിൽ,
നീതിക്കായ് പൊങ്ങും കൈക-
ളൊന്നൊന്നായധികാര-
മാണികൾ തറയ്ക്കുമ്പോൾ
തെറിക്കും രുധിരത്തിൽ,
കണ്ടിരുന്നിടാം യേശു
തന്റെ പിൻജന്മങ്ങളെ,
കണ്ടിരുന്നിടാം വ്യർഥം
പിൻസഹസ്രാബ്ദങ്ങളെ!

പറയൂ: പാഴാവില്ലീ
മരണം, ജനകോടി-
യുണരും, ചരിക്കും നിൻ
ബുദ്ധമാം വഴികളിൽ.
പറയൂ: കാരാഗൃഹ-
മൊക്കെ നീതിമാന്മാരാൽ
നിറയാം, പക്ഷേ ഞങ്ങ-
ളൊടുവിൽ നേടും മുക്തി. ■


നീണ്ട 70 വർഷത്തെ സേവന മികവും
വെഡ്ഡിംഗ് ഫോട്ടോഗ്രാഫി രംഗത്തെ നൂതന ആശയങ്ങളും ഒന്നിക്കുന്നു
Weddingz
BY THAKIDIYAL
WEDDING, BAPTISM & ALL EVENTS
PHOTOGRAPHY & VIDEOGRAPHY
ഏറ്റവും മികച്ച
പാക്കേജുകൾക്കായി ബന്ധപ്പെടുക
PH : 9742371337
OPP . TOWN HALL, PALA
Find us on:
WBT.
WEDDINGZ BY THAKIDIYAL


LITHOS



# നനഞ്ഞിറങ്ങാം കരുണയുടെ പുഴയിലേക്ക്



**വിനായക് നിർമ്മൽ**

**വി**ശുദ്ധവാരത്തിലൂടെ കടന്നുപോകുമ്പോൾ, ക്രിസ്തുവിന്റെ പീഡാസഹനങ്ങളെ ധ്യാനിക്കുമ്പോൾ മനസ്സിലേക്ക് ഏറ്റവും വെറുപ്പോടെ കടന്നുവരുന്ന കഥാപാത്രം യൂദാസ് ആയിരിക്കും. സംശയമില്ലാത്ത കാര്യമാണത്. ക്രിസ്തുവിനെ ഒറ്റുകൊടുത്തതും ക്രൂശുമരണത്തിനു കൂട്ടുനിന്നതുമൊക്കെ അയാളായിരുന്നല്ലോ?

ഏറ്റവും സ്നേഹത്തോടെ ഓർമിക്കുന്നവരിൽ യോഹന്നാനും വേറോനിക്കയും കുരിശുചുമന്ന് ക്രിസ്തുവിനെ സഹായിച്ച ശിമയോനുമുണ്ടാവും. ഒരു പക്ഷേ, എനിക്കു തോന്നുന്നു, ഈ രണ്ടു ഗണത്തിലുമായിരിക്കില്ല നമ്മളിൽ ഭൂരിപക്ഷവുമെന്ന്.

കാരണം, മറ്റൊരാളെ ഒറ്റുകൊടുക്കാനോ ചതിക്കാനോ നമ്മളിൽ പലർക്കും കഴിയാറില്ല. ചതിയും വഞ്ചനയും മറ്റൊരാളെ കുഴിയിലാക്കിക്കൊണ്ടുള്ള നേട്ടങ്ങളും നമ്മളിൽ പലരുടെയും ലക്ഷ്യവുമല്ല.

അതുപോലെതന്നെയാണ് യോഹന്നാന്റെയും ശിമയോന്റെയും വേറോനിക്കയുടെയും കാര്യവും. ഒരാളുടെ സഹനങ്ങളുടെയും അയാളുടെ ഒറ്റപ്പെടലുകളുടെയും നിമിഷങ്ങളിൽ അയാളെ വിട്ടുപിരിയാതെ നില്ക്കാൻമാത്രം നന്മമരങ്ങളൊന്നുമായിരിക്കില്ല നമ്മളിൽ ഭൂരിപക്ഷവും. അല്ലെങ്കിൽ പറയൂ, ഏതു ത്യാഗം സഹിച്ചും മറ്റൊരാളുടെ പീഡാസഹനങ്ങളുടെ യാത്രകളിൽ അനുഗമിക്കാൻ നിങ്ങളിൽ എത്ര പേർ തയ്യാറാകും, യോഹന്നാനെപ്പോലെ. ലാഭങ്ങളല്ല, നഷ്ടങ്ങൾ മാത്രമേ ആ യാത്രയിലുണ്ടാവൂ.

കുരിശിന്റെ വഴിയേ നടന്നവനായിരുന്നു യോഹന്നാൻ. ക്രിസ്തു ശരീരംകൊണ്ടു കുരിശു ചുമന്നുവെങ്കിൽ മനസ്സിൽ ആ ഭാരം പേറിയവനായിരുന്നു യോഹന്നാൻ. ഒടുവിൽ ക്രിസ്തുവിന്റെ കുരിശിൻ ചുവട്ടിൽ നില്ക്കാനും യോഹന്നാൻ തയ്യാറായി. ഇത് ഒരു ജീവിത വീക്ഷണവും കാഴ്ചപ്പാടും ആഭിമുഖ്യവുമാണ്. എത്ര കഷ്ടപ്പെട്ടാണെങ്കിലും ഞാൻ സ്നേഹിക്കുന്ന ഒരാളുടെ കഠിനവ്യഥകളിലും കനത്ത ഇരുട്ടിലും ഞാൻ കൂടെയുണ്ടാകും എന്ന തീരുമാനമാണ് യോഹന്നാനെ അതിനു പ്രേരിപ്പിക്കുന്നത്.

ജീവിതത്തിന്റെ നൽവഴികളിൽ കൂടെയുണ്ടാകുന്നത് ഒരിക്കലും ഒരു വലിയ കാര്യമല്ല. പക്ഷേ, എല്ലാവരുംകൂടി ഒറ്റപ്പെടുത്തിയ, എല്ലാവരും ചേർന്നു ദ്രോഹിച്ച, എല്ലാവരും ചേർന്ന് ഇല്ലാതാക്കാൻ ശ്രമിക്കുന്ന ഒരാൾക്കൊപ്പം നില്ക്കാൻ ഉറപ്പുള്ള ഒരു നട്ടെല്ലും ഹൃദയം നിറയെ സ്നേഹവും വേണം. യോഹന്നാൻ ചെയ്തത് അതാണ്. ദൈവം സ്നേഹമാണ് എന്നു യോഹന്നാൻ എഴുതിയതുപോലും അദ്ദേഹത്തിന്റെയുള്ളിൽ സ്നേഹത്തിന്റെ സമൃദ്ധി അത്രത്തോളമുണ്ടായിരുന്നതുകൊണ്ടാണ്.

മറ്റൊരാൾ വീഴുമ്പോൾ ഓടിയെത്തി ആ മുഖമൊന്നു തുടയ്ക്കാൻ നമ്മളാരും വേറോനിക്കമാരുമായിട്ടില്ലെന്നു തോന്നുന്നു. അടുത്ത ബന്ധമൊന്നും ഇല്ലാതിരുന്നിട്ടും ഭാരം താങ്ങാനാവാതെ വീണുപോയ ഒരാളുടെ ഭാരം ഏറ്റെടുത്ത് അയാളെ കർമം പൂർത്തിയാക്കാൻ സഹായിക്കുന്ന ശിമയോനാകാനും നാം ഒരുപാട് വളരേണ്ടതുണ്ട്.

അങ്ങനെയെങ്കിൽ എവിടെയാണ് നാം നമ്മളെ അടയാളപ്പെടുത്തേണ്ടത്? എനിക്കു തോന്നുന്നു, അത് തീർച്ചയായും പത്രോസിലും പിന്നെ പീലാത്തോസിലുമാണെന്ന്. നമ്മുടെ ജീവിതവുമായി കൂടുതൽ അടുത്തുനില്ക്കുന്നത് അവരാണ്.

റിസ്ക് ഏറ്റെടുക്കേണ്ട സാഹചര്യം വരുമ്പോൾ നാം വളരെ നിസ്സാരമായി അവിടെനിന്നു സ്കിപ്പാകും. നഷ്ടം വരുമെന്നു തീർച്ചയുള്ള സാഹചര്യങ്ങളിൽനിന്ന് നൈസായി സ്കൂട്ടാകും, പത്രോസിനെപ്പോലെ...

ഒരാൾ സഹായം ചോദിക്കുമ്പോൾ കൈ മലർത്തിക്കാണിക്കുന്ന സ്വഭാവമുണ്ടോ നമുക്ക്? എങ്കിൽ തീർച്ചയായും പത്രോസാണ് നമ്മെ ഭരിക്കുന്നത്. ഞാൻ എന്നെ മാത്രം സ്നേഹിക്കുന്നതുകൊണ്ടാണ് നിന്റെ ദയനീയതകളിൽനിന്നു ഞാൻ മുഖംതിരിക്കുന്നത്.

ക്രിസ്തുവിനെ അറിയില്ല എന്ന് എത്ര കൂളായിട്ടാണ് പത്രോസ് പറയുന്നത്. ഇന്നലെവരെ ഒരുമിച്ചുനടന്നവരാണ്. കാര്യങ്ങളൊക്കെ പരസ്പരം മനസ്സിലാക്കിയവരാണ്. പക്ഷേ, ക്രിസ്തുമൂലം തനിക്കു നഷ്ടമുണ്ടാവുമെന്നു ഭയക്കുമ്പോൾ അറിയില്ല എന്നു പറയാൻ പത്രോസ് നിർബന്ധിതനോ സന്നദ്ധനോ ആകുന്നു.

ഏറ്റവും അടുപ്പമുണ്ടായിരുന്ന ആൾ അറിയില്ലെന്നു പറയുമ്പോൾ ക്രിസ്തു അനുഭവിക്കുന്ന വേദനയെക്കുറിച്ചുകൂടി ആലോചിക്കൂ. റോമൻ പട്ടാളക്കാർ പീഡിപ്പിച്ച ശരീരത്തിൽ അനുഭവിച്ച വേദനയെക്കാൾ ഭീകരമായിരുന്നിരിക്കാം ക്രിസ്തുവിന്റെ ഹൃദയത്തിലുണ്ടായ വേദന. അറിയില്ലെന്ന് പത്രോസ് പറയുന്ന മറുപടി ക്രിസ്തുവിന്റെ വീക്ഷണത്തിൽ ഇങ്ങനെയും വിലയിരുത്താം: ശരിക്കും പത്രോസിനെ താനറിഞ്ഞിട്ടേയില്ല. ഇതായിരുന്നു യഥാർത്ഥ പത്രോസ്. ഇതുവരെ താൻ കണ്ടതൊന്നുമായിരുന്നില്ല യഥാർത്ഥ പത്രോസ്.

ചില സാഹചര്യങ്ങളാണ് ഓരോരുത്തരെയും അറിയാനുള്ള ഉരകല്ല്. സഹായിക്കുമെന്നു പ്രതീക്ഷിച്ച് സഹായം തേടിച്ചെല്ലുമ്പോഴായിരിക്കും... ചെകുത്താനാകണോ ദൈവമാകണോ എന്നു തീരുമാനിക്കുന്നത്. ചെകുത്താനാകാൻ എളുപ്പമാണ്. പക്ഷേ, ദൈവമാകുക ബുദ്ധിമുട്ടാണ്.

ദൈവമാകുക എന്നു പറയുമ്പോൾ അത് ആദിമാതാപിതാക്കളെപ്പോലെ ദൈവലംഘനമല്ല; മറിച്ച്, ദൈവികാംശം സ്വീകരിക്കലും അതിനനുസരിച്ചുള്ള പ്രതികരിക്കലുമാണ്. കരുണയോടും സ്നേഹത്തോടും സൗഹൃദത്തോടും നിസ്വാർത്ഥതയോടുംകൂടി പെരുമാറുക എന്നതാണ്.

ഈ ലോകത്ത് എല്ലാ കാര്യങ്ങളും നടക്കുന്നത് നിയമത്തിന്റെയോ നീതിയുടെ വഴിക്കൊന്നുമല്ല. മകൻ ചെയ്ത ഒരു തെറ്റിന് അപ്പൻ എന്ന നിലയിൽ അവനെ ശിക്ഷിക്കാൻ എനിക്കവകാശമുണ്ട്. എന്റെ ഭാഗത്ത് ശരിയുമുണ്ട്. പക്ഷേ, നീതിയും നിയമവും ശരിയും നോക്കുന്നതിനപ്പുറം കരുണയുടെ ഒരു അംശംകൂടി എന്നിലുണ്ടെങ്കിൽ ഞാൻ അവനോട് ഉദാരനാകുകയും കുറ്റവിമുക്തനാക്കുകയും ചെയ്യുന്നു.

അതേ, ഈ ലോകത്തിൽ നമുക്കു വേണ്ടത് ഇത്തിരി കൂടി കരുണയാണ്.

എല്ലാ ബലഹീനതകളുമുള്ള മനുഷ്യനാ ആരുടെയെങ്കിലും കുറ്റപ്പെടുത്തൽ കേൾക്കേണ്ടിവരുമ്പോൾ, നാം കുറ്റക്കാരായി മാറുമെന്നു ഭയപ്പെടുമ്പോൾ അവിടെ മറ്റു ചിലരിലേക്കു പഴിചാരി നാം കൈകഴുകും, പീലാത്തോസിനെപ്പോലെ. ഔദ്യോഗികജോലിക്കിടയിലും കുടുംബജീവിതത്തിലും സൗഹൃദബന്ധങ്ങൾക്കിടയിലുമൊക്കെ ഇതിനെത്രയോ സാധ്യതകളാണ്! എത്രയോ സാഹചര്യങ്ങളിലാണ് നാം ഇങ്ങനെ കൈകഴുകിയിരിക്കുന്നത്!


ഓരോ കൈകഴുകലിലും നാം ക്രൂശിച്ചത് ഒരു നിരപരാധിയെയാണ്. പക്ഷേ, ആ നിമിഷം നാം അതു തിരിച്ചറിയുന്നില്ലെന്നുമാത്രം. കാരണം, നിലനില്പാണു മുഖ്യം. എനിക്കു നിലനില്ക്കണമായിരുന്നു. അതിന് എനിക്കു നിന്നെ കൈവെടിയേണ്ടിവന്നു, കുറ്റപ്പെടുത്തേണ്ടിവന്നു.

ഇതൊന്നും നാം ദുഷ്ടരായതുകൊണ്ടല്ല, മനുഷ്യരായതുകൊണ്ടാണ്. മനുഷ്യൻ ദൈവവും ചെകുത്താനുമാകുന്നത് ചില ഭേദപ്പെട്ട വ്യത്യാസങ്ങൾകൊണ്ടാണ്. അല്ലെങ്കിൽ ഓരോ മനുഷ്യനിലും ഏറിയും കുറഞ്ഞും അതിലേതെങ്കിലും ഒരു ഭാവം പുറത്തേക്കു വരും. സാഹചര്യമാണെന്നു തുറന്നു സമ്മതിക്കുമ്പോഴും മറ്റൊരാളോടുള്ള കരുണയുടെ കാര്യത്തിൽ നാം കുറെക്കൂടി കരുണ കാണിക്കാൻ ശ്രമിക്കുമ്പോൾ, തയ്യാറാകുമ്പോൾ പത്രോസിൽനിന്ന് യോഹന്നാനിലേക്കും ശിമയോനിലേക്കും വേറോനിക്കയിലേക്കും വലിയ ദൂരമൊന്നുമുണ്ടാവില്ല. കരുണ കാണിക്കുന്നത് ഒരിക്കലും അയാൾ അതിന് അർഹനാണോയെന്നു നോക്കിയല്ലല്ലോ. അർഹതയില്ലാത്തതു കൊടുക്കുന്നതാണു കരുണ. അവകാശപ്പെട്ടതു കൊടുക്കുന്നതു നീതിയും.

ദൈവം നമ്മോടു കാണിച്ചതും നാം കാണിക്കാൻ മറക്കുന്നതും അതുതന്നെയാണ്. കരുണ. മനുഷ്യവംശത്തോടുള്ള അളവറ്റ കരുണയാൽ സ്വപുത്രനെ ബലികൊടുക്കാൻ തയ്യാറായ ദൈവത്തിന്റെ മഹാകരുണയെയും അതുവഴി നാം നേടിയെടുത്ത സ്വർഗഭാഗ്യങ്ങളെയും ഒരിക്കൽകൂടി ഓർമിക്കുമ്പോൾ കരുണയുടെ പുഴയിലേക്ക് നമുക്ക് നനഞ്ഞിറങ്ങാം.

പീഡാസഹനങ്ങളെ ഓർമിക്കുമ്പോൾ നമുക്കോരോരുത്തർക്കും സ്വയം ചോദിക്കാം: ഈ യാത്രയിൽ എവിടെയാണ് ഞാൻ? ഇതിൽ ആരാണ് ഞാൻ? പത്രോസോ യൂദാസോ പീലാത്തോസോ അതോ യോഹന്നാനോ ശിമയോനോ വേറോനിക്കയോ?


916 സ്വർണ്ണാഭരണങ്ങളുടെ പാലായിലെ അതിവിശാലമായ ഷോറൂം..!



മൂഴയിൽ ജൂവലറി
മെയിൻ റോഡ്, പാലാ,
Phone: 212498 , 211028

സഹോദരസ്ഥാപനം:
മൂഴയിൽ ബാങ്കേഴ്സ്
മാർക്കറ്റ് റോഡ്, OPP. സിവിൽസ്റ്റേഷൻ, പാലാ
ഫോൺ: 212269
100 രൂപയ്ക്ക് മാസം 1½ രൂപാ മാത്രം പലിശ

ബാലനോവൽ 3 രാമപുരം മണി

# ധനുമാസത്തിലെ പൗർണമി



പല്ലക്ക് താഴെയിറക്കിവച്ച് മെയ്‌വർണനനും കൈക്കരുത്തനും സൗമ്യശീലനും കുന്തവും വടിവാളുമായി ആ ഭീകരന്റെ സമീപത്തേക്കടുത്തു.

"ആരെടാ നീ, പിശാചോ രാക്ഷസനോ?"

"ഞാൻ രാക്ഷസപ്രവീണൻ... ആ തേരിലുള്ളതാര്? എനിക്കവളെ വേണം." രാക്ഷസപ്രവീണൻ അലറിക്കൊണ്ടു പറഞ്ഞു.

"രാജകുമാരിയും തോഴിമാരും പല്ലക്കിനകത്തുതന്നെ ഇരുന്നുകൊള്ളുക... ഞങ്ങളിവനെ ശരിയാക്കീട്ടു വരാം..."

"ഓ..." പേടിച്ചുവിറച്ചുകൊണ്ട് പല്ലക്കിനകത്തിരുന്ന ചെമ്പകവും ചാരുലതയും പ്രതിവചിച്ചു.

"എന്ത് നീങ്ക നമ്മളെ ശരിയാക്കപ്പോയോ... പരട്ടുപിള്ളേരെ വാ വാ...." പെട്ടെന്നു രാക്ഷസപ്രവീണൻ ആകാശം മുട്ടെ വളർന്നു. പല്ലക്കു ചുമന്നിരുന്ന രാജസേവകർ വളരെച്ചെറുതായി. രാക്ഷസൻ കുനിഞ്ഞ് അവരെ തന്റെ ഉള്ളം കൈയിൽ പെറുക്കിയെടുത്തു.

"കൊല്ലല്ലേ രാക്ഷസാ ഞങ്ങളെ.... തേരിനകത്ത് സത്യധർമരാജാവിന്റെ മകൾ സുഗന്ധിരാജകുമാരിയുണ്ട്. കുമാരിയുടെ രക്ഷയ്ക്കുവേണ്ടിയാണ് മല്ലന്മാരായ ഞങ്ങൾ തേരു ചുമന്നു കൂടെ വന്നത്. കൂടെയുള്ളതു കുമാരിയുടെ തോഴിമാരാണ്."

മനംമയക്കുന്ന മനുഷ്യമണം രാക്ഷസനെ ഉന്മത്തനാക്കുകയാണ്. വയർ കത്തിക്കാളുന്ന വിശപ്പ്...

"അങ്ങനെ നേരേ വാ മല്ലന്മാരെ... രാജകുമാരിയെ എനിക്കൊന്നു കാണണം...."

അതിനുമുമ്പേ... ഹൊ....ഈ മുടിഞ്ഞ വിശപ്പ്... രാക്ഷസപ്രവീണൻ വേഗം കൈനീട്ടി ഒരു തോഴിയെ പിടിച്ചു വായിലിട്ടു ചവച്ചുതിന്നു.

ജമന്തി. ജമന്തിപ്പൂപോലെ മനോഹരിയായ സുഗന്ധി രാജകുമാരിയുടെ തോഴി രാക്ഷസപ്രവീണന്റെ വയറ്റിലെത്തി. പേടിച്ചുവിറച്ചു നോക്കിനിൽക്കാൻ മാത്രമേ മല്ലന്മാർക്കു കഴിഞ്ഞുള്ളൂ.

"എനിക്കിത്തിരി പാനി വേണം.... വെള്ളം... വെള്ളം..." രാക്ഷസൻ അലറുന്ന ശബ്ദത്തിൽ പറഞ്ഞു.


"ഇപ്പോൾ തരാം..." അവർ ഉപയോഗിക്കാൻ കൊണ്ടുവന്നിരുന്ന വെള്ളം മുഴുവനും രാക്ഷസനു കൊടുത്തു.

വെള്ളം മുഴുവനും കുടിച്ചു കഴിഞ്ഞ് ആ വലിയ ചെമ്പുപോലെയുള്ള പാത്രം രാക്ഷസൻ കൈകൊണ്ടു ചളുക്കിപ്പൊടിച്ചു കളഞ്ഞു.

പുറത്തെന്താ ബഹളമെന്നറിയാൻ സുഗന്ധി രാജകുമാരിയും തോഴിമാരായ ചെമ്പകവും ചാരുലതയും തേരിനുള്ളിൽനിന്നു പുറത്തിറങ്ങി.

അതിവേഗം രാക്ഷസപ്രവീണൻ തന്റെ വേഷം മാറി ഒരു രാജകുമാരന്റെ വേഷം പൂണ്ടു.

ആരാണീ നിൽക്കുന്നത്? സുന്ദരകളേബരനായ ഒരു രാജകുമാരൻ. കുമാരി ആ യുവാവിന്റെ അടുത്തേക്കു വന്നു.



"ആരാണു നീ?"

"ഞാനൊരു രാജകുമാരൻ. മിഥിലരാജ്യത്തെ രാജകുമാരൻ. വേഷം മാറിയ രാക്ഷസപ്രവീണൻ പറഞ്ഞു.

"താങ്കൾ എന്തിനിവിടെ വന്നു?"

"നായാട്ടിന്."

"ഒറ്റയ്ക്കോ?" കുമാരി ചോദിച്ചു.

"എങ്ങോട്ടും ഒറ്റയ്ക്കു പോകുന്നതാണെനിക്കിഷ്ടം. നാം ഭൂമിയിൽ പിറക്കുന്നത് ഒറ്റയ്ക്കല്ലേ... അവസാനം മരിച്ച് ഈ ലോകം വിട്ടുപോകുന്നതും ഒറ്റയ്ക്കല്ലേ..." രാജകുമാരന്റെ വേഷം പൂണ്ട രാക്ഷസൻ പറഞ്ഞു.

"താങ്കൾ ആളുകൊള്ളാമല്ലോ. ബുദ്ധിമാൻ. ഞാനും ഇവിടെ നായാട്ടിനു വന്നതാണ്."

"രാജകുമാരിയുടെ പേരെന്ത്, നാടേത്, അച്ഛൻ, അമ്മ ഒക്കെ അറിഞ്ഞാൽക്കൊള്ളാം."

"ഞാൻ മന്ദരരാജ്യത്തെ സത്യധർമൻ രാജാവിന്റെയും സീമന്തിനി രാജ്ഞിയുടെയും പുത്രിയാണ്. പേര് സുഗന്ധി."

"മനോഹരമായ പേരും അതിമനോഹരമായ രൂപവും. എനിക്കു ഭവതിയെ വല്ലാതെ ഇഷ്ടപ്പെട്ടു."

സുഗന്ധിരാജകുമാരി ലജ്ജിച്ചു തലതാഴ്ത്തി. തോഴിമാർ ചാരുലതയും ചെമ്പകവും അടുത്തുതന്നെയുണ്ട്.

രാജസേവകരായ മല്ലന്മാർ രാക്ഷസരൂപം മാറിയ രാജകുമാരനെക്കണ്ട് അദ്ഭുതപ്പെട്ടുനിൽക്കേ കോമളകളേബരനായ യുവരാജകുമാരൻ ചോദിച്ചു:

"ഭവതിക്കെന്നെ ഇഷ്ടമായോ?"

"ഇഷ്ടമായി."

"എന്നെ കുമാരി കോമളകളേബരൻ എന്നു വിളിച്ചോളൂ."

"ശരി. ഇപ്പോൾ ഞങ്ങൾ നായാട്ടിനു പോകട്ടെ."

"അങ്ങനെയാകട്ടെ. ഇനിയും നമുക്കു കാണാം." കോമളകളേബരൻ പറഞ്ഞു.

ഉടനെതന്നെ ഒരലർച്ച കേട്ടു. രാക്ഷസൻ അപ്രത്യക്ഷനായതാണ്.

"കുമാരനെവിടെ?" രാജകുമാരി അദ്ഭുതപ്പെട്ടു.

"അദ്ദേഹം മറഞ്ഞുപോയി." തോഴിമാർ കിലുകിലെ ചിരിച്ചു.

*(തുടരും)*

കാർഷികം

# അന്യമാകുന്ന മുരിക്ക്

ജോഷി മുഞ്ഞനാട്ട്





മുള്ളുണ്ടെങ്കിലും നല്ല ഭംഗിയുള്ള ഒരു മരമാണ് മുരിക്ക്. പയർവർഗസസ്യങ്ങളുടെ കുടുംബമായ 'പാപിലിയോണേസി'യേയിൽപ്പെട്ട മുരിക്കിന്റെ ശാസ്ത്രീയനാമം 'എറിത്രൈന ഇൻഡിക്ക.' ഗ്രീക്കുഭാഷയിലെ എറിത്രോസ് എന്നതിൽനിന്നാണ് എറിത്രൈന എന്ന പേരു ലഭിച്ചത്. എറിത്രോസിന്റെ അർത്ഥം ചുവന്നത് എന്നാണ്. മുരിക്കിന്റെ ജന്മദേശം ഇന്ത്യയാണെന്നു കരുതപ്പെടുന്നു. തണലും പൂക്കളുടെ ഭംഗിയും കണക്കിലെടുത്ത് ചില രാജ്യങ്ങളിൽ ഇവ നട്ടുവളർത്താറുണ്ട്.

നമ്മുടെ നാട്ടിൽ ഉത്തമമായ താങ്ങുവൃക്ഷമെന്ന നിലയിലാണ് മുരിക്ക് അറിയപ്പെടുന്നത്. കുരുമുളകുചെടി, തിപ്പലി, വാനില, വെറ്റിലക്കൊടി തുടങ്ങിയ വിളകൾ പടർത്തുവാൻ ഏറ്റവും അനുയോജ്യമായ മരം.

കേരളത്തിലെ മണ്ണും കാലാവസ്ഥയും മുരിക്ക് വളരുവാൻ യോജിച്ചതാണ്. കമ്പുമുറിച്ചുവച്ച് നട്ടുവളർത്തുന്നതാണ് ഏറ്റവും ഉത്തമം. 6–7 സെ.മീ. വ്യാസവും 1–1.5 മീറ്റർ നീളവുമുള്ള കമ്പുകളാണ് നടാൻ ഉത്തമം. വിത്തു പാകിയും നടാം. കാലവർഷാരംഭത്തിൽ ഇവ നടാം. പ്രത്യേകിച്ച് വളപ്രയോഗം ആവശ്യമില്ലെങ്കിൽക്കൂടിയും ചാണകപ്പൊടി, കമ്പോസ്റ്റ് എന്നിവ അടിവളമായി ചേർത്ത് നടുന്നതാണ് ഉചിതം. നട്ട കമ്പുകളുടെ മുകൾഭാഗം ചീയാതിരിക്കുവാൻ പ്ലാസ്റ്റിക് കൂട് ഉപയോഗിച്ചു കെട്ടണം. കൂടാതെ, മഴക്കാലത്ത് മുരിക്കിന്റെ ചുവട്ടിൽ വെള്ളം കെട്ടിനിൽക്കുന്നതും ഒഴിവാക്കണം. വളർന്നുവരുന്ന കാലഘട്ടത്തിൽ കളയെടുപ്പു നടത്തുകയും ജൈവവളങ്ങൾ നൽകുകയും ചെയ്യാം.

നല്ല കാറ്റുള്ള സ്ഥലങ്ങളിൽ മുരിക്ക് വളർത്തി കാറ്റിന്റെ വേഗം നിയന്ത്രിക്കുക ഒരു രീതിയാണ്. പയർവർഗസസ്യങ്ങളിലെപ്പോലെ മുരിക്കിന്റെ വേരിൽനിന്നു മണ്ണിന് നൈട്രജൻ ലഭിക്കുന്നതിനാൽ തേയിലത്തോട്ടങ്ങളിലും മറ്റും കൃഷിസ്ഥലങ്ങളിലും മുരിക്ക് വളർത്താറുണ്ട്. വേലി കെട്ടുന്നതിനും മുരിക്ക് ഉത്തമം.

മാർച്ചു മാസം ആരംഭിക്കുന്നതോടെ മുരിക്കു പൂക്കാൻ തുടങ്ങും. സാധാരണ ചുവന്നപൂക്കളാണ് കാണപ്പെടുന്നതെങ്കിലും നിറവ്യത്യാസമുള്ളയിനം മുരിക്കുമരങ്ങളുമുണ്ട്.

മുരിക്കില നല്ലൊരു ജൈവവളമാണ്. മുയലുകൾക്കു പ്രിയപ്പെട്ട തീറ്റകൂടിയാണ്. മുരിക്കിന്റെ തടിക്ക് കട്ടി കുറവായതിനാൽ പായ്ക്കിങ് പെട്ടി, തീപ്പെട്ടിക്കൊള്ളി തുടങ്ങിയവ ഉണ്ടാക്കാൻ ഈ തടി ഉപയോഗിച്ചു വരുന്നു. മുരിക്കില ഔഷധാവശ്യത്തിനായും ഉപയോഗിക്കുന്നു.

ഈസ്റ്റർ – വിഷു ആശംസകൾ

മംഗളമുഹൂർത്തങ്ങൾക്ക്
തൃപ്തികരമായ വിഭവങ്ങളുമായി

തൃപ്തി
കേറ്ററിംഗ് സർവ്വീസ്
മേവട

Mobile : 9495165034, 9744741102

ഭക്ഷണപദാർത്ഥങ്ങൾ ഓർഡർ അനുസരിച്ച്
കൃത്യസമയത്ത് മിതമായ നിരക്കിൽ
എത്തിച്ചുകൊടുക്കുന്നു.



# കേരളത്തെ മദ്യഭ്രാന്താലയമാക്കരുത്

## കെ.സി.ബി.സി. മദ്യവിരുദ്ധസമിതി ചെയർമാൻ
## യൂഹാനോൻ മാർ തെയഡോഷ്യസ്



കൊച്ചി: സർക്കാരിന്റെ വിനാശകരമായ മദ്യനയത്തെ കേരള കത്തോലിക്കാസഭയും പൊതുസമൂഹവും നഖശിഖാന്തം എതിർക്കുന്നുവെന്ന് കെ.സി.ബി.സി. മദ്യവിരുദ്ധസമിതി ചെയർമാൻ ബിഷപ് യൂഹാനോൻ മാർ തെയഡോഷ്യസ്. അത്യന്തം വിനാശകരമായ മദ്യനയത്തിൽനിന്ന് സർക്കാർ പിന്മാറണം.

വകതിരിവും വിവേചനവുമില്ലാത്ത ഒരു സമീപനമാണ് ഇപ്പോൾ സർക്കാർ സ്വീകരിച്ചിരിക്കുന്നത്. ഒരു തലമുറയുടെ ജീവനും സ്വത്തിനും ആരോഗ്യത്തിനും പുല്ലുവില കൊടുക്കുന്ന സമീപനമാണിത്. മദ്യാസക്തിയിലേക്കു ജനത്തെ തള്ളിവിടുന്ന ഈ സംസ്കാരത്തെ നവോത്ഥാനം എന്ന് എങ്ങനെ പേരു വിളിക്കാൻ കഴിയും? വീടുകളും തൊഴിലിടങ്ങളും മദ്യശാലകളായാൽ ഈ നാടെങ്ങനെ രക്ഷപ്പെടും? സുബോധം നഷ്ടപ്പെട്ടവരെക്കൊണ്ടു സൃഷ്ടിക്കേണ്ട ഒന്നാണോ കേരളത്തിന്റെ നവോത്ഥാനം?

സംസ്ഥാനം നിക്ഷേപസൗഹൃദമാക്കാൻ കുടിയന്മാരെ സൃഷ്ടിക്കുക എന്നതു ബാലിശമായ ചിന്താഗതിയാണ്. മൂല്യബോധമുള്ള ഒരു വ്യക്തിക്കും ഈ ആശയത്തെ സാധൂകരിക്കാനാവില്ല. പഴവർഗങ്ങളിൽനിന്നുള്ള മദ്യോത്പാദനം സാവകാശം വിഷം കുത്തിവയ്ക്കുന്ന കുത്സിതോപായമാണ്. സ്ത്രീകളെയായിരിക്കും ഇത്തരം വീര്യംകുറഞ്ഞ മദ്യം ദുരന്തമായി ബാധിക്കുക. മദ്യവും ലഹരിയും മൂലം കുടുംബത്തിനും സമൂഹത്തിനും ഉണ്ടാകുന്ന നാശനഷ്ടങ്ങളും അവ ഉണ്ടാക്കുന്ന ദുരന്തങ്ങളും കാണാൻ സർക്കാരിനു കാഴ്ച നഷ്ടപ്പെട്ടിരിക്കുന്നു. മദ്യലോബികളുടെ പ്രീണനത്തിനു വഴിപ്പെട്ട് കേരളത്തെ മദ്യഭ്രാന്താലയമാക്കരുത്. പിടിച്ചെടുക്കുന്ന ലഹരിസാധനങ്ങൾ എവിടെയാണെന്നതിന് ജുഡീഷ്യൽ അന്വേഷണവും നടത്തേണ്ട കാലം അതിക്രമിച്ചിരിക്കുന്നു.

ആവശ്യമായ കൂടിയാലോചനകൾ നടത്തി കേരളസർക്കാരിന്റെ മദ്യനയത്തിൽ സമൂലമാറ്റം ഉണ്ടാക്കണമെന്ന് കേരളകത്തോലിക്കാസഭയിലെ 32 രൂപതകളും സുമനസ്സുകളും ഐകകണ്ഠ്യേന ആവശ്യപ്പെടുന്നു. അല്ലാത്തപക്ഷം വ്യാപകമായ പ്രതിഷേധം ഈ വിഷയത്തിൽ ഉണ്ടാകുമെന്നും മാർ തെയഡോഷ്യസ് പറഞ്ഞു.

കവിത

## നേരറിയാത്തോർ

സുഗത ജി. നൂറനാട്

വീണ്ടുമെത്തീ വിഷുക്കാലമോർമയിൽ
പൂത്തുലഞ്ഞിതാ കൊന്നയാം പൂമരം
ആർക്കുവേണ്ടിയോ പൂക്കുന്നു കായ്ക്കുന്നു
കാത്തിരുപ്പിന്നറുതിയില്ലാത്തപോൽ!

പാട്ടുനിർത്താതാ പൂമരക്കൊമ്പിലെ,
നേർത്തശാഖിതന്നോരത്തു, ചേർന്നിതാ-
പാടിടുന്നൂ, വിഷുപ്പക്ഷി പിന്നെയും,
കാതിനുൾത്തുടിപ്പോടെയീ വേളയിൽ

അകലെയെരിയുന്നു, കനലായി ജന്മങ്ങൾ
അറുതിയില്ലാതെ നെട്ടോട്ടമോടുന്നൂ
'യുദ്ധം'- എന്നുമൊരോമനപ്പേരായി
ഹൃത്തടങ്ങളിൽ തട്ടിത്തെറിക്കുന്നൂ!

നാടുചുറ്റീം നഗരങ്ങൾ ചുറ്റിയും
ഈ വഴിയോരം തിങ്ങിനിറയ്ക്കുവോർ
ആരിവർ? 'അഭയാർത്ഥി'കൾ
'നേരറിയാത്തോർ' പകച്ചങ്ങുനിൽക്കുന്നൂ.

### അറിയിപ്പ്

ഈസ്റ്റർ പ്രമാണിച്ച് ഓഫീസ് അവധിയായതിനാൽ അടുത്തയാഴ്ച ദീപനാളം പ്രസിദ്ധീകരിക്കുന്നതല്ല.

- പത്രാധിപർ



# അന്ത്യാറക്കുന്നിലെ പൊക്കമില്ലാത്ത പെണ്ണുങ്ങൾ



നിഷ ആന്റണി

തുരുത്തിക്കാട്ടിൽ കുഞ്ഞന്നച്ചേടത്തിയാണ് വെളുപ്പാൻകാലത്ത് കണ്ണുതിരുമ്മിത്തെളിച്ചു മഞ്ഞിന്റെ പാട മാറ്റി ആ കാഴ്ചയെ ആദ്യം കണ്ടത്.

തണുത്ത കാറ്റിറങ്ങി വീശുന്ന അന്ത്യാറക്കുന്നിന്റെ താഴ്‌വാരത്തുള്ള ചെന്നിറം മേഞ്ഞ മൺറോഡിലൂടെ പരിചയമില്ലാത്ത ശരീരഭാഷയിൽ ഒരാൾ പതിയെ നടന്നുനീങ്ങുന്നു.

കുഞ്ഞന്ന ആദ്യം ചെന്ന് കെട്ട്യോനെ നോക്കി.

ഭാഗ്യം, അതിയാനല്ല.

പുതപ്പിനടിയിൽ മൊതല് ഭദ്രമാണ്.

പിന്നെ ആരായിരിക്കും?

ആലോചിച്ചിരിക്കുന്ന നേരത്ത് പള്ളീൽ ഒന്നാം മണി അടിച്ചു. കുർബാനയ്ക്കു വരുന്നോരു വല്ലോം ആണോ? അന്ത്യാറക്കുന്നിലെ ക്രിസ്ത്യാനികളെ എല്ലാം കുഞ്ഞന്നയ്ക്കറിയാം.

കോതങ്കൽ മാണി. വെട്ടുകാട്ടിൽ ഔസേപ്പ്. മുരിക്കപ്ലാക്കൽ കുട്ടായി. ലോട്ടറി അവറാൻ. കുമ്പൂക്കര തോമ. കൊളായി പാപ്പച്ചൻ. പിന്നെ കുഞ്ഞന്നയുടെ കെട്ട്യോൻ തുരുത്തിക്കാട്ടിൽ പൊന്നച്ചനും. ഇത്രയും പേരാണ് അന്ത്യാറക്കുന്നിന്റെ താഴ്‌വാരത്ത് താമസമാക്കിയവർ.

ദിവസവും രാവിലെ കട്ടനും കുടിച്ച്, ലൈറ്റും മിന്നിച്ച് ഇടയ്ക്ക് തൊണ്ട പറിച്ച് കാർക്കിച്ചു തുപ്പി അന്ത്യാറക്കുന്നിലെ റബർത്തോട്ടത്തിലേക്കു പുറപ്പെടുന്നവർ.

റബറുവെട്ട്. ഒട്ടുപാൽ പറിക്കൽ. പാലെടുക്കൽ. ഒറയൊഴിക്കൽ. ഷീറ്റടി.

ഇത്യാദി കർമങ്ങൾക്കു ശേഷം കുന്നിഞ്ചോട്ടിലുള്ള പൂമരുതിന്റെ തണലിലിരുന്ന് കൊതുകുപാട്ടിന്റെ താളത്തിനൊപ്പം രണ്ടെണ്ണം അടിച്ച് തണുപ്പിന്റെ ഈർച്ച മാറ്റി ഒട്ടുപാലിന്റെ മുശുക്കു മണവുമായി അവർ പാട്ടും പാടി കുന്നിറങ്ങും.

ഞായറാഴ്ചയായതു കാരണം റബറുവെട്ടില്ല. മൂടിപ്പുതച്ചുറങ്ങുന്ന സമയമാണ് മേൽപ്പറഞ്ഞ വീരൻമാരെല്ലാം.

എന്നിട്ടും ആരാണപ്പാ...

ഈ പെലകാലേ മഞ്ഞും കൊണ്ട്....

മരിച്ചുപോയ മാടായി ജോസിന്റെ ആത്മാവെങ്ങാൻ എറങ്ങിനടക്കാൻ തൊടങ്ങീതാണോ ആവോ?

അറിഞ്ഞിട്ടുതന്നെ കാര്യം?

കുഞ്ഞന്ന അന്നത്തെപള്ളീൽ പോക്ക് ഒന്നാം കുർബാനയിൽനിന്ന് രണ്ടാംകുർബാനയിലേക്കു മാറ്റിവച്ചു.

ഇടിപിടീന്ന് കുഞ്ഞന്ന കെട്ട്യോനെയും വലിച്ചുകൂട്ടി അന്ത്യാറക്കുന്നിലേക്കു പുറപ്പെട്ടു.

രണ്ടിലൊന്നറിയണം. കയറ്റത്തിലേക്ക് ആഞ്ഞുനടക്കുമ്പോൾ കുഞ്ഞന്നയെ അലട്ടിയിരുന്ന ചിന്ത യാഥാർത്ഥ്യമായി.

ഉദയം പെയ്തു വീണ മരങ്ങൾക്കിടയിലൂടെ മരിച്ചുപോയ മാടായി ജോസിന്റെ ഭാര്യ മേരി റബർമരങ്ങളുടെ പച്ചഞരമ്പുകൾക്കിടയിലേക്ക് കത്തി കയറ്റുന്നു.

എന്റെ ഈശോയേ....

എവളിതെന്നാ ഭാവിച്ചാ....?

ഡീ... മേര്യേയ്, കെട്ട്യോൻ മരിച്ച് നാല്പത്തിയൊന്നു തെകയുംമുന്നേ എന്നാ വിചാരിച്ചാടീ പറമ്പിലോട്ടിറങ്ങിയേക്കണത്?

ചോദ്യം കേട്ട മേരി തിരിഞ്ഞൊന്നു നോക്കി.

സൂര്യവെളിച്ചം മേരിയുടെ മുഖത്തും എളിയിലും തട്ടി മിന്നിച്ചിതറി പരക്കുന്നു.

എന്നാ സുന്ദരിയാന്നോ പെണ്ണ്!

കുഞ്ഞന്ന മനസ്സുകൊണ്ട് ഓർത്തു.

പൊന്നച്ചനെ ഒപ്പം കൂട്ടണ്ടായിരുന്നു.

അപ്പോ എവളല്ലേ റോഡിലൂടെ നടന്നുപോയത്?

അതാരാണ്?

ഓരോന്നോർത്തോണ്ടിരിക്കെ മേരിയുടെ ശബ്ദം കേട്ടു.

പറമ്പിലോട്ടിറങ്ങാതെ പിന്നെങ്ങനാ? മക്കടെ വയറ്റിലോട്ട് തന്നത്താൻ എന്നായേലും എറങ്ങിച്ചെല്ലോ കുഞ്ഞന്നാമ്മച്ചി?

പൊട്ടിവീഴാറായ നാരിന്റെ ഒറ്റത്തു കത്തി കയറ്റി വലിച്ചെടുത്ത ഒട്ടുപാൽവള്ളികൾ കൊട്ടയിലേക്കിട്ട് മേരി പറഞ്ഞു.

വല്ല പണിക്കാരേം നിർത്തിച്ച് ചെയ്യിക്കാനുള്ളതിന് നീ എന്നാ വിചാരിച്ചോണ്ടാ പെണ്ണേ...? അതും ഈ ഞായറാഴ്ച.

ഒടേതമ്പ്രാന് എല്ലാ ദിവസവും ഒരുപോലെയല്ലേ കുഞ്ഞന്നാമ്മച്ചീ. ഞായറാഴ്ച കർത്താവിന്റെ ദെവസമായതുകൊണ്ട് ഇന്നുതന്നെ തൊടങ്ങാന്നു വെച്ചു.

അതിനിടയിലാണ് പൊന്നച്ചൻ അറിയാതൊരു ചോദ്യം ചോദിച്ചത്.

ഞാൻ സഹായിക്കണോ?



അതോടെ ഒന്നാം ലോകമഹായുദ്ധം അന്ത്യാറയിൽ ആരംഭിച്ചു.

എത്ര ചുരുട്ടി ഒളിപ്പിച്ചുവെച്ചാലും വെളിച്ചം വിതറണ പെണ്ണ്. പെരയ്ക്കു പൊറത്തിറങ്ങാൻ മാടായി സമ്മതിക്കാത്ത മൊതലാ ഇപ്പോ റബറ് വെട്ടിത്തെളിക്കുന്നത്.

വീട്ടിലേക്കുള്ള നടത്തത്തിനിടയിൽ കുഞ്ഞന്നയുടെ പെരുവിരൽ കല്ലിൽ തട്ടി മുറിഞ്ഞു. തൊലി തുറന്ന് ചോര വന്നതും കല്ലിൽ പുരണ്ടതുമൊന്നും കുഞ്ഞന്ന അറിഞ്ഞില്ല.

അന്ന് രണ്ടാം കുർബാനയ്ക്കുശേഷം വീട്ടിലേക്കു നടക്കുംവഴി കുഞ്ഞന്ന അന്ത്യാറക്കുന്നിലെ ടാപ്പിങ് തൊഴിലാളികളുടെ ഭാര്യമാരുടെ യോഗം വിളിച്ചു.

തേ...

ഞാനൊരു കാര്യം പറയാം.

അടഞ്ഞ കാടും, മുടിഞ്ഞ സൗകര്യവുമാ അന്ത്യാറേല്. അത് അത്ര നല്ലതല്ലാന്ന് കാർന്നോൻമാര് പറഞ്ഞു ഞാൻ കേട്ടിട്ടുണ്ട്. രാവിലെ തോട്ടത്തിലേക്ക് നമ്മടെ കെട്ട്യോൻമാര്ടെ കൂടെ ലൈറ്റും മിന്നിച്ച് മേരി പോണത് അത്ര വെടിപ്പല്ലാട്ടോ....

പുല്ലുകൾ ചെത്തിക്കോരി വൃത്തിയാക്കിയ മുറ്റത്തിനരികെയുള്ള അമ്മച്ചിപ്ലാവിന്റെ ചുവട്ടിലിരുന്ന് മേരിക്കെതിരേയുള്ള യുദ്ധത്തിന്റെ വിജയസാധ്യതകളെക്കുറിച്ച് ഏഴു പെണ്ണുങ്ങളും കൊടുമ്പിരിക്കൊണ്ടു.

എന്നാൽ, മേരിയുടെ പുതിയ നീക്കത്തെ വൻ ഉത്സാഹത്തോടെയാണ് അച്ചായപ്പട എതിരേറ്റത്. ആരും വിളിക്കാതെതന്നെ അവർ രാവിലെ ഉണർന്നു റബറുവെട്ടിനു പോയിത്തുടങ്ങി.

കുന്നിൻമുകളിലേക്കു കയറിപ്പോകുന്ന ഏഴു ദുർബലരെ നോക്കി അഞ്ചുനിലാവെളുപ്പില് പെമ്പ്രന്നോത്തികൾ മുട്ടിമ്മേനിന്നു പ്രാർത്ഥിച്ചു.

അന്ത്യാറേല് മേരിയുടെ ലൈറ്റും, മറ്റേതെങ്കിലും ലൈറ്റും തമ്മിൽ കൂട്ടിയടിക്കുന്നുണ്ടോ എന്നറിയാൻ കുന്നിഞ്ചോട്ടില് ഏഴു പെണ്ണുങ്ങള് കണ്ണുംനട്ടിരുന്നു.

വെയിൽ മൂക്കുംമുന്നേ തിരിച്ചെത്തുന്ന ആമ്പ്രന്നോന്മാരുടെ ശരീരത്തില് ചിലർ കണ്ണുകൊണ്ട് ചികച്ചിൽ നടത്തി. ചിലരുടെ വീട്ടിൽ ഇരുട്ടും മുന്നേ സ്നേഹം പുകയാൻ തുടങ്ങി. മറ്റു ചിലർ റബർക്കുന്നിലേക്കു പോകാതിരിക്കാൻ വീണ്ടും കെട്ട്യോൻമാരെ പായിലേക്കു വലിച്ചിട്ടു.

എന്തൊക്കെത്തന്നെ സംഭവിച്ചെങ്കിലും ആകെമൊത്തം ടോട്ടൽ തുക എന്നു പറയുന്നത് ടാപ്പിങ് മേഖലയെ സംബന്ധിച്ചിടത്തോളം നേട്ടം മാത്രമാണെന്ന് ന്യൂ ജനറേഷൻ വിത്തായ മുരിക്കപ്ലാക്കൽ കുട്ടായിയുടെ മകൻ ജാക്ക് കണ്ടെത്തി.

തന്റെ വർത്തമാനചരിത്രത്തില് ജാക്ക് അതു രേഖപ്പെടുത്തുകയും ചെയ്തു.

അമ്മച്ചി കണ്ടോ, മേരിമ്മാമ വെട്ടാൻ ഇറങ്ങ്യേപ്പിന്നെ ചാച്ചന് എന്നാ സന്തോഷവാന്ന് നോക്ക്യേ.

ഇതാ പറയുന്നത് എല്ലാ മേഖലകളിലും സ്ത്രീപുരുഷ അനുപാതം ഉറപ്പുവരുത്തണമെന്ന്. എന്നാലേ വികസനം പെട്ടെന്നുണ്ടാവൂ...

പെരടിക്ക് രണ്ട് അടി കിട്ടിയതോടെ ജാക്ക് മേലാൽ അത്തരം സ്ത്രീപുരുഷ അനുപാതങ്ങളുടെ ആവശ്യകതയെക്കുറിച്ച് സംസാരിച്ചില്ല.

പല രാപകലുകളും തങ്ങൾക്കു സംഭവിച്ച ദുർഗതിയെ ഓർത്തുള്ള പഴിപറച്ചിലുകൾ പെണ്ണുങ്ങൾ തുടർന്നു. ഭർത്താക്കൻമാരുടെ പെട്ടെന്നുള്ള ഉത്സാഹക്കൂടുതൽ നേരും നെറിവും ഉള്ള ആ ഭാര്യമാർക്കു സഹിച്ചില്ല.

അമ്മച്ചിപ്ലാവിലെ ഇടിച്ചക്കകൾ മുഴുവൻ സ്ത്രീകളുടെ കുന്നായ്മ കേട്ട് ഞെട്ടറ്റു വീണു.

അടുപ്പേല് മീങ്കറീം തോരനും ആവുമ്പോഴേക്കും വീടിന്റെ പടി കേറണ മനുഷ്യനാ... ഇപ്പ ഒരു മണി ആയാലും കുടുമ്മത്ത് എത്തുന്നില്ല. കുഞ്ഞന്ന മൂക്കു പിഴിഞ്ഞു.

അതല്ലേലും സത്യാ കുഞ്ഞന്നേ... കഞ്ഞീം വാർത്ത് പശൂനേം മാറ്റിക്കെട്ടി ഞാൻ പെരയ്ക്കാത്ത് കേറുമ്പോഴേക്കും ചോറ് വെളമ്പടീന്നു പറയണ മനുഷ്യനാ. ഉച്ചയായാലും അതിയാനു വെശപ്പില്ല.

റോസക്കുട്ടി കുഞ്ഞന്നയുടെ ചിന്തകളുടെ മേൽ മുളകരച്ചു തേച്ചു.

പലരുടെ തോന്നൽ പലവഴി സഞ്ചരിച്ച് ഒരു വഴിയിൽ കയറി ഒരുമിച്ചു നടന്ന് ഇടവകയിലെ വികാരിയച്ചന്റെ പക്കലെത്തി.

കണ്ണിക്കടി മൂത്തു വിളഞ്ഞ ഏഴു കൂപമണ്ഡൂകങ്ങളുടെ വിലാപത്തിൽ വികാരിയച്ചൻ സ്വർഗസ്ഥനായ പിതാവേ എന്നാഞ്ഞു വിളിച്ചു.

അച്ചോ, എന്നാ പറഞ്ഞാലും ഈ അന്ത്യാറക്കുന്നിന് ഒരു പാരമ്പര്യമുണ്ട്.

കാർന്നോൻമാരായിട്ട് അവിടെ ആണുങ്ങള് മാത്രമേ റബറു വെട്ടാൻ പോകത്തുള്ളൂ. പതിവു തെറ്റിച്ച് പെണ്ണൊരുത്തി കേറ്യാ ഒടേമ്പ്രാൻ പൊറുക്കുവോന്ന് ഞങ്ങക്കറിയാൻമേല.

ഇപ്പോത്തന്നെ എവള് വെട്ടാമ്പോണതറിഞ്ഞ് പെലകാലേ പലരും തോട്ടത്തിക്കൂടി പോകുന്നത് കാണാം. അതിലൂടെ വഴിയുണ്ടെന്നും വച്ച് നേരോം കാലോം തെറ്റിയുള്ള പോക്കൊക്കെ ശരിയാണോ അച്ചോ?

കുറെ നേരത്തെ കത്തലുകൾക്കും, തൊങ്ങലുകൾക്കുംശേഷം അച്ചൻ പെങ്കൂട്ടത്തിനുനേരേ തിരിഞ്ഞ് വിധി പ്രസ്താവിച്ചു.

ഒരു കാര്യം ചെയ്യ്.

ഇനിമുതൽ മേരി റബ്ബർ വെട്ടാൻ പോകണമെന്നില്ല.

പിന്നെ....

ഏഴു കണ്ണുകളും അച്ചനുനേരേ തള്ളിത്തെറിച്ചു.

നിങ്ങളിൽ ഒരോരുത്തരുടെയും കെട്ട്യോൻമാർ ദെവസോം മേരീടെ വീതത്തിലെ റബ്ബറുംകൂടി വെട്ടി മേരിയെ സഹായിക്കട്ടെ.

അങ്ങനെ ഈശോമിശിഹാ നിങ്ങളെ ധാരാളം അനുഗ്രഹിക്കട്ടെ എന്നും പറഞ്ഞ് അച്ചൻ രണ്ടാം കുർബ്ബാനയ്ക്ക് അൾത്താരയിലേക്കു നടന്നു.




**ഏപ്രിൽ 17**
**ഉയിർപ്പുകാലം**
**ഒന്നാം ഞായർ**

എസെ 37 : 1-10
ശ്ലീഹ 2 : 22-28
1 കോറി 15 : 12-22
യോഹ 20 : 1-10

# പ്രത്യാശയുടെ ദൈവശാസ്ത്രം



**ഡോ. ഫ്രാൻസീസ് പിട്ടാപ്പിള്ളിൽ**


രക്ഷാകരരഹസ്യങ്ങളുടെ അടിസ്ഥാനവും ക്രൈസ്തവവിശ്വാസത്തിന്റെ മൂലക്കല്ലുമാണ്, ക്രൂശിതനായ മിശിഹാ കല്ലറകളെ ഭേദിച്ച് മൂന്നാം ദിവസം ഉയിർത്തെഴുന്നേറ്റു എന്ന സത്യം. മിശിഹായുടെ ഉയിർപ്പ് സൃഷ്ടപ്രപഞ്ചത്തിനു മുഴുവൻ പുതുജീവൻ നല്കുന്നതും മനുഷ്യകുലത്തെ പ്രത്യാശയിലേക്കു നയിക്കുന്നതുമാണ്. പഴയനിയമപ്രവചനങ്ങളും ഈശോയുടെ ജനനവും ജീവിതവും പീഡാസഹനവും കുരിശുമരണവുമെല്ലാം ഈസ്റ്ററിനെ ലക്ഷ്യമാക്കിയാണ് നീങ്ങിക്കൊണ്ടിരുന്നത്. മരിച്ചവരിൽ നിന്നു ഉയിർത്തെഴുന്നേറ്റില്ലായിരുന്നുവെങ്കിൽ ഈശോയുടെ ജനനവും ജീവിതവും കുരിശുമരണവുമെല്ലാം ചരിത്രസംഭവങ്ങളായി മാത്രം അവശേഷിക്കുമായിരുന്നു. എന്നാൽ, ഈശോ മരിച്ചവരിൽനിന്ന് മൂന്നാം ദിവസം ഉയിർത്തതുകൊണ്ടാണ് ഇവയ്ക്കെല്ലാം രക്ഷാകരമാനവും മൂല്യവും കൈവന്നത്. ഉത്ഥാനത്തിന്റെ പ്രകാശത്തിൽനിന്നുകൊണ്ട് കാലിത്തൊഴുത്തിലേക്കും കാൽവരിയിലേക്കും ദൃഷ്ടികൾ പായിക്കുമ്പോഴാണു രക്ഷാകരപദ്ധതിയുടെ ആഴവും അർത്ഥവും നമുക്കു മനസ്സിലാകുന്നത്.

പ്രത്യാശയുടെ സന്ദേശം നല്കുന്ന ദൈവവചനഭാഗങ്ങളാണ് ഉയിർപ്പുകാലം ഒന്നാം ഞായറാഴ്ച സഭാസമൂഹം ധ്യാനവിഷയമാക്കുന്നത്. ഉയിർപ്പുതിരുനാളിൽ അസ്ഥികളുടെ താഴ്വരയെക്കുറിച്ചുള്ള എസെക്കിയേൽ പ്രവാചകന്റെ ദർശനം വളരെ അർത്ഥപൂർണമാണ്. താഴ്വാരത്തിൽ ചിതറിക്കിടന്ന അസ്ഥികൾക്കു ദൈവം ജീവൻ നല്കുന്നു. ഇസ്രായേൽജനം നിർജീവമായ അവസ്ഥയിൽനിന്നു പഴയ മഹത്ത്വത്തിലേക്കു തിരിച്ചുവരും എന്ന പ്രത്യാശയാണ് ഒന്നാം വായന നല്കുന്നത്. ഉത്ഥിതനായ മിശിഹായിലൂടെ സകലജനത്തിനും കരഗതമാകുന്ന ഉയിർപ്പിന്റെ മുൻകുറിയാണിവിടെ കാണുക.

പന്തക്കുസ്താനുഭവത്തിനുശേഷമുള്ള പത്രോസ്ശ്ലീഹായുടെ പ്രഥമപ്രസംഗം ഈശോയുടെ പീഡാനുഭവ കുരിശുമരണോത്ഥാനരഹസ്യങ്ങളെക്കുറിച്ചായിരുന്നു. മിശിഹായുടെ ഉയിർപ്പ് ദൈവികപദ്ധതിയുടെ പൂർത്തീകരണമാണെന്ന് യഹൂദരുടെ മുമ്പിൽ പത്രോസ് സധൈര്യം പ്രഘോഷിക്കുന്നു. അതിന് ഉപോദ്ബലകമായി 16-ാം സങ്കീർത്തനം 8 മുതൽ 11 വരെയുള്ള വാക്യങ്ങൾ ശ്ലീഹാ ഉദ്ധരിക്കുന്നു. മിശിഹാ മരിച്ചവരിൽനിന്ന് ഉത്ഥാനം ചെയ്തത് ദൈവികപദ്ധതിയനുസരിച്ചായിരുന്നുവെന്നു പത്രോസ് വ്യക്തമാക്കുന്നു.

ക്രൈസ്തവവിശ്വാസത്തിന്റെ അടിത്തറ മിശിഹായുടെ ഉത്ഥാനമാണെന്ന് പൗലോസ്ശ്ലീഹാ കോറിന്തോസിലെ സഭയെ അസന്ദിഗ്ധമായി പഠിപ്പിക്കുന്നു. അതുപോലെതന്നെ, മിശിഹായുടെ ഉയിർപ്പു നല്കുന്ന എറ്റവും വലിയ ഉറപ്പ്, മിശിഹായിൽ മരിക്കുന്ന എല്ലാവരും ഉയിർപ്പിക്കപ്പെടും എന്നതാണ്. മനുഷ്യവർഗത്തിന്റെയും സമസ്തലോകത്തിന്റെയും രക്ഷ മിശിഹായുടെ ഉയിർപ്പിലൂടെ യാഥാർത്ഥ്യമായെന്ന് പൗലോസ്ശ്ലീഹാ വ്യക്തമാക്കുന്നു.

ഈശോയുടെ ഉത്ഥാനത്തെക്കുറിച്ചാണ് യോഹന്നാൻ സുവിശേഷകനും നമ്മോടു പറയുന്നത്. ഈശോയുടെ ഉത്ഥാനത്തിനുള്ള ഏറ്റവും ശക്തമായ തെളിവായി പുതിയ നിയമം എടുത്തുകാണിക്കുന്നത് ശൂന്യമായ കല്ലറയാണ്. മഗ്ദലനമറിയം ആഴ്ചയുടെ ഒന്നാം ദിവസം അതിരാവിലെ ഇരുട്ടായിരിക്കുമ്പോൾത്തന്നെ ശവകുടീരത്തിന്റെ സമീപത്തേക്കു പോകുന്നു. അവിടെയെത്തിയപ്പോൾ ശവകുടീരത്തിന്റെ കല്ലു മാറ്റപ്പെട്ടിരിക്കുന്നതുകണ്ട് അവൾ സംഭ്രമിച്ചുപോയി. എങ്കിലും, മനോധൈര്യം കൈവിടാതെ അവൾ ഉടനെ ഓടി പത്രോസിനെയും യോഹന്നാനെയും കാര്യം അറിയിച്ചു. കല്ലറയിലേക്കു കുനിഞ്ഞുനോക്കിയ യോഹന്നാനും, ഇറങ്ങിനോക്കിയ പത്രോസും മറിയം സാക്ഷ്യപ്പെടുത്തിയതുപോലെ ശൂന്യമായ കല്ലറയും ഈശോയുടെ ശരീരം പൊതിഞ്ഞ കച്ചയും തലയിൽ കെട്ടിയിരുന്ന തൂവാലയും മാത്രമേ കണ്ടുള്ളൂ. കല്ലറയുടെ കല്ല് മാറ്റപ്പെട്ടിരിക്കുന്നു എന്നതും അവർ കല്ലറയിൽ പ്രവേശിച്ച് കണ്ടുവിശ്വസിച്ചു എന്നതും നിയമത്തിൽ മറയപ്പെട്ടിരുന്ന രഹസ്യം മാറ്റപ്പെടുന്നതിനെയും ദൈവികവെളിപാടിനെയും സൂചിപ്പിക്കുന്നുവെന്ന് വിശുദ്ധ ബീഡ് വ്യാഖ്യാനിച്ചിട്ടുണ്ട്. പാപം ചെയ്ത് തിരസ്കൃതനാകുന്നതിനു മുമ്പ് ആയിരുന്നതുപോലെ, വസ്ത്രത്തിന്റെ മറകൂടാതെ ആദത്തിനു പറുദീസായിൽ പ്രവേശിക്കുന്നതിനുവേണ്ടിയാണ് അവിടുന്ന് കല്ലറയിൽ വസ്ത്രം ഉപേക്ഷിച്ചതെന്നു പൗരസ്ത്യസുറിയാനി സഭാപിതാവായ മാർ അപ്രേം പ്രസ്താവിക്കുന്നു.



ഈശോയുടെ ശരീരം ശിഷ്യന്മാർ മോഷ്ടിച്ചുകൊണ്ടുപോയി എന്ന വാദത്തെ പൗരസ്ത്യസഭാപിതാവായ മാർ നർസായി 'ഉത്ഥാനഞായർ' എന്ന തന്റെ പ്രസംഗത്തിൽ ശക്തിയുക്തം എതിർക്കുന്നുണ്ട്. ഭീരുക്കളും ഭയചകിതരുമായിരുന്ന ശിഷ്യന്മാർ സർവസന്നാഹങ്ങളുമായി നില്ക്കുന്ന കാവൽക്കാരെയും സാമാന്യഗതിയിൽ ഉരുട്ടിമാറ്റാനാവാത്ത വലിയ കല്ലുകൊണ്ടടച്ച് മുദ്രവച്ചതുമായ കല്ലറയിൽനിന്ന് ഈശോയുടെ ശരീരം മോഷ്ടിക്കാൻ തുനിയുമോ? അഥവാ, ഈശോയെ ശിഷ്യന്മാർ മോഷ്ടിച്ചുകൊണ്ടുപോയെങ്കിൽ, അവന്റെ ശരീരം പൊതിഞ്ഞിരുന്ന കച്ച മാത്രം അഴിച്ചുവയ്ക്കാനായി ശിഷ്യന്മാർ കല്ലറയിൽ സമയം ചെലവഴിക്കുമോ? ഈശോയുടെ തലയിൽ കെട്ടിയിരുന്ന തൂവാല കച്ചയോടുകൂടെയല്ലാതെ തനിച്ച് ഒരിടത്ത് ചുരുട്ടിവയ്ക്കാനാണോ (യോഹ 20:5-7) ഇരുളിൽ ഓടി മറയാനാണോ ശിഷ്യന്മാർ ശ്രമിക്കുകയെന്ന് മാർ നർസായി ചോദിക്കുന്നു. പടയാളികളോ ഈശോയുടെ ശത്രുക്കളോ ശരീരം മോഷ്ടിച്ചുവെന്നു കരുതാനാവില്ലെന്നും മാർ നർസായി പറയുന്നു. കാരണം, ഈശോയുടെ ശരീരം കല്ലറയിൽത്തന്നെ ഉണ്ടാകണമെന്നത് മറ്റാരെയുംകാൾ അവരുടെ ആവശ്യമായിരുന്നല്ലോ.

ശൂന്യമായ കല്ലറ കണ്ട് പത്രോസും യോഹന്നാനും മടങ്ങിപ്പോയെങ്കിലും, മഗ്ദലനമറിയം തിരിച്ചുപോകാൻ കൂട്ടാക്കിയില്ല. അവൾ കല്ലറയ്ക്കു വെളിയിൽ കരഞ്ഞുകൊണ്ടിരുന്നു. മറിയം തന്റെ വേദനയുടെ ആധിക്യവും പരിഭവത്തിന്റെ ആഴവും കല്ലറയുടെ ഇരുവശത്തുമായി നിലയുറപ്പിച്ചിരുന്ന ദൂതന്മാരുമായി പങ്കുവയ്ക്കുന്ന വേളയിലാണ് ഉത്ഥിതൻ പ്രത്യക്ഷപ്പെട്ട് ഉത്ഥാനരഹസ്യത്തെക്കുറിച്ച് മറ്റുള്ളവരെ അറിയിക്കാൻ അവളോട് ആവശ്യപ്പെടുന്നത്. ഉത്ഥാനരഹസ്യം സാക്ഷ്യപ്പെടുത്തേണ്ട ചരിത്രസത്യമാണ്. തന്മൂലം ശ്ലീഹന്മാരുടെ ശ്ലീഹയായ മഗ്ദലനമറിയത്തെപ്പോലെ ഈശോയുടെ ഉത്ഥാനരഹസ്യത്തെക്കുറിച്ച് മറ്റുള്ളവരോടു പ്രഘോഷിക്കേണ്ടത് നമ്മുടെ കടമയും ഉത്തരവാദിത്വവുമാണ്. സാക്ഷ്യം വഹിക്കാത്തവൻ ഉത്ഥാനത്തിൽ വിശ്വസിക്കുന്നില്ല എന്നതാണ് യാഥാർത്ഥ്യം. ഈശോയുടെ ഉത്ഥാനത്തിനു വാക്കുകളിലൂടെയും ജീവിതത്തിലൂടെയും സാക്ഷികളാകാൻ മഗ്ദലനമറിയത്തിന്റെ മഹനീയമാതൃക നമ്മൾ പിന്തുടരണം. നമ്മുടെ കർത്താവ് വസ്ത്രമുപേക്ഷിച്ച് മഹത്ത്വത്തിലേക്കു പ്രവേശിച്ചതുപോലെ നമ്മളും മഹത്ത്വത്തിലേക്കു പ്രവേശിക്കുന്നതു നമ്മുടെ വസ്ത്രങ്ങളുമായല്ല; മറിച്ച്, നമ്മുടെ പ്രവൃത്തികളുമായാണെന്ന് മാർ അപ്രേം പറയുന്നു. ഉത്ഥാനവിശ്വാസമില്ലാത്ത ക്രൈസ്തവവിശ്വാസത്തെ 'ക്രൈസ്തവം' എന്നോ 'വിശ്വാസം' എന്നോ പറയാനാവില്ലെന്ന് 'പ്രത്യാശയുടെ ദൈവശാസ്ത്രം' എന്ന ഗ്രന്ഥത്തിൽ ബൈബിൾപണ്ഡിതനും ദൈവശാസ്ത്രജ്ഞനുമായ യൂർഗൻ മോർട്ട്മാൻ പറയുന്നു. ആയതിനാൽ, മിശിഹായുടെ ഉത്ഥാനത്തിൽ കേന്ദ്രീകൃതമായ വിശ്വാസത്തെ വളർത്തിയെടുക്കാനും, അതനുസരിച്ചു ജീവിക്കാനും പരിശ്രമിക്കുമ്പോഴാണ് ഈശോയുടെ ഉത്ഥാനത്തിനു നമ്മളും സാക്ഷികളായിത്തീരുന്നത്.

കൊവിഡ് മഹാമാരി വിട്ടൊഴിയുന്ന ഈ സന്ദർഭത്തിൽ കൊവിഡിനെക്കാളും മാരകമായ യുദ്ധകാഹളധ്വനികളാണ് നമുക്കുചുറ്റും മുഴങ്ങുന്നത്. റഷ്യ-യുക്രെയ്ൻ യുദ്ധത്തിൽ ആയിരങ്ങളുടെ ജീവനാണു പൊലിയുന്നത്. പ്രാണരക്ഷാർത്ഥം അനേകമാളുകൾ നാടും വീടും ഉപേക്ഷിച്ചു പലായനം ചെയ്യുന്നു. ഇങ്ങനെയുള്ള പ്രതിസന്ധിഘട്ടത്തിൽ പ്രത്യാശയുടെയും പ്രതീക്ഷയുടെയും സന്ദേശമാണ് ഉയിർപ്പുതിരുനാൾ പങ്കുവയ്ക്കുന്നത്. പരസ്പരം കലഹിക്കുകയും കൊലവിളികൾ നടത്തുകയും ചെയ്യുന്ന അസ്ഥികളുടെ താഴ്വരയിൽനിന്ന് പുതുജീവന്റെയും സ്നേഹത്തിന്റെയും നാമ്പുകൾ മുളയെടുക്കാൻ നമുക്കു പ്രാർത്ഥിക്കാം. ഉത്ഥിതൻ നല്കുന്ന സമാധാനത്തിന്റെ വെള്ളരിപ്രാവുകൾ നമ്മുടെ കുടുംബങ്ങളിലും സമൂഹത്തിലും പാറിപ്പറക്കാൻ ഈസ്റ്റർ ഇടവരുത്തട്ടെ. ■






ഫാ. ഡോ. മാത്യു കോശി

# ഹേ, മരണമേ നിന്റെ ജയമെവിടെ?

യേശുക്രിസ്തുവിന്റെ ഉയിർപ്പ് മാനവചരിത്രത്തിന്റെ ഗതിമാറ്റിയ ഒറ്റപ്പെട്ടതും ശാസ്ത്രസാങ്കേതികജ്ഞാനത്തിന് അതീതവുമായ സംഭവമാണ്. ഇതിന്റെ ചരിത്രസാധുതയെ പ്രഖ്യാപിക്കുന്ന നിരവധി മൂല്യവത്തായ തെളിവുകൾ വി. സുവിശേഷങ്ങളിൽ വ്യക്തമാക്കിയിട്ടുണ്ട്. അതിൽ ഏറ്റവും പ്രധാനം സംശയാലുവായ വി. തോമസ് എന്നറിയപ്പെട്ട അപ്പസ്തോലനായ വി. തോമാശ്ലീഹായുടെ സാക്ഷ്യമാണ്. ഉയിർത്തെഴുന്നേറ്റവനായ ക്രിസ്തുവിനെ തങ്ങൾ കണ്ടുവെന്ന് സഹശിഷ്യന്മാർ സാക്ഷ്യപ്പെടുത്തിയപ്പോൾ, 'അവന്റെ ആണിപ്പാടുകളിൽ എന്റെ വിരലുകളിടുകയും അവന്റെ വിലാപ്പുറത്ത് എന്റെ കരം വയ്ക്കുകയും ചെയ്യാതെ ഞാൻ വിശ്വസിക്കയില്ല' എന്ന കടുത്ത നിലപാടിലായിരുന്നു വി. തോമസ്.



മാനവബോധത്തിനതീതമായ സത്യത്തെ യുക്തിഭദ്രതയിൽത്തന്നെ ഉൾക്കൊള്ളുന്ന സംഭവമാണ് വി. തോമസിനുണ്ടായ ക്രിസ്തുദർശനം. ഇതിനെ ഉയിർപ്പിന്റെ ചരിത്രസാധുതയെ ഏറെ മിഴിവോടെ വെളിവാക്കുന്ന ദൃഷ്ടാന്തമായി ക്രിസ്തീയദൈവശാസ്ത്രം സൂചിപ്പിക്കുന്നു. യേശുവിന്റെ ജനനത്തെപ്പറ്റി തന്നെ അറിയിച്ച ഗബ്രിയേൽ മാലാഖയോട് പരിശുദ്ധ മറിയം ചോദിച്ചത് തികച്ചും യുക്തിസഹമായ ചോദ്യമാണ്: "ഞാൻ പുരുഷനെ അറിയായ്കയാൽ ഇത് എങ്ങനെ സംഭവിക്കും?" മാലാഖ മറുപടി നൽകി: "പരിശുദ്ധാത്മാവ് നിന്റെമേൽ വരും; അത്യുന്നതന്റെ ശക്തി നിന്റെമേൽ നിഴലിടും; ആകയാൽ, ഉദ്ഭവിക്കുന്ന വിശുദ്ധ പ്രജ ദൈവപുത്രൻ എന്നു വിളിക്കപ്പെടും!" (വി. ലൂക്കോസ് 1:35).

ദൈവത്തിന്റെ അരുൾപ്പാട് സമ്പൂർണമായി വിശ്വസിച്ച് മറിയം അതിനെ സ്വീകരിക്കുന്നു. വിശ്വാസവും യുക്തിയും പരസ്പരവിരുദ്ധമാണെന്നുള്ളതാണ് യുക്തിവാദികളുടെ നിലപാട്. വിശ്വാസത്തിൽ യുക്തിക്കു സ്ഥാനമില്ലെന്ന് ചില വിശ്വാസികളും ധരിച്ചിട്ടുണ്ട്. എന്നാൽ, വിശ്വാസവും യുക്തിയും സമ്മിശ്രമായി സമ്മേളിക്കുന്ന മുഹൂർത്തങ്ങളാണ് ഈ രണ്ടു സംഭവങ്ങളിലും ദർശിക്കുന്നത്. യുക്തിസഹമായതും ന്യായത്തിലധിഷ്ഠിതവുമായ മനുഷ്യന്റെ നിലപാടുകളും അതിനു ദൈവം നൽകുന്ന ആനുഭവികമായ വെളിപ്പെടുത്തലുകളും പരിശുദ്ധ മറിയത്തിന്റെയും വി. തോമസിന്റെയും സംഭവകഥകൾ നമുക്കു വ്യക്തമാക്കിത്തരുന്നു. ദൈവം മനുഷ്യനു നൽകിയിട്ടുള്ള യുക്തിബോധം ദൈവത്തെ വെല്ലുവിളിക്കാനുള്ളതല്ല; മറിച്ച്, ദൈവം നൽകുന്ന കൃപയിലൂടെ അവിടുത്തെ അനുഭവിച്ചറിയാനുള്ളതാണ്.

അപ്പോഴാണ് യഥാർത്ഥ ഭക്തി പ്രകടമാകുന്നത്. മഹാത്മാഗാന്ധിയുടെ വാക്കുകൾ ശ്രദ്ധിക്കുക: "Religion and faith is not to be argued or criticized; it is to be felt and experienced" (മതവും വിശ്വാസവും ചോദ്യം ചെയ്യപ്പെടാനോ വിമർശിക്കപ്പെടാനോ ഉള്ളതല്ല; അത് വൈകാരികമായും ആനുഭവികമായും ഉൾക്കൊള്ളാനുള്ളതാണ്.) സംശയാലുവായ വി. തോമസ് ഉയിർത്തെഴുന്നേറ്റവനായ ക്രിസ്തുവിന്റെ സാമീപ്യത്തിൽ ഭക്തിപാരമ്യതയുടെ അനന്തകോടിയിൽ സർവതും മറന്ന് ഇങ്ങനെ മന്ത്രിക്കുന്നു. "എന്റെ കർത്താവും എന്റെ ദൈവവുമേ." ദൈവം സ്വയം വെളിപ്പെടുത്തുന്നതിലൂടെ മാത്രമാണ് അവിടുത്തെ നാമറിയുക. ദൈവവെളിപ്പെടലിന്റെയും അതിനുവേണ്ടിയുള്ള മനുഷ്യ അഭിവാഞ്ഛയുടെയും സംയുക്തമായ രംഗവേദിയായിരുന്നു വി. തോമസിന്റെ ക്രിസ്തുദർശനം. ഈശ്വരദർശനം സാക്ഷാത്കരിക്കാൻ പരിശ്രമിക്കുന്ന ഏതൊരു സാധകന്റെയും ലക്ഷ്യം ഇതുതന്നെയാണ്.

ഉയിർപ്പിന്റെ പ്രധാനചിന്തകളിലൊന്ന് അതു മരണത്തിനു നൽകുന്ന പുതിയ നിർവചനമാണ്. മരണത്തിനപ്പുറം നിലനിൽക്കുന്ന മറ്റൊരു ജീവിതാവസ്ഥയെ ഉയിർപ്പ് അനാവരണം ചെയ്യുന്നു. മനുഷ്യൻ മരണത്തെ അഭിമുഖീകരിക്കേണ്ടത് നിരാശയോടും ഭയത്തോടും കടിയല്ല. തികഞ്ഞ പ്രത്യാശയോടും ആത്മവിശ്വാസത്തോടുമായിരിക്കണമെന്നുള്ളതാണ് ഉയിർപ്പിന്റെ സന്ദേശം. ഉയിർത്തെഴുന്നേറ്റവനായ ക്രിസ്തുവിലുള്ള വിശ്വാസം മരണത്തെ ധൈര്യത്തോടെ നേരിടാൻ വിശ്വാസിസമൂഹത്തെ സജ്ജമാക്കുന്നു.

ക്രിസ്തീയചിന്തയിൽ മരണം തോല്പിക്കപ്പെടുവാനുള്ള ശത്രുവാണ്. വി. പൗലോസ് മരണത്തെ വെല്ലുവിളിക്കുന്നതു ശ്രദ്ധിക്കുക: "ഹേ മരണമേ, നിന്റെ ജയം എവിടെ? ഹേ മരണമേ, നിന്റെ വിഷമുള്ള് എവിടെ?" (1 കോറി. 15:55). യേശുവിന്റെ ഉയിർപ്പ് മരണത്തെ മഹത്തരമാക്കുന്നു, പ്രത്യാശാനിർഭരമാക്കുന്നു.

മനുഷ്യവർഗത്തെ മരണത്തിന് അധീനമാക്കുന്ന എല്ലാ തിന്മകളിൽനിന്നും അധർമങ്ങളിൽനിന്നുമുള്ള നിത്യവിമോചനമാണ് യേശുവിന്റെ ഉയിർപ്പിന്റെ മഹത്തായ സന്ദേശം.

# ഇവിടെയുണ്ട് ഉത്ഥിതൻ



സി. മേരി ജയിൻ എസ്.ഡി.


ഇന്നത്തെ സമൂഹത്തിൽനിന്ന് യേശുവിന്റെ ചിത്രം വരയ്ക്കുന്നതിനാവശ്യമായ ചായക്കൂട്ടുകൾ ഉപയോഗിച്ചുകൊണ്ടായിരിക്കണം ചരിത്രത്തിലെ യേശുവിന്റെ ഉത്ഥാനം മനസ്സിലാക്കേണ്ടത്. ഇവിടെ യേശുവിന്റെ ജീവൻ സ്പന്ദിക്കുന്നുവെങ്കിൽ അതായിരിക്കും ഉത്ഥാനത്തിന്റെ ശക്തമായ തെളിവ്.

ദൈവശാസ്ത്രത്തിന് രണ്ടു കണ്ണുണ്ടായിരിക്കണമെന്ന് ലെയനാർഡോ ബോഫ് അഭിപ്രായപ്പെടുന്നു. "ഒന്ന് ഭൂതകാലത്തെ നോക്കുന്നു. അവിടെ രക്ഷ ആരംഭിച്ചു. അടുത്തത് വർത്തമാനകാലത്തേക്കു നോക്കുന്നു. രക്ഷ യാഥാർത്ഥ്യമായിത്തീരുന്നു." സ്വന്തം കണ്ണുകൾകൊണ്ടു കാണുകയും കരങ്ങൾകൊണ്ടു സ്പർശിക്കുകയും കാതുകൾകൊണ്ടു കേൾക്കുകയും ചെയ്ത കാര്യങ്ങളാണ് അപ്പസ്തോലന്മാർ രേഖപ്പെടുത്തിയത്. ക്രിസ്തുവിനെ പ്രഘോഷിക്കുന്നതിന് അപ്പസ്തോലന്മാരെ ശക്തിപ്പെടുത്തിയത് ഉത്ഥാനാനുഭവമായിരുന്നു. യേശുവിന്റെ ശാരീരിക ഉയിർത്തെഴുന്നേല്പു കൂടാതെ ഈ അനുഭവം അസാധ്യമാണെന്ന് ഷില്ലബെക്സ് അഭിപ്രായപ്പെട്ടു.

യേശുവിനെ സംസ്കരിച്ച കല്ലറയുടെ സമീപത്ത് മഗ്ദലനമറിയം കരഞ്ഞുകൊണ്ടിരുന്നു. അതുകണ്ട് മാലാഖ പറഞ്ഞു: "ജീവിക്കുന്നവനെ എന്തിനാണ് നിങ്ങൾ മരിച്ചവരുടെ ഇടയിൽ അന്വേഷിക്കുന്നത്? അദ്ദേഹം ഇവിടെയില്ല. ഉയിർത്തെഴുന്നേറ്റിരിക്കുന്നു" (ലൂക്കാ 24: 5, 6).

ജീവന്റെ പൂർണതയിലേക്ക് യേശു പ്രവേശിച്ചു. അതോടെ നമ്മുടെ പ്രതീക്ഷയുടെ അർത്ഥവും നീതിയുടെ സ്വഭാവവും ദൈവം ആരുടെ പക്ഷത്താണെന്നുള്ള വസ്തുതയും വ്യക്തമായി. നിർദോഷിയായ യേശു ചിന്തിയ രക്തത്തിൽ ഒരു തുള്ളിപോലും വ്യർത്ഥമായിപ്പോയില്ല. നീതിയും നന്മയുമായ ദൈവരാജ്യം ഉത്ഥാനത്തിൽ ലളിതവും അക്ലിഷ്ടവുമായ മൂർത്തരൂപം കൈക്കൊണ്ടു.

ക്രിസ്തുവിൽ ജീവിക്കുന്നവർ പുതിയൊരു സൃഷ്ടിയായിരിക്കും. അന്നു ശവകുടീരത്തിനുവെളിയിൽ കരഞ്ഞുകൊണ്ടുനിന്ന മഗ്ദലനയ്ക്കും യൂദന്മാരെ ഭയന്ന് കതകടച്ചിരുന്ന ശിഷ്യർക്കും ഉത്ഥാനത്തെ സംശയിച്ച തോമായ്ക്കും അപ്പത്തിനുവേണ്ടി രാവുമുഴുവൻ അധ്വാനിച്ച പത്രോസിനും ദുഃഖിതരായി, എല്ലാ പ്രതീക്ഷയും തകർന്നവരായി നടന്നുപോയ ക്ലെയോഫാസിനും കൂട്ടർക്കും ഉത്ഥാനത്തിന്റെ അനുഭവം നല്കിയവൻ, മായിച്ചുകളയാൻ വയ്യാത്തവിധം ഇന്നത്തെ ലോകത്തിൽ സന്നിഹിതനാണ്. ഓരോ വ്യക്തിയിലും സാമൂഹികപ്രക്രിയയിലും അവിടുന്നുണ്ട്, സജീവനായിട്ടുണ്ട്.



ആരാലും അറിയപ്പെടാതെ, ആരുടെയും അംഗീകാരമില്ലാതെ, തെറ്റിദ്ധരിക്കപ്പെട്ടവരായി, മനസ്സിലാക്കപ്പെടാത്തവരായി നുകത്തിൻകീഴ് അമർന്നവരായി, തകർന്നവരായി, അവഗണിക്കപ്പെട്ടവരായി എത്രയെത്ര നിർദോഷികളുടെ രക്തമാണ് ഇന്ന് ചിന്തപ്പെടുക! പേരില്ലാത്തവരായി, താങ്ങില്ലാത്തവരായി, ഏകാന്തപഥികരായി, ആദിവാസികളായി; അധഃകൃതരായി; തൊഴിലാളികളായി, കർഷകരായി എത്രയേറെ മനുഷ്യരാണ് സമൂഹത്തിൽ കഴിഞ്ഞുകൂടുക! അവരുടെയൊക്കെ വേദനയ്ക്കും മരണത്തിനും അർത്ഥം നല്കാൻ കഴിയുന്നതാണ് യേശുവിന്റെ ഉത്ഥാനം.

സുവിശേഷം മുറുകെപ്പിടിച്ചുകൊണ്ട്, മർദിതരുടെയും പാവങ്ങളുടെയും പങ്കുചേർന്ന് സ്നേഹസമൂഹത്തിനായി കഠിനാധ്വാനം ചെയ്യുന്ന ക്രൈസ്തവസമൂഹങ്ങൾ ഉയിർന്നുവരുന്നു. എന്നതാണ് യേശുവിന്റെ ഉത്ഥാനത്തിന്റെ ഏറ്റവും വ്യക്തമായ ഇന്നത്തെ തെളിവ്. രക്ഷയ്ക്കുവേണ്ടിയുള്ള അധ്വാനത്തിന്റെ പ്രതിഫലം കണ്ണുനീരും പീഡനങ്ങളും മരണംതന്നെയും ആയിരിക്കുമെങ്കിലും ആ പ്രേഷിതർക്ക് ദുഃഖമോ നിരാശയോ ഇല്ല.

ഗറില്ലാ യുദ്ധത്തിൽ മരിച്ചവരെ അനുസ്മരിച്ചുകൊണ്ടു നടത്തിയ വി. ബലിയിൽ ആർച്ചുബിഷപ് റൊമേരോ പറഞ്ഞു: "നിരാശയോ ഭീരുത്വമോ അല്ല ഈ ദേവാലയത്തെ ജനനിബിഡമാക്കിയിരിക്കുന്നത്, ഉത്ഥാനം ചെയ്ത യേശുവിലുള്ള വിശ്വാസമാണ്. ജീവന്റെ തികവിലേക്കു സാൽവദോർ ജനതയെ കൊണ്ടുവരുന്നതിന് ഉരുക്കുമുഷ്ടിയെയും കൽത്തുറുങ്കിനെയും പീരങ്കിയെയും ഭയപ്പെടാതെ മുന്നേറാനുള്ള ശക്തി ഈ ദിവ്യബലിവേദിയിൽനിന്നു നാം ആർജിക്കുന്നു."

വ്യക്തിയിലോ സമൂഹത്തിലോ എവിടെയായാലും ജീവൻ മൊട്ടിടുന്നിടത്ത്, കിരാതത്വത്തിനെതിരേ സ്വാതന്ത്ര്യഭേരി മുഴക്കുന്നിടത്ത്, സാഹോദര്യത്തിന്റെ പ്രവർത്തനങ്ങൾ പുഷ്പിക്കുന്നിടത്ത്, കരുണയും സ്നേഹവും വഴിഞ്ഞൊഴുകുന്നിടത്ത്, പ്രതീക്ഷ വളരുന്നിടത്ത്, സ്വന്തം ഭാഗധേയം നിർവഹിക്കാൻ പക്വതയാർന്ന മനുഷ്യൻ കടന്നുവരുന്നിടത്ത്, കുരിശിന്റെ പാതയെ പുണരുന്നിടത്ത്, മനുഷ്യമഹത്വത്തെ പ്രഘോഷിക്കുന്നിടത്ത്, ഉത്ഥിതൻ കടന്നുവരുന്നു, സമാധാനദൂതുമായി. ഉത്ഥാനം ഇവിടെ യാഥാർത്ഥ്യമായിത്തീരുന്നു.



# മാണിസാർ ഒരു മാസ്മരികസ്പർശം

## കെ.എം. മാണി അന്തരിച്ചിട്ട് ഏപ്രിൽ ഒമ്പതിന് മൂന്നു വർഷം



ജോണി തോമസ് മണിമല

വർഷങ്ങൾക്കു മുമ്പ്, 'കേരളശബ്ദ'ത്തിലോ കലാകൗമുദിവാരികയിലോ എന്നു നിശ്ചയം പോരാ, കവർപേജിൽ കെ.എം. മാണിയുടെ ചിരിക്കുന്ന ഒരു മുഖചിത്രം വന്നതോർക്കുന്നു. അതിനു താഴെ ഒരു തലവാചകവും: കന്നിമണ്ണിന്റെ രാഷ്ട്രീയോന്മേഷം. കെ.എം. മാണിയുടെ രാഷ്ട്രീയപ്രസക്തി വിലയിരുത്തിക്കൊണ്ട് ഉൾപ്പേജിൽ ഉൾപ്പെടുത്തിയിരുന്ന മുഖലേഖനത്തിന്റെ തലക്കെട്ടായിരുന്നു അത്.

ഓർമയിൽ ഇപ്പോഴും തങ്ങിനില്ക്കുന്നത് ആ തലക്കുറിയാണ്: കന്നിമണ്ണിന്റെ രാഷ്ട്രീയോന്മേഷം. ഒരുപക്ഷേ, കെ.എം. മാണിയെന്ന രാഷ്ട്രീയനേതാവ് പ്രതിനിധാനം ചെയ്യുന്ന ജനസമൂഹത്തിന്റെയും അവർ ചവിട്ടിനില്ക്കുന്ന മണ്ണിന്റെയും ഒരു ആവേശമുദ്ര എന്ന നിലയിലാവണം അദ്ദേഹത്തെ അങ്ങനെ വിശേഷിപ്പിച്ചത്. അതെന്തായാലും, അന്ത്യനാളുകളിലെ അല്പകാലമൊഴിച്ചുനിർത്തിയാൽ, ജീവിതത്തിലുടനീളം അടിമുടി അദ്ദേഹം ഉന്മേഷവാനായിരുന്നുവെന്നതു നേര്.

വാസ്തവത്തിൽ ഈ ഉന്മേഷമല്ലേ ആളുകളെ അദ്ദേഹത്തിലേക്ക് അടുപ്പിച്ചുനിർത്തിയതെന്നാലോചിക്കണം. ശരീരത്തിന്റെയും മനസ്സിന്റെയും യൗവനം ഇതുപോലെ ജീവിതകാലമത്രയും നിലനിർത്തിയ മറ്റൊരു രാഷ്ട്രീയനേതാവ് കേരളത്തിലിന്നോളമുണ്ടായിട്ടില്ല. ആരെയും നിരായുധരാക്കുന്ന ചിരികൊണ്ട്, ആളുകളെ അദ്ദേഹം നേരിട്ടു. തൊട്ടും തലോടിയും അദ്ദേഹം അണികളെ ആവശഭരിതരാക്കി; ആ വഴിയിലൂടെത്തന്നെ എതിരാളികളെ നിഷ്പ്രഭരാക്കി. രാഷ്ട്രീയക്കാരുടെ ചിരി ഒരു പരിഹാസവിഷയമായ ലോകത്ത്, അതിനെ അതിലംഘിക്കുന്ന ഒരു ഭാവമണ്ഡലം തന്റെ സൗഹൃദവലയത്തിൽ സൃഷ്ടിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞുവെന്നതാണു വാസ്തവം. മാണിസാർ മനുഷ്യനന്മയിലും മാനവികതയിലും വിശ്വസിച്ച സ്നേഹസമ്പന്നനായ ഒരു നല്ല സുഹൃത്തായിരുന്നുവെന്നു നിറകണ്ണുകളോടെ പറയുന്നത്, വെറുമൊരു കേരള കോൺഗ്രസുകാരനല്ല; എം.പി. വീരേന്ദ്രകുമാർ എന്ന ബുദ്ധിജീവിയാണ്.

ഒരർത്ഥത്തിൽ കെ.എം. മാണിയും ഒരു ബുദ്ധിജീവിതന്നെയെന്ന് എത്രയോ പണ്ടേ സക്കറിയ എഴുതി. കേവലം ഒരു പ്രാദേശികകക്ഷിയുടെ നേതാവായിരുന്നിട്ടുകൂടി, തന്റെ വ്യക്തിപ്രഭാവംകൊണ്ട് കേരളത്തിന്റെ അതിർവരമ്പുകളെ നിരന്തരം ഭേദിച്ചുനില്ക്കാൻ കഴിഞ്ഞുവെന്നതാണ് അദ്ദേഹത്തെ മരണാനന്തരവും ശ്രദ്ധേയനാക്കുന്ന ഘടകം. രാഷ്ട്രീയമായ എതിർപ്പുകൾ ഉയർത്തുന്നവർക്കും, കെ.എം. മാണിയുടെ കാര്യനിർവഹണശേഷിയെയും ഭരണപാടവത്തെയും നിയമപാണ്ഡിത്യത്തെയും സാമ്പത്തികശാസ്ത്രവൈദഗ്ധ്യത്തെയും വാക്സാമർത്ഥ്യത്തെയുംകുറിച്ചു തർക്കിക്കാൻ ഒന്നുമില്ലായിരുന്നുവെന്നു നാമറിയണം. വളരുംതോറും പിളരുകയും പിളരുംതോറും വളരുകയും ചെയ്യുന്ന കേരള കോൺഗ്രസ് രാഷ്ട്രീയത്തിന്റെ ഒറ്റവീൽ സൈക്കിളിലിരുന്നുകൊണ്ട്, തികഞ്ഞ മെയ്യഭ്യാസിയെപ്പോലെ അദ്ദേഹം ഒരു കാലഘട്ടത്തെ നയിക്കുന്നത് വലിയ അദ്ഭുതത്തോടെയും അതിലേറെ അസൂയയോടെയും രാഷ്ട്രീയകേരളം നോക്കിക്കണ്ടു.

സ്വന്തം കക്ഷി പലപ്പോഴായി പിളർന്നു മാറുമ്പോഴും, അപ്രതിരോധ്യമായ മുന്നേറ്റത്തിലൂടെ നേതാക്കന്മാരുടെ നേതാവായി നില്ക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു. മുന്നണിരാഷ്ട്രീയത്തിന്റെ സൂത്രധാരനായിരുന്നു അദ്ദേഹം. കുശാഗ്രബുദ്ധിയായ ലീഡർ കരുണാകരൻപോലും ഓരോ അഴിയാക്കുരുക്കിലും ഭരണപരിഷ്കാരനടപടികളിലും മാണിസാറിന്റെ അഭിപ്രായം തേടിയിരുന്നുവെന്നതു ചരിത്രം. അങ്ങനെ തിരുവനന്തപുരത്തിരിക്കുന്നവർ മാത്രമല്ല, അങ്ങു ഡൽഹിയിലിരിക്കുന്നവർവരെ പാലായിലിരിക്കുന്ന കെ.എം. മാണിയെ എത്തിനോക്കി.

കേരളമാകെ നിറഞ്ഞുനില്ക്കുമ്പോഴും ഈ രാഷ്ട്രീയകലാമർമജ്ഞനെ അസഹിഷ്ണുക്കളായ ചില മാധ്യമങ്ങളും രാഷ്ട്രീയകക്ഷികളും പാലായിലേക്കു ചേർത്തൊട്ടിക്കുവാൻ ശ്രമിച്ചിട്ടുണ്ട്. പക്ഷേ, വെറുമൊരു പാലാക്കാരനായിരുന്നില്ല അദ്ദേഹം. എത്രയോ മുമ്പേ അദ്ദേഹം ചരിത്രത്തിലേക്കു കയറിപ്പോയി! പരാജയമറിയാതെ എന്നും തന്നെ താങ്ങിനിറുത്തിയ ജന്മനാടിനെ മറന്നാൽ അതു വലിയ കൃതഘ്നതയാകുമെന്ന് അദ്ദേഹത്തിനറിയാമായിരുന്നു. അതുകൊണ്ടുതന്നെ അദ്ദേഹം പാലായെ കണക്കറ്റു വാഴ്ത്തി, സ്നേഹിച്ചു. പക്ഷേ, അദ്ദേഹം നടപ്പാക്കിയ ജനക്ഷേമകരമായ പദ്ധതികളോരോന്നും കേരളസമൂഹമൊന്നാകെ കൈനീട്ടി സ്വീകരിച്ചവയായിരുന്നു. കർഷത്തൊഴിലാളി പെൻഷനും കാരുണ്യ പദ്ധതിയും ഉൾപ്പെടെ അദ്ദേഹം ആവിഷ്കരിച്ച ഭരണനടപടികളൊന്നും പാലായ്ക്കുവേണ്ടി മാത്രമായിരുന്നില്ല.

അതിശയവർണനകളുടെ ചായം പുരട്ടാതെ ധൈര്യമായി പറയട്ടെ: കെ.എം. മാണി ചരിത്രമെഴുതി സ്വയം ചരിത്രമായ ആളാണ്. അദ്ദേഹത്തിന്റെ മനുഷ്യസ്നേഹപരമായ പ്രവർത്തനങ്ങൾ ആർക്കും ഒളിപ്പിച്ചുവയ്ക്കാനാവാത്ത സത്യങ്ങളാണ്. അടുത്തറിഞ്ഞവരുടെ ഓർമകളിൽ, ചേർത്തണച്ചുള്ള മാണിസാറിന്റെ കെട്ടിപ്പിടിത്തത്തിന്റെയും പൊട്ടിച്ചിരിയുടെയും മാസ്മരികസ്പർശം മായാതെ നില്ക്കും. ■

---

(14) **ഈശോ** FROM THE BIBLE



ഫാ. തോമസ് പാട്ടത്തിൽചിറ CMF

# തിരഞ്ഞെടുപ്പ്




എല്ലാവർക്കും വേണ്ടിയായിരുന്നു വചനമായുള്ള അവന്റെ ആഗമനമെങ്കിലും, തന്നോടുകൂടെ ആയിരിക്കാനും, വിദൂരങ്ങളിലേക്കു തന്റെ കാലുകളായി നീങ്ങാനും, കരങ്ങളായി നീളാനുമായി ചുരുക്കം ചിലരെ അവൻ തിരഞ്ഞെടുത്തു. ക്രിസ്ത്യാനികളായ നാമും തിരഞ്ഞെടുക്കപ്പെട്ടവരാണ്. സ്വർഗരാജ്യത്തിന്റെ സംസ്ഥാപനം ഇന്നും തുടരുന്ന ഒരു പ്രക്രിയയാണ്. സുവിശേഷം ഈ കാലഘട്ടത്തിലും പ്രസംഗിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. അതിനായുള്ളവരുടെ തിരഞ്ഞെടുപ്പും തുടരുകയാണ്. ഏതൊരു ജീവിതാന്തസ്സിലേക്കുള്ളതാണെങ്കിലും നമ്മുടെ വിളി ദൈവം നടത്തുന്ന ഒരു തിരഞ്ഞെടുപ്പാണ്. ക്രിസ്ത്യാനികളാകാനുള്ള വിളിയാണ് ആത്യന്തികമായി നമുക്കുള്ളത്. അതാണു നമ്മുടെ അടിസ്ഥാനപരമായ തിരഞ്ഞെടുപ്പും. തിരഞ്ഞെടുക്കപ്പെട്ടവരുടെ അന്തസ്സിനു ചേർന്ന വിധം വ്യാപരിക്കാം. അവന്റെ പ്രസംഗങ്ങളും പ്രബോധനങ്ങളുമെല്ലാം നന്മതിന്മകളുടെ തിരഞ്ഞെടുപ്പുകളെക്കുറിച്ചായിരുന്നു. തനിക്കു വിലപ്പെട്ടവയൊന്നും നഷ്ടപ്പെടാതിരിക്കാൻ എപ്പോഴും നന്മയെ മാത്രമാണ് അവൻ തിരഞ്ഞെടുത്തത്. നമ്മുടെ തിരഞ്ഞെടുപ്പുകൾ നമ്മിലെ നന്മയെ നിലനിർത്തുന്നവയാണോ അതോ നശിപ്പിക്കുന്നവയാണോ?

സുദീർഘമായ പ്രാർത്ഥനയ്ക്കും പിതാവുമായുള്ള കൂടിയാലോചനയ്ക്കുംശേഷമാണ് അവൻ തിരഞ്ഞെടുപ്പുകൾ നടത്തിയിരുന്നത്. നമ്മുടെ തിരഞ്ഞെടുപ്പുകൾക്കും തീരുമാനങ്ങൾക്കും പ്രാർത്ഥനയുടെ പിൻബലവും വിണ്ണിന്റെ അംഗീകാരവും ഉണ്ടെങ്കിൽ മാത്രമേ അവയോരോന്നും നമുക്കും മറ്റുള്ളവർക്കും ഉപകാരപ്രദമായി പരിണമിക്കൂ. അവയുടെമേൽ കർത്താവിന്റെ കൈയൊപ്പുണ്ടെങ്കിലേ അവ ഉന്നമനത്തിനു ഉപകരിക്കൂ. ഓർക്കണം, വഴിപിഴപ്പിക്കുന്ന ആകർഷണങ്ങളും സന്ദർഭങ്ങളുമാണ് ഇന്നു നമുക്കു മുമ്പിൽ ഏറെയും. ആകയാൽ, തിരഞ്ഞെടുപ്പുകൾ സസൂക്ഷ്മമായിരിക്കണം. ആധുനികസംസ്കാരവും, നവസമ്പർക്കമാധ്യമങ്ങളും, പുതുതലമുറയുടെ പ്രവണതകളുമൊക്കെ നമുക്കുനേരേ നീട്ടുന്നവയിൽ നിന്ന് അതീവജാഗ്രതയോടെ വേണം നാം തിരഞ്ഞെടുക്കാൻ. കാരണം, അവ നമ്മെയും നാമുമായി ബന്ധപ്പെടുന്നവരെയും ഒരുപോലെ ബാധിക്കുന്നവയാണ്. നമ്മുടെ ബന്ധങ്ങൾ, ഭക്ഷണപാനീയങ്ങൾ, വസ്ത്രം, വീട്, മൂല്യങ്ങൾ, നിലപാടുകൾ തുടങ്ങിയവയൊക്കെ എങ്ങനെയുള്ളവയാണ്? തനിക്ക് ഇഷ്ടമുള്ളവരെയാണ് അവൻ തിരഞ്ഞെടുത്തത്. തിരഞ്ഞെടുപ്പുകൾക്കുപിന്നിൽ ചില ഇഷ്ടങ്ങളുണ്ട്. തിരസ്കരണങ്ങൾക്കു ചില അനിഷ്ടങ്ങളും. ആർക്കും ആരോടും തോന്നാത്ത ഒരിഷ്ടമാണ് ദൈവത്തിനു നമ്മോടുള്ളത്. ആ ഇഷ്ടത്തിൽ ശിഷ്ടമുള്ള നമ്മുടെ ആയുസ്സും കഴിച്ചുകൂട്ടാൻ പരിശ്രമിക്കാം. മറ്റൊന്നിനോടുള്ള ഇഷ്ടം ദൈവത്തോടുള്ള ഇഷ്ടത്തിൽ നിന്നു നമ്മെ അകറ്റാതിരിക്കട്ടെ. ക്രിസ്തീയജീവിതം നല്ല തിരഞ്ഞെടുപ്പുകൾ നടത്താനുള്ള വിളിയാണ്. തെറ്റിപ്പോയവയെ തൃജിക്കാനും, ശരിയായവയെ ശേഖരിക്കാനുമുള്ള സമയം. ജീവിതയാത്രയിൽ വിശുദ്ധമായ തിരഞ്ഞെടുപ്പുകളും തീരുമാനങ്ങളും നമുക്കു വഴിവിളക്കുകളാകട്ടെ. ■

# നീതിയുടെ സൂര്യോദയം

1-ാംപേജ് തുടർച്ച

സൂനഹദ്രോസുകൾ ഒരുമിച്ചു ശബ്ദിച്ചു: ഇവൻ അപകടകാരിയാണ് ഇവനെ അഴിച്ചുവിടുന്നത് അപകടമാണ്. തങ്ങളുടെ അസ്തിത്വത്തിന്റെ കടയ്ക്കലാണ് അവൻ മഴു വച്ചിരിക്കുന്നത്. അതുകൊണ്ട് ഒരു മനുഷ്യൻ ഒരു സമൂഹത്തിനുവേണ്ടി മരിക്കുന്നതു നല്ലതാണെന്ന് ആ കള്ളക്കൂട്ടങ്ങൾ ഗൂഢാലോചന നടത്തി. അവന്റെ മേൽ ഇല്ലാത്ത കുറ്റങ്ങൾ ചുമത്തി റോമൻ ഗവർണറുടെ മുമ്പിൽ ഹാജരാക്കി.



അങ്ങനെ ചരിത്രത്തിൽ ഒരു ദുഃഖവെള്ളിയാഴ്ച ഉണ്ടായി. മരക്കുരിശിൽ മൂന്നാണികളിൽ തറയ്ക്കപ്പെട്ടു ആ പുണ്യജീവിതം.

ഈ ക്രൂശാരോഹണസമയത്ത് സൂര്യൻ പെട്ടെന്നു മറഞ്ഞു. ഭൂമി അന്ധകാരത്തിൽ ലയിച്ചു. ആകാശത്തിനു വെളിച്ചം നഷ്ടപ്പെട്ടു. ഇരുട്ടിൽ മറഞ്ഞുപോയ നീതിയുടെ സൂര്യൻ, ഇരുട്ടിൽ മരിക്കുന്നില്ല. ജീവനിലേക്ക് ഉയിർക്കുകതന്നെ വേണം എന്നു തിരുവചനം. അതിൽ വിശ്വസിച്ച് ആഴ്ചവട്ടത്തിന്റെ ഒന്നാംനാൾ ഞായറാഴ്ച, നേരം നന്നായി പുലരുംമുമ്പ്, അവന്റെ അനുയായികളായ ഏതാനും സ്ത്രീകൾ അവനെ സംസ്കരിച്ച കല്ലറയുടെ മുന്നിലെത്തി. ഏതോ അജ്ഞാതന്റെ ഉടമസ്ഥതയിലുള്ള കല്ലറയിലാണ് അവൻ ദുഃഖവെള്ളിയാഴ്ച സംസ്കരിക്കപ്പെട്ടത്. അതിന്റെ മുന്നിൽ ഒരു വലിയ കല്ല് ഉരുട്ടിവച്ച് യൂദപുരോഹിതന്മാർ മുദ്രവച്ചിരുന്നു. ആ കല്ല് ആരു തള്ളിമാറ്റുമെന്ന് അവന്റെ അനുയായികൾ സന്ദേഹിച്ചു. പക്ഷേ, അവരെ അദ്ഭുതപ്പെടുത്തിക്കൊണ്ട് കല്ലറയുടെ മുന്നിൽനിന്ന് കല്ല് മാറ്റപ്പെട്ടിരിക്കുന്നു. കല്ലറയിലേക്കു നോക്കിയപ്പോൾ അത് ശൂന്യമാണെന്നു കണ്ടു. വെള്ളിയാഴ്ച സംസ്കരിക്കപ്പെട്ടവന്റെ ജഡം അവിടെയുണ്ടായിരുന്നില്ല. അവനെ പൊതിഞ്ഞിരുന്ന വസ്ത്രങ്ങൾ ഒരു ഭാഗത്തു ചുരുട്ടിവച്ചിരുന്നു. തങ്ങളുടെ ഗുരുവിന് എന്തു സംഭവിച്ചുവെന്നു സംഭ്രമിച്ച് സ്ത്രീകൾ വിലപിച്ചു. ആ വിലാപസ്വരം കേട്ട് വെളിച്ചത്തിന്റെ മിന്നുന്ന വസ്ത്രങ്ങൾ ധരിച്ച ഒരു പുരുഷൻ അവർക്കു മുന്നിൽ പ്രത്യക്ഷപ്പെട്ടു. അവൻ അവരോടു പറഞ്ഞു: "നിങ്ങൾ ജീവിച്ചിരിക്കുന്നവനെ മരിച്ചവരുടെയിടയിൽ അന്വേഷിക്കുന്നതെന്തിന്? അവൻ ഇവിടെയില്ല. ജീവിച്ചിരുന്നപ്പോൾ അരുൾ ചെയ്തപ്രകാരം അവൻ മൂന്നാംനാൾ ഉയിർത്തെഴുന്നേറ്റിരിക്കുന്നു. ലോകത്തിനു മുഴുവൻ നന്മ ചെയ്യാൻ അവതരിച്ചവൻ മരണത്തിലൂടെ നിത്യതയിലേക്കു പ്രവേശിച്ചിരിക്കുന്നു. നക്ഷത്രശോഭ പ്രകാശിപ്പിച്ചുകൊണ്ട് അവൻ സകല മനുഷ്യർക്കും രക്ഷയുടെ പാത കാട്ടിക്കൊടുക്കും. നിങ്ങൾ വേഗത്തിൽ പുറപ്പെട്ട് നിങ്ങളുടെ സഹോദരന്മാരോടു പറയുക: ഇതാ ദൈവപുത്രൻ ഉയിർത്തെഴുന്നേറ്റിരിക്കുന്നു. അവന്റെ ജീവിതസന്ദേശം അനുസരിച്ച് നിങ്ങൾ നന്മയുടെ വഴികളിൽ സഞ്ചരിക്കുക. അവൻ മരണത്തെ ജയിച്ച് ജീവനിലേക്കു പ്രവേശിച്ചിരിക്കുന്നു. നിങ്ങളും ആ വഴി പിന്തുടരുക. ഇത് ഉയിർപ്പുതിരുനാളിന്റെ അർത്ഥവും ആഴമേറിയ സന്ദേശവുമാണ്. നിത്യജീവന്റെ മഹത്തായ സന്ദേശം. ഉയിർപ്പ് പ്രകാശമാണ്. നിത്യജീവനാണ്. മരണത്തിന്റെ അധികാരത്തെ എന്നേക്കുമായി നിഷ്കാസനം ചെയ്യുന്ന ദൈവികമായ രക്ഷയുടെ അടയാളമാണ്. മരണമല്ല; മരണത്തെ ജയിക്കുന്ന ജീവിതമാണ് യേശുവിന്റെ ഉയിർപ്പു നല്കുന്ന സന്ദേശവും അനുഗ്രഹവും. അതുകൊണ്ട് ദുഃഖവെള്ളിയാഴ്ച ദുഃഖിക്കുന്നവർ ഞായറാഴ്ച സന്തോഷിക്കും. പ്രത്യാശയോടുകൂടി ദൈവപുത്രന്റെ ജീവിതസന്ദേശം പ്രാപിക്കാൻ, അതിലൂടെ ജീവിതയാത്ര തുടരാൻ പ്രതിജ്ഞാബദ്ധരാവുക മാത്രമാണ് നമ്മുടെ കർത്തവ്യം.

ക്രിസ്തുവിന്റെ ജനനം മാനവരാശിക്കു പുതിയ പ്രതീക്ഷയും സന്തോഷവും വാഗ്ദാനം ചെയ്തുവെങ്കിൽ, ഉയിർപ്പ് അതിന്റെ പൂർണതയിൽ മഹാസന്തോഷത്തിന്റെയും പ്രത്യാശയുടെയും നിത്യജീവനിലേക്കുള്ള യാത്രയുടെയും മഹത്തായ അടയാളമായി, ആകാശത്തിൽ തെളിയുന്ന നക്ഷത്രശോഭയോടെ ഹൃദയത്തിൽ അനുഭവവേദ്യമാക്കിക്കൊണ്ടിരിക്കുന്നു.

■


പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി

പാലാ രൂപതയുടെ സാമൂഹ്യക്ഷേമവികസന വിഭാഗം



അഗ്രിമ

- കർഷക സേവനകേന്ദ്രം
- നാടൻ പച്ചക്കറി മാർക്കറ്റ്
- കാർഷിക നഴ്സറി
- ഇക്കോഷോപ്പ്

സെന്റ് തോമസ് പ്രസിനു സമീപം, പാലാ

Ph: 9074556724 Email:dssspalai@gmail.com, Web:www.psws.org

● മേൽത്തരം ഹൈബ്രീഡ് പച്ചക്കറിത്തൈകൾ ● വിത്തുകൾ ● ഫലവൃക്ഷത്തൈകൾ ● തെങ്ങിൻതൈകൾ ● പൂച്ചെടികൾ ● പൂച്ചട്ടികൾ ● വളങ്ങൾ ● ഹൈടെക് കോഴിക്കൂടുകൾ ● കാടക്കൂടുകൾ ● തേനീച്ചപ്പെട്ടികൾ ● മുട്ടക്കോഴിക്കുഞ്ഞുങ്ങൾ ● കാടക്കുഞ്ഞുങ്ങൾ ● മത്സ്യക്കുഞ്ഞുങ്ങൾ ● കോഴി– കാട – മത്സ്യത്തീറ്റകൾ ● കാർഷികമൂല്യവർദ്ധിത ഭക്ഷ്യോത്പന്നങ്ങൾ ● വെളിച്ചെണ്ണ ● അരിപ്പൊടി ● പുട്ടുപൊടി ● കറിപ്പൗഡറുകൾ ● സോപ്പുകൾ ● ലോഷനുകൾ ● പലവ്യഞ്ജനങ്ങൾ ● ജൈവപച്ചക്കറികൾ etc...


## മഹിതോത്ഥാനം

കവിത
ബിന്ദു ടോം



ഉത്ഥാനമാഹാത്മ്യ സച്ചിദാനന്ദാ
ഉദ്ധരിക്കേണമേ നിത്യമെന്നെ

വീഴ്ചകൾ - താഴ്ചകളെല്ലായിടത്തും
വേണമെന്നീശോ തൻ ശക്തഹസ്തം!

പാപത്തിൻ-ശാപത്തിന്മേൽ ജയം നേടിയ
പാപഹരാലോകം കാത്തിടേണേ

സൂര്യപ്രഭ വെല്ലുമീ മുഖദർശനം
ഭാഗ്യം! മനുജനീയുത്ഥാനവും

കല്ലറയിങ്കലേ നിർജ്ജീവത്വങ്ങൾ ഹാ
വല്ലഭൻ നിത്യമാം ജീവനാക്കി!

ജീവരക്ഷാ രക്തമുദ്രയാലേയവൻ
വീണ്ടെടുത്തു ക്രൂശു രക്ഷയായി!

സത്യമാം വീഥിയും ജീവനും സത്ഗുരോ
അത്യന്ത 'നിത്യരക്ഷാ'മൃതമേ!


Easter Greetings

jmj

Chamakkalayil Silks

www.chamakkalayilsilkspala.in

# കണ്ണീരൊഴിയാത്ത യുദ്ധമുഖങ്ങൾ



തോമസ് കുഴിഞ്ഞാലിൽ



നിരപരാധരായ ജനങ്ങളെ നിഷ്ഠുരം കൊന്നൊടുക്കുന്ന യുദ്ധക്കൊതിയിലേക്കു ലോകം ഒരിക്കൽക്കൂടി പ്രവേശിച്ചിരിക്കുന്നു. ലോകം മുഴുവൻ ഒരേസമയം പടർന്നുപിടിച്ച കൊവിഡ്-19 മഹാമാരിക്കെതിരേ സകല രാജ്യങ്ങളും ഒന്നിച്ചുനിന്നു പോരാടുന്നതിനിടെയാണ് അപ്രതീക്ഷിതമായി യുക്രെയ്ൻ യുദ്ധം പൊട്ടിപ്പുറപ്പെട്ടത്.

യുദ്ധംകൊണ്ട് ആർക്കും ഒരു നേട്ടവുമില്ലെന്ന തിരിച്ചറിവ് നേതാക്കൾക്കില്ലാതെ പോകുന്നത് എന്തുകൊണ്ടാണെന്നു മനസ്സിലാകുന്നില്ല. ആധുനിക ലോകം കണ്ടിട്ടുള്ള പ്രധാന യുദ്ധങ്ങളിലെ ജീവഹാനിയുടെ കണക്കുകൾ ആരെയും ഞെട്ടിക്കാൻ പോന്നതാണ്. ഒന്നാം ലോകമഹായുദ്ധത്തിൽ 97 ലക്ഷം സൈനികരും ഒരു കോടി ജനങ്ങളുമാണ് കൊല്ലപ്പെട്ടത്. രണ്ടു കോടിയോളം പേർക്ക് മാരകമായി പരിക്കേറ്റു. 1939 മുതൽ 1945 വരെ നീണ്ട രണ്ടാം ലോകമഹായുദ്ധത്തിൽ രണ്ടു കോടി സൈനികരും നാലു കോടി സാധാരണക്കാരുമാണ് ജീവൻ വെടിഞ്ഞത്. യുദ്ധത്തിനൊടുവിൽ 1945 ഓഗസ്റ്റ് 6നും 9 നും ആറ്റംബോംബു വർഷിക്കപ്പെട്ട ഹിരോഷിമയിലും നാഗസാക്കിയിലും യഥാക്രമം 1,40,000 വും 74,000 വും പേരാണ് നിമിഷനേരംകൊണ്ട് ചാമ്പലായി മാറിയത്. ആറ്റംബോംബുകളിൽനിന്നുള്ള അണുപ്രസരമേറ്റ് അംഗവൈകല്യം സംഭവിച്ചവരും ശരീരം മുഴുവൻ വടുക്കൾ പേറുന്നവരുമായ അനേകം വയോധികർ ജപ്പാനിൽ ഇപ്പോഴും ജീവിച്ചിരിക്കുന്നത് യുദ്ധക്കെടുതിയുടെ നേർസാക്ഷ്യമാണ്.

1950-53 വർഷങ്ങളിലെ കൊറിയൻ യുദ്ധത്തിൽ ഇരു കൊറിയകളിലുമായി മരണപ്പെട്ടത് 50 ലക്ഷം പേർ. ദക്ഷിണ കൊറിയയുടെ പക്ഷം പിടിക്കാനെത്തിയ യു.എസ്. സൈനികരിൽ 40,000 പേർക്കാണ് ജീവഹാനി നേരിട്ടത്. 1955 ൽ തുടങ്ങിയ വിയറ്റ്നാം യുദ്ധത്തിലെ ആകെ ആൾനാശം 40 ലക്ഷമായിരുന്നു. സോവിയറ്റ് യൂണിയന്റെ വിയറ്റ്നാമിലേക്കുള്ള കടന്നുകയറ്റം തടയാനായി അമേരിക്കയും യുദ്ധത്തിനിറങ്ങി. ഗൊറില്ലാ യുദ്ധമുറകളിൽ പ്രാവീണ്യം നേടിയിരുന്ന വിയറ്റ്കോംഗ് പോരാളികൾക്കുമുമ്പിൽ യുഎസ് സൈന്യം അടിപതറി. 20 വർഷം നീണ്ട യുദ്ധത്തിലെ നാണംകെട്ട തോൽവിക്കുശേഷം നാട്ടിലേക്കു തിരികെപ്പോകുമ്പോഴേക്കും 58,220 സൈനികരെയാണ് അവർക്കു നഷ്ടമായത്.

1979 മുതൽ പത്തു വർഷം അഫ്ഗാനിസ്ഥാനിൽ അധിനിവേശം നടത്തിയ സോവിയറ്റ് യൂണിയനെ തുരത്താൻ അമേരിക്ക കൂട്ടുപിടിച്ചത് സൗദി അറേബ്യയെയും പാക്കിസ്ഥാനെയും വിവിധ ഭീകരഗ്രൂപ്പുകളെയുമായിരുന്നു. തീവ്രവാദിഗ്രൂപ്പുകളായ മുജാഹിദ്ദീനും അൽക്വയ്ദയും പിന്നീട് ജന്മംകൊണ്ട താലിബാനും അമേരിക്കയ്ക്കും സഖ്യകക്ഷികൾക്കുമെതിരേ തിരിയാൻ അധികകാലം വേണ്ടിവന്നില്ല. 2001 സെപ്റ്റംബർ 11 ലെ വേൾഡ് ട്രേഡ് സെന്റർ ആക്രമണത്തിനുശേഷം അഫ്ഗാനിസ്ഥാനിൽ കടന്നുകയറിയ പാശ്ചാത്യസേനകൾ 20 വർഷങ്ങൾക്കുശേഷം 2021 ഓഗസ്റ്റ് 15 ന് നിരുപാധികം പിൻവാങ്ങുമ്പോഴേക്കും 2,41,000 പേർ മരിച്ചുവീണിരുന്നു. 2,401 യു.എസ്. സൈനികരുൾപ്പെടെ 3,502 പേരാണ് സഖ്യസേനയ്ക്കു നഷ്ടമായത്.

എട്ടുവർഷം നീണ്ട ഇറാൻ-ഇറാക്ക് യുദ്ധത്തിലെ ജീവഹാനി പത്തു ലക്ഷമായിരുന്നുവെന്നു കണക്കാക്കിയിട്ടുണ്ട്. ഗൾഫ് മേഖലയിൽ സ്വാധീനമുറപ്പിക്കാനും സമ്പന്നമായ പ്രകൃതിവാതകങ്ങളും എണ്ണയും കൈവശപ്പെടുത്താനുമായിരുന്നു ഇറാക്കിലേക്കുള്ള യുഎസ് അധിനിവേശം. രാസായുധം കൈവശം വച്ചുവെന്നാരോപിച്ച് ഏകാധിപതിയായിരുന്ന സദ്ദാം ഹുസൈനെ തൂക്കിലേറ്റിയത് 2003 ലാണ്. ഇറാക്ക് അധിനിവേശത്തിനിടയിൽ 4,825 യുഎസ് സൈനികരുടെയും 4,60,000 സാധാരണക്കാരുടെയും ജീവൻ പൊലിഞ്ഞു. ഇവരിൽ പകുതിയിലേറെപ്പേരും വധിക്കപ്പെട്ടത് വിവിധ അക്രമസംഭവങ്ങളിലാണ്. 2011ൽ തുടക്കമിട്ട സിറിയയിലെ ആഭ്യന്തരകലാപങ്ങളിൽ ഇതിനോടകം 2,41,000 പേർ മരണമടഞ്ഞതായാണ് ഏകദേശ കണക്കുകൾ. പ്രസിഡന്റ് ബഷർ അൽ അസദിനെ നിലനിറുത്താൻ റഷ്യയും പുറത്താക്കാൻ പാശ്ചാത്യശക്തികളും ഇടപെട്ടുവെങ്കിലും മേൽക്കൈ നേടിയത് റഷ്യയാണ്. വൈദേശികശക്തികളുടെ അധിനിവേശങ്ങൾക്കെതിരേ ഇറാക്കിലെയും സിറിയയിലെയും മതമൗലികവാദികൾ രൂപംകൊടുത്ത തീവ്രവാദസംഘടനയാണ് ഇസ്ലാമിക് സ്റ്റേറ്റ് ഓഫ് ഇറാക്ക് ആന്റ് സിറിയ (ഐ.എസ്.ഐ.എസ്.). 1999 ൽ അബു മുസാബ് സർഖാവി ജന്മംനൽകിയ ഈ ഭീകരസംഘടന ഇറാക്കിലെയും സിറിയയിലെയും വിശാലമായ ഭൂപ്രദേശങ്ങൾ പിടിച്ചെടുത്ത് 2014 ൽ ഇസ്ലാമിക് ഖാലിഫേറ്റ് പ്രഖ്യാപിക്കുകയും ചെയ്തു. കഴുത്തറുത്തും ജീവനോടെ കുഴിച്ചുമൂടിയും ചാവേർ ആക്രമണങ്ങളിലൂടെയും ശത്രുക്കളെ ഇല്ലായ്മ ചെയ്യുന്ന ഐ.എസ്. പോരാളികൾ എല്ലാ രാജ്യങ്ങളിലും സജീവസാന്നിധ്യമായി വളർന്നിരിക്കുന്നു.

1967 ലെ അറബ് - ഇസ്രായേൽ യുദ്ധത്തിൽ അറബ് രാജ്യങ്ങളുടെ 20,000 സൈനികരും ഇസ്രായേലിന്റെ 776 ഭടന്മാരുമാണു കൊല്ലപ്പെട്ടത്. 7,50,000 പലസ്തീൻകാർ അഭയാർത്ഥികളായി. 1965 ലും 1971 ലും 1999 ലുമായി നടന്ന ഇന്ത്യാ-പാക്കിസ്ഥാൻ യുദ്ധങ്ങളിൽ ഇരുരാജ്യങ്ങളിലുമായി 24,250 സൈനികരാണു മരിച്ചത്. ബംഗ്ലാദേശ് വിമോചനത്തിനായുള്ള 1971 ലെ യുദ്ധത്തിൽ 30 ലക്ഷം ബംഗ്ലാദേശികളാണ് ജീവൻ വെടിഞ്ഞത്. ആണവശക്തികളായ ഇന്ത്യയും പാക്കിസ്ഥാനുമായി വീണ്ടും ഒരേറ്റുമുട്ടലുണ്ടാകുന്നപക്ഷം 12.50 കോടി ജനങ്ങളെങ്കിലും കൊല്ലപ്പെടുമെന്നു നിരീക്ഷിക്കുന്നവരുണ്ട്. 1962 ലെ ഇന്ത്യാ-ചൈനാ യുദ്ധത്തിൽ മരിച്ച ആകെ സൈനികർ 2,105. ഏറ്റവുമൊടുവിൽ ലഡാക്കിലെ ഗൽവാൻ താഴ്‌വരയിൽ രണ്ടു രാജ്യങ്ങളിലെയും സൈനികർ മുഖാമുഖം ഏറ്റുമുട്ടിയപ്പോൾ 38 ചൈനീസ് ഭടന്മാരും 20 ഇന്ത്യൻ സൈനികരുമാണ് വധിക്കപ്പെട്ടത്.

## യുക്രെയ്ൻ യുദ്ധം

ഇക്കഴിഞ്ഞ ഫെബ്രുവരി 24-ാം തീയതി തുടങ്ങിയ യുക്രെയ്ൻ യുദ്ധം എത്ര പേരുടെ ജീവനെടുത്തുവെന്ന് കൃത്യമായി അറിയാറായിട്ടില്ലെങ്കിലും പതിനായിരങ്ങൾ മരണപ്പെട്ടിരിക്കാനാണു സാധ്യത. മരണഭയംമൂലം നാടും വീടുമുപേക്ഷിച്ച് അയൽരാജ്യങ്ങളിലേക്കു പലായനം ചെയ്തവർ 40 ലക്ഷത്തിലേറെ വരുമെന്നു വാർത്തയുണ്ട്. ഇവരിൽ പകുതിയിലേറെയും കുട്ടികളാണെന്നും അറിയുന്നു.

ചരിത്രം മറന്നുകൊണ്ടുള്ള അനാവശ്യമായ ഒരു യുദ്ധമായി റഷ്യയുടെ യുക്രെയ്ൻ അധിനിവേശത്തെ വിലയിരുത്തുന്ന രാഷ്ട്രീയനിരീക്ഷകരുണ്ട്. മിസൈൽവർഷംകൊണ്ട് ഒരു രാജ്യത്തെ മുഴുവൻ ചുട്ടുചാമ്പലാക്കുന്ന ദയനീയമായ കാഴ്ച ഏതു ശിലാഹൃദയന്റെയും കരളലയിക്കും. തകർന്നുതരിപ്പണമായ വീടുകളിൽനിന്നുയരുന്ന സ്ത്രീകളുടെയും കുഞ്ഞുങ്ങളുടെയും ദീനരോദനങ്ങൾ ചക്രവാളങ്ങളെ കീറിമുറിക്കുംവിധമാണ് ഉയരുന്നത്. ഭക്ഷണവും വെള്ളവും വെളിച്ചവുമില്ലാതെ തണുത്തുറഞ്ഞ കാലാവസ്ഥയിൽ ബങ്കറുകളിലും ഭൂഗർഭമെട്രോ ടണലുകളിലും ഒളിച്ചുകഴിയുന്നത് ലക്ഷങ്ങളാണ്. കരിങ്കടൽത്തീരത്തെ തുറമുഖനഗരമായ മരിയുപോളിൽ 1,600 പേർ അഭയം തേടിയിരുന്ന ഒരു തിയേറ്റർ മിസൈലുകളയച്ചു തകർത്തപ്പോൾ 300 പേർക്കാണ് ജീവൻ നഷ്ടമായത്. കുഞ്ഞുങ്ങൾ ധാരാളമുണ്ടായിരുന്നതിനാൽ "Children' എന്നെഴുതിയ ബോർഡ് പുറത്തു സ്ഥാപിച്ചിരുന്നെങ്കിലും തിയേറ്റർ നശിപ്പിക്കുകയായിരുന്നു. കുട്ടികളും സ്ത്രീകളും വയോധികരുമടങ്ങുന്ന 400 പേർ അഭയം തേടിയിരുന്ന ഒരു സ്കൂളിലേക്ക് മിസൈൽ വർഷമുണ്ടായതായി യുക്രെയ്ൻ അധികൃതർ വെളിപ്പെടുത്തി. അത്യന്താധുനിക ഹൈപ്പർസോണിക് മിസൈലുകളാണ് സ്കൂളിൽ പതിച്ചതെന്നും വാർത്തയുണ്ട്. ലക്ഷ്യസ്ഥാനം കൃത്യതയോടെ കണ്ടുപിടിച്ചു നശിപ്പിക്കാൻ കഴിയുന്ന 'കിൻഷാൽ' ഹൈപ്പർസോണിക് മിസൈലുകളാണ് വിക്ഷേപിച്ചത്. റൊമേനിയൻ അതിർത്തിക്കടുത്തുള്ള ഒരു ആയുധ ഡിപ്പോ ആക്രമിക്കാനാണ് കിൻഷാൽ മിസൈലുകൾ ആദ്യം പ്രയോഗിച്ചത്. തലസ്ഥാനമായ കീവിനു വടക്കുള്ള ചെർണിഗിവ് നഗരത്തിലെ ഒരാശുപത്രി ഷെല്ലാക്രമണത്തിൽ തകർന്ന് അനേകം രോഗികൾ മരണമടഞ്ഞതായി സ്ഥലം മേയറും വെളിപ്പെടുത്തുകയുണ്ടായി. സ്കൂളുകളും ആരാധനാലയങ്ങളും ആശുപത്രികളും നശിപ്പിക്കുകയും പലായനം ചെയ്യുന്നവരെപ്പോലും പിന്തുടർന്ന് ആക്രമിക്കുകയും ചെയ്യുന്ന റഷ്യൻസൈന്യത്തിന്റെ നടപടിയെ യുക്രെയ്ൻ പ്രസിഡന്റ് വൊളോഡിമിർ സെലെൻസ്കി നിശിതമായി വിമർശിച്ചു. ബങ്കറുകൾ തകർത്തും മെട്രോ ടണലുകൾ നശിപ്പിച്ചും നിരപരാധരായ മനുഷ്യരെ കൊന്നൊടുക്കുന്ന റഷ്യയുടെ നടപടികൾ യുദ്ധക്കുറ്റങ്ങളാണെന്നും റഷ്യയ്ക്കെതിരേ അന്താരാഷ്ട്രകോടതിയിൽ പരാതി നൽകുമെന്നും സെലെൻസ്കി അറിയിച്ചു.

യുക്രെയ്ൻ അധിനിവേശത്തിന് ഉത്തരവിട്ട റഷ്യൻ പ്രസിഡന്റ് വ്ളാഡിമിർ പുടിന്റെ നിയന്ത്രണത്തിൽനിന്ന് യുദ്ധഗതി വ്യതിചലിച്ചുവെന്ന് വിശ്വസിക്കുന്നവരുണ്ട്. ഒരു ലക്ഷത്തിലധികം സൈനികരെ സർവസന്നാഹങ്ങളുമായി യുക്രെയ്നിലേക്കയച്ച് ഏതാനും ദിവസങ്ങൾക്കുള്ളിൽ കീഴടക്കാമെന്ന പുടിന്റെ വ്യാമോഹം പാതിവഴിയിൽ ഉപേക്ഷിക്കേണ്ടി വന്നേക്കാമെന്ന സൂചനയാണ് യുദ്ധമുഖത്തുനിന്നു വരുന്നത്. യുക്രെയ്ൻ സർക്കാരിന്റെ അടിച്ചമർത്തലുകളാൽ വീർപ്പുമുട്ടുന്ന കിഴക്കൻ യുക്രെയ്നിലെ ഡോൺബാസ് മേഖലയിലെ റഷ്യൻ അനുകൂലവിമതരുടെ രക്ഷയ്ക്കുവേണ്ടി ഒരു 'സമാധാനസേന' വിനിയോഗിക്കുകയാണു ചെയ്തതെന്ന് പുടിൻ പറയുന്നു. 2014 ൽ ക്രീമിയ ഉപദ്വീപ് യുകെയ്നിൽനിന്നു പിടിച്ചെടുത്തതും റഷ്യൻ അനുകൂലികളുടെ പിന്തുണയോടെയായിരുന്നു.

യുഎസിന്റെ നേതൃത്വത്തിലുള്ള നാറ്റോ സഖ്യത്തിൽ അംഗത്വം വേണമെന്ന 2008 മുതലുള്ള യുക്രെയ്ന്റെ നിലപാടിനെതിരേ പുടിൻ കർശനമായ താക്കീതു നൽകിയിരുന്നതാണ്. പുതിയ അംഗങ്ങളെ ചേർക്കുകയില്ലെന്നും പുതിയ അപേക്ഷകളൊന്നും പരിഗണിക്കുകയില്ലെന്നുമുള്ള 2007 ലെ മ്യൂണിക് ഉടമ്പടി പാലിക്കാതെ യുക്രെയ്ന്റെ അപേക്ഷ സജീവപരിഗണനയിലെടുത്ത നാറ്റോയുടെ നീക്കങ്ങൾക്കെതിരേ പുടിൻ കടുത്ത അമർഷം പ്രകടിപ്പിക്കുകയും ചെയ്തു. കമ്യൂണിസ്റ്റുരാജ്യങ്ങളുടെ ചേരിയായ 'വാഴ്സോ' സഖ്യത്തിലുള്ളവർപോലും നാറ്റോയിൽ അംഗത്വം നേടിയതും പുടിനെ ചൊടിപ്പിച്ചു. 1991 ലെ സോവിയറ്റ് യൂണിയന്റെ തകർച്ചയെത്തുടർന്ന് പിരിഞ്ഞുപോയ 14 റിപ്പബ്ലിക്കുകളിൽ പലതും നാറ്റോയിൽ അംഗങ്ങളായി. പടിഞ്ഞാറ് ബാൾട്ടിക് കടൽത്തീരം പങ്കിടുന്ന എസ്റ്റോണിയ, ലാത്‌വിയ, ലിത്‌വാനിയ എന്നിവയും കിഴക്കൻ കരിങ്കടൽത്തീരത്തെ അർമേനിയയും നാറ്റോ അംഗങ്ങളായി. കരിങ്കടൽത്തീരത്തിന്റെ പടിഞ്ഞാറുള്ള റൊമേനിയയും ബൾഗേറിയയും മുൻപേതന്നെ നാറ്റോ അംഗങ്ങളാണ്. 1997 നു ശേഷം അംഗത്വം നേടിയ അവർ നാറ്റോയിൽനിന്നു രാജിവയ്ക്കണമെന്ന മുന്നറിയിപ്പും പുടിൻ നൽകിക്കഴിഞ്ഞു. നാറ്റോയിൽ അംഗത്വം തേടിയുള്ള ജോർജിയയുടെ അപേക്ഷ പരിഗണനയിലിരിക്കുന്നതിനാൽ അവരും ഭീതിയിലാണ്. ■

# കണക്കു ബോധിപ്പിക്കേണ്ട കാര്യസ്ഥൻ



ഫാ. കുര്യാക്കോസ് നരിതൂക്കിൽ

***കർദിനാൾ റോബർട്ട് സറായുടെ 'എന്നന്നേക്കും' (For the Eternity) എന്ന ഗ്രന്ഥം പങ്കുവയ്ക്കുന്ന പൗരോഹിത്യചിന്തകളുടെ ഒരു അവലോകനം***

**IX**

വിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപാപ്പായുടെ 'നിങ്ങൾക്കു ഞാൻ ഇടയന്മാരെ നല്കും'(pastores dabo vobis) എന്ന അപ്പസ്തോലിക പ്രബോധനത്തിലെ മൂന്നാം അധ്യായം 27 മുതൽ 30 വരെയുള്ള ഖണ്ഡികകളാണ് ഈ അധ്യായത്തിൽ ഗ്രന്ഥകർത്താവ് ഉദ്ധരിക്കുന്നത്.

കർത്താവീശോമിശിഹായെ അനുഗമിക്കാനും അനുകരിക്കാനുമുള്ള ആഹ്വാനം ഓരോ ക്രൈസ്തവനും ഏറ്റെടുക്കണം. സുവിശേഷാധിഷ്ഠിതമായ സമൂലപരിവർത്തനത്തിന്റെ ഈ ആഹ്വാനം ഏറ്റെടുക്കാൻ പുരോഹിതന്മാർ മറ്റാരെയുംകാൾ കടപ്പെട്ടിരിക്കുന്നു. അജപാലകനായ പുരോഹിതന്റെ ആധ്യാത്മികജീവിതം വിശ്വാസം, വിനയം, കാരുണ്യം, വിവേകം തുടങ്ങിയ പുണ്യങ്ങളാൽ പുഷ്പിതമായിരിക്കണം. മലയിലെ പ്രസംഗത്തിൽ നമ്മുടെ കർത്താവ് മുന്നോട്ടുവയ്ക്കുന്ന അനുസരണം, ദാരിദ്ര്യം, ബ്രഹ്മചര്യം എന്നീ സുവിശേഷോപദേശങ്ങൾ ജീവിക്കാൻ വൈദികൻ തയ്യാറാകണം. അവ പരസ്പരപൂരകങ്ങളാണ്.

**അനുസരണം**

തന്നെ അയച്ചവന്റെ ഹിതം നിറവേറ്റുന്ന ഈശോമിശിഹായുടെ അതേ മനോഭാവമാണ് പുരോഹിതന് ഉണ്ടായിരിക്കേണ്ടത്. സഭയുടെ അധികാരശ്രേണിയിൽ അനുസരണത്തോടെ ശുശ്രൂഷ ചെയ്യേണ്ടവനാണ് പുരോഹിതൻ. തിരുപ്പട്ടത്തിന്റെ അവസരത്തിൽ മെത്രാനോട് ഈ അനുസരണം വാഗ്ദാനം ചെയ്യുന്നുമുണ്ട്. അതുകൊണ്ട് മെത്രാനെയും മെത്രാൻസംഘത്തെയും പരിശുദ്ധ മാർപാപ്പായെയും മാറ്റിനിറുത്തിക്കൊണ്ടുള്ള ഒരു പൗരോഹിത്യശുശ്രൂഷ സാധ്യമല്ല. ഐക്യത്തോടെ നിത്യരക്ഷ ലക്ഷ്യംവച്ചു നീങ്ങുന്ന സഭാസമൂഹത്തിൽ അനുസരണയോടെ ശുശ്രൂഷ ചെയ്യുന്നതിൽ അപകർഷതതോന്നേണ്ട കാര്യമില്ല. യഥാർത്ഥമായ ക്രിസ്ത്യൻ അനുസരണം ഒരിക്കലും ദാസ്യമനോഭാവത്തോടെയുള്ള കീഴ്പ്പെടലല്ല. മിശിഹായിലുള്ള അനുസരണം പാലിക്കുന്ന വൈദികനുമാത്രമേ ദൈവജനത്തോട് സുവിശേഷ ചൈതന്യത്തിൽ അനുസരണം ആവശ്യപ്പെടാൻ സാധിക്കൂ. ദൈവത്തിന്റെ സഭയിൽ ഭരണച്ചുമതല വഹിക്കുന്ന അധികാരികളുടെ തീരുമാനത്തിനു വിധേയരാകാൻ വൈദികർ എപ്പോഴും സന്നദ്ധരായിരിക്കണമെന്ന് രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ വൈദികരെ സംബന്ധിച്ചുള്ള ഡിക്രിയിൽ പ്രസ്താവിക്കുന്നുണ്ട് (നമ്പർ 15).

സ്വന്തം ഇഷ്ടാനിഷ്ടങ്ങൾക്കപ്പുറം സഭാസമൂഹത്തിന്റെ പൊതുനന്മയെ ലാക്കാക്കി അസൂയയോ കിടമത്സരമോ സ്ഥാനമോഹമോ കൂടാതെ വൈദികക്കൂട്ടായ്മയിൽ ആദ്ധ്യാത്മികാച്ചടക്കത്തോടെ പ്രവർത്തിക്കാൻ അനുസരണം എന്ന സുവിശേഷോപദേശം പുരോഹിതനെ പ്രാപ്തനാക്കുന്നു.

**ബ്രഹ്മചര്യം**

ദൈവരാജ്യത്തെപ്രതി ദൈവത്തിന് അവിഭജിതഹൃദയത്തോടെ പൂർണമായി സമർപ്പിക്കുന്ന പൗരോഹിത്യബ്രഹ്മചര്യത്തെ മനസ്സിലാക്കാൻ ആധുനികലോകത്തിന് എളുപ്പമല്ല. എങ്കിലും, സഭ തുടർന്നും ഈ സിദ്ധിയുള്ളവർക്കുമാത്രം പൗരോഹിത്യം നല്കുക എന്ന പാരമ്പര്യം നിലനിർത്താൻ തീരുമാനിക്കുന്നു. സഭയുടെ ശിരസ്സും മണവാളനുമായ ഈശോമിശിഹായോടാണ് തിരുപ്പട്ടംവഴി പുരോഹിതൻ താദാത്മ്യപ്പെടുന്നത്. മിശിഹാ സഭയെ സ്നേഹിക്കുന്നതുപോലെ പുരോഹിതനും സഭയെ സ്നേഹിക്കണം. സമ്പൂർണ ബ്രഹ്മചര്യം ഇന്നത്തെ ലോകത്തിൽ അസാധ്യമാണെന്നു പല മനുഷ്യരും കൂടുതൽ ചിന്തിക്കുന്നതിനനുസരിച്ച് അത്രയും കൂടുതൽ വിനയത്തോടും സ്ഥൈര്യത്തോടുംകൂടി വൈദികർ, അപേക്ഷിക്കുന്നവർക്ക് ഒരിക്കലും നിഷേധിക്കപ്പെടാത്ത വിശ്വസ്തതയ്ക്കുള്ള വരം, സഭയോടു ചേർന്നു യാചിക്കണം. (രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ വൈദികരെ സംബന്ധിച്ച ഡിക്രി നമ്പർ 16).

**ദാരിദ്ര്യം**

സുവിശേഷാത്മകദാരിദ്ര്യം, ദൈവത്തിനും ദൈവരാജ്യത്തിനുംവേണ്ടി ഭൗതികവസ്തുക്കൾ സ്വതന്ത്രമനസ്സോടെ ത്യജിക്കുന്നതിലാണ് അടങ്ങിയിരിക്കുന്നത്. ഇവിടെ മിശിഹായെയാണ് പുരോഹിതൻ മാതൃകയാക്കുന്നത് (2 കൊറി. 8:9). സഭാശുശ്രൂഷ ഒരു ധനാഗമമാർഗമായി മാറരുത്. സഭാസമൂഹത്തിന്റെ സമ്പത്തിന്റെ വിനിയോഗത്തിൽ സുതാര്യത പാലിക്കാൻ പുരോഹിതന് ഉത്തരവാദിത്വമുണ്ട്. സ്വന്തമെന്നപോലെ സഭാസമൂഹത്തിന്റെ സമ്പത്ത് വൈദികൻ ഉപയോഗിക്കരുത്. ദൈവത്തിനും, സഭാസമൂഹത്തിലെ സഹോദരങ്ങൾക്കും, പ്രത്യേകമായി, പാവപ്പെട്ടവർക്കും



കണക്കു ബോധിപ്പിക്കേണ്ട കാര്യസ്ഥനാണു പുരോഹിതൻ.

സമ്പൽസമൃദ്ധിയുടെയും അതിരുകടന്ന ഉപഭോഗത്തിന്റെയും നടുവിൽ യഥാർത്ഥമായ ദാരിദ്ര്യാരൂപിയിൽ ജീവിക്കുന്ന വൈദികൻ, ധനത്തിലും ഭൗതികവസ്തുക്കളിലും സുരക്ഷിതത്വം തേടുന്ന ലോകത്തിന് ഒരു വെല്ലുവിളിയാണ്.

അനുസരണത്തിനും ബ്രഹ്മചര്യത്തിനും ദാരിദ്ര്യത്തിനും ഈശോമിശിഹാതന്നെയാണ് പുരോഹിതനു മാതൃക.

1992 മാർച്ച് 25-ാം തീയതി വി. ജോൺപോൾ രണ്ടാമൻ മാർപാപ്പാ ഒപ്പുവച്ച സിനഡനന്തര അപ്പസ്തോലികപ്രബോധനത്തിലെ ഈ ചിന്തകളെ അധികരിച്ചു കർദ്ദിനാൾ റോബർട്ട് സറാ നല്കുന്ന വിചിന്തനങ്ങൾ ചുവടെ ചേർക്കുന്നു:

ഈ സുവിശേഷോപദേശങ്ങൾ ജീവിക്കുന്നതിൽ വന്നിരിക്കുന്ന അപചയങ്ങൾ കണ്ടില്ലെന്നു നടിക്കാൻ പറ്റില്ലെന്ന് അദ്ദേഹം ആദ്യമേ ഏറ്റുപറയുന്നു.

വൈദികജീവിതത്തിന്റെ ഭൗതികവത്കരണമാണ് ഈ ദുരവസ്ഥയ്ക്കു കാരണമെന്ന് കർദിനാൾ സറാ ഉറച്ചു വിശ്വസിക്കുന്നു. അദ്ദേഹം പറയുന്നു: "വൈദികൻ ദൈവത്തിനും സഭയ്ക്കും ശുശ്രൂഷ ചെയ്യാനായി വേർതിരിക്കപ്പെട്ടവനാണ്. അവൻ അതിനായി കൂദാശ ചെയ്യപ്പെട്ടവനാണ്." പക്ഷേ, അവന്റെ ജീവിതത്തിന്റെ ദൈവികതയും പരിശുദ്ധിയും നിസാരവത്കരിക്കാനും അപ്രകാരം പുരോഹിതനെ ലൗകികകാഴ്ചപ്പാടോടെ കാണാനും തുടങ്ങിയതാണ് ഈ അപചയത്തിനു കാരണമെന്ന് അദ്ദേഹം തറപ്പിച്ചുപറയുന്നു.

ദൈവംമാത്രമാണ് തന്റെ ഏകാശ്രയമെന്നു വൈദികപരിശീലനകാലത്തുതന്നെ അർത്ഥി തിരിച്ചറിയണം. ദൈവത്താലും ദൈവത്തിനുവേണ്ടിയുമുള്ള ജീവിതത്തിനേ അർത്ഥമുള്ളൂ എന്ന് വൈദികപരിശീലനകാലത്തുതന്നെ അനുഭവിച്ചറിയണം എന്നും കർദിനാൾ സറാ അനുസ്മരിപ്പിക്കുന്നു.

സ്വന്തം കാഴ്ചപ്പാടുകളും പ്രത്യയശാസ്ത്രവുമല്ല വൈദികൻ പ്രഘോഷിക്കേണ്ടത്. മായം ചേർക്കാതെയും പാശ്ചാത്യമനോഭാവങ്ങൾക്കനുസൃതം മയപ്പെടുത്താതെയുമാണ് ദൈവവചനം പ്രഘോഷിക്കേണ്ടത്. വൈദികൻ മിശിഹായോടാണ് താദാത്മ്യപ്പെടേണ്ടത്, ലോകത്തോടല്ല.

മാറ്റം വരാത്ത അടിസ്ഥാന പ്രമാണങ്ങൾ സഭയിലുണ്ടെന്ന കാര്യം അംഗീകരിക്കാൻ ആപേക്ഷികതയുടെ കടന്നുകയറ്റം വൈദികരെപ്പോലും വിമുഖരാക്കുന്നുവെന്നും കർദിനാൾ സറാ പ്രസ്താവിക്കുന്നു.

വൈദികൻ മറ്റൊരു മിശിഹായാണെങ്കിൽ ദരിദ്രനായേ തീരൂ; അതേപ്പറ്റി തർക്കിച്ചിട്ടു കാര്യമില്ല. 'ഞങ്ങളുടെ ആഴത്തിൽനിന്ന്' എന്ന ഗ്രന്ഥത്തിൽ എമരിറ്റസ് പാപ്പാ ബനഡിക്ട് പതിനാറാമൻ 'അവർ എല്ലാം ഉപേക്ഷിച്ച് അവനെ അനുഗമിച്ചു' (ലൂക്കാ 5,11) എന്ന സുവിശേഷഭാഗം ഉദ്ധരിച്ചുകൊണ്ട് പഴയനിയമത്തിൽ പുരോഹിതവംശമായ ലേവ്യർക്ക് ഭൂസ്വത്തവകാശം ഇല്ലായിരുന്നു എന്ന കാര്യവും ഓർമിപ്പിക്കുന്നുണ്ടെന്ന് കർദിനാൾ സറാ ഓർമിപ്പിക്കുന്നു.

ബനഡിക്ട് പാപ്പായുടെ വാക്കുകളോടെയാണ് കർദിനാൾ സറാ തന്റെ പരിചിന്തനം സമാപിപ്പിക്കുന്നത്: "ദൈവതിരുമുമ്പിലുള്ള പൗരോഹിത്യജീവിതം അസ്തിത്വത്തെ മുഴുവനും ഉൾക്കൊള്ളുംവിധം സാർത്ഥകമാകുന്നത് വിശുദ്ധ കുർബാനയാകുന്ന ദിവ്യരഹസ്യത്തിലൂടെയാണ്. വിശുദ്ധ കുർബാനയെ ആഴത്തിൽ ഗ്രഹിക്കുമ്പോൾ അതു നമ്മുടെ ഓഹരിയും അവകാശവുമായി ഭവിക്കുന്നു. 'അഭികാമ്യമായ ദാനമാണ് എനിക്ക് അളന്നു കിട്ടിയിരിക്കുന്നത്; വിശിഷ്ടമായ അവകാശം എനിക്കു ലഭിച്ചിരിക്കുന്നു'(സങ്കീ. 16,6) എന്ന് വൈദികനു പറയാൻ സാധിക്കും. ('ഞങ്ങളുടെ ഹൃദയങ്ങളുടെ ആഴത്തിൽനിന്ന് - പേജ് 38).

ഈസ്റ്റർ ആശംസകൾ
S.J. ആയുർവേദ ഫാർമസി
പുതിയ കാവ് ടെമ്പിൾ റോഡ്
ചെത്തിമറ്റം - പാലാ
ബ്രാഞ്ചുകൾ: കോട്ടയം & ആലപ്പുഴ
മദ്യപാനരോഗചികിത്സ ആയുർവേദത്തിലൂടെ...
നിരാശയിലാണ്ടുപോയ ആയിരക്കണക്കിനു കുടുംബങ്ങളെ സ്വസ്ഥതയിലേക്കു തിരിച്ചുകൊണ്ടുവരാൻ കഴിഞ്ഞ ദിവ്യൗഷധം
Please Contact:
Dr. K.V. Joseph DAM
Mob: 9447421216, 04822-214167

# ഗത്സമേനിലെ വിയർപ്പുതുള്ളികൾ



ഫാ. ജോസഫ് പുത്തൻപുരയ്ക്കൽ കപ്പൂച്ചിൻ

**വി**ശുദ്ധ ലൂക്കായുടെ സുവിശേഷം 22-ാം അധ്യായത്തിൽ യേശുവിന്റെ ഗത്സമേൻ തോട്ടത്തിലെ പ്രാർത്ഥനയെപ്പറ്റി വിശദീകരിക്കുന്നു. ഗത്സമേൻ എന്ന വാക്കിന്റെയർത്ഥം 'ഒലിവ് ആട്ടുന്ന ചക്കുള്ള സ്ഥലം' എന്നാണ്. അവിടെ യേശു എത്തിച്ചേരുന്നു. കമിഴ്ന്നുവീണു പ്രാർത്ഥിക്കുന്ന യേശുവിനെയാണ് നാമിവിടെ കാണുന്നത്. കമിഴ്ന്നു വീഴുകയെന്നത് പ്രാർത്ഥനയുടെ ശരീരഭാഷയാണ്. ഗത്സമേനിലേക്കെത്തുന്നതിനുമുമ്പ് യേശു ശിഷ്യന്മാരിൽനിന്ന് ഒരു കല്ലേറുദൂരം മാറിനിന്നു. 46-ാം സങ്കീർത്തനം 10-ാം വാക്യത്തിൽ പറയുന്നു: "നീ ശാന്തമാവുക, ഞാൻ ദൈവമാണെന്ന് അറിയുക." ശബ്ദകോലാഹലങ്ങൾക്കിടയിൽ ദൈവത്തിന്റെ സ്വരം കേൾക്കാനാവില്ല. ചുറ്റുപാടുകളിൽ നിശബ്ദതയുണ്ടാകുമ്പോഴാണ് ദൈവത്തെ ശ്രവിക്കാൻ കഴിയുന്നത്. മാമ്മോദീസാ കഴിഞ്ഞ ശേഷം യേശു മരുഭൂമിയിലേക്കു പോയി. ഗത്സമേൻതോട്ടത്തിലേക്കു പോകുമ്പോൾ പ്രിയശിഷ്യരിൽനിന്ന് ഒരു കല്ലേറുദൂരം പോയി. ചില മനുഷ്യരിൽനിന്നും അകന്നുനിന്നാലേ ദൈവത്തോട് അടുക്കുവാൻ കഴിയൂ. ദൈവത്തോട് അടുപ്പിക്കാത്ത മനുഷ്യരിൽനിന്നും പരമാവധി അകലണം. ദൈവത്തോട് അടുപ്പിക്കുന്നവരോട് പരമാവധി അടുത്തുനിൽക്കണം.




പ്രാർത്ഥനയുടെ ഫലങ്ങൾ ഇവിടെ നാം കാണുന്നുണ്ട്. പ്രാർത്ഥനയെക്കുറിച്ചുള്ള ചില ചിന്തകളും നമുക്കു ലഭ്യമാണ്. നാളെ ഒരു കാൽവരിയും കുരിശും എനിക്കുണ്ടെങ്കിൽ പ്രാർത്ഥിക്കുമ്പോൾ വിയർത്തുപോകും. യേശുവിന്റെ മുമ്പിൽ കുരിശും കാൽവരിയുമുണ്ട്. അതു മുന്നിൽ കണ്ട യേശു പ്രാർത്ഥിച്ചപ്പോൾ രക്തം വിയർത്തു. ഭീതിജനകവും വേദനിപ്പിക്കുന്നതുമായ അനുഭവമുണ്ടെങ്കിൽ പ്രാർത്ഥിക്കുമ്പോൾ നാം വിയർക്കും. ബാങ്കുജപ്തിയുടെ ഭീഷണി, മാരകമായ രോഗത്തിന്റെ സൂചന, മക്കളുടെ പ്രശ്നങ്ങൾ എന്നിവയൊക്കെ മുമ്പിൽ വരുമ്പോൾ പ്രാർത്ഥനയിൽ നാം വിയർത്തുപോകും. കടുകുമണിപോലെ നിറഞ്ഞ വിശ്വാസം നമുക്കുണ്ടാകാത്തതിന്റെ കാരണം മാറാൻ മലയില്ലാത്തതാണ്. നാളെ കാൽവരിയും കുരിശുമില്ലാത്തവർക്ക് പ്രാർത്ഥന ഉറക്കത്തിന്റെ സമയമാണ്. പത്രോസിനും കൂട്ടർക്കും നാളെ കാൽവരി കയറേണ്ട ആവശ്യമില്ല. അവർ തളർന്ന് ഉറങ്ങുന്നതായി കാണുന്നു.

ദുഃഖവെള്ളിയാഴ്ച മറ്റൊരു രംഗത്തിന് നാം സാക്ഷ്യം വഹിക്കുന്നു. പ്രാർത്ഥിച്ച് മനസ്സിനെ പാകപ്പെടുത്താത്ത രണ്ടു കള്ളന്മാർ കാൽവരിയിലേക്കു വന്നു. കുരിശിൽ തറച്ചപ്പോഴും ആണിയടിച്ചപ്പോഴും അവർ പിറുപിറുത്തു. പ്രാർത്ഥിക്കാത്ത കള്ളന്മാർക്ക് 'കുരിശ്' ശാപവും ശല്യവുമായിരുന്നു. അനുദിന ജീവിതത്തിൽ പ്രാർത്ഥനയില്ലാതായാൽ നമ്മൾ ശാപവാക്കുകൾ പറയും. എന്തിലും ഏതിലും അസ്വസ്ഥത കാണിക്കും. എന്നാൽ, പ്രാർത്ഥിച്ച് ഒരുങ്ങിയ യേശു കാൽവരിയിൽ വന്നപ്പോഴുള്ള കാഴ്ച വ്യത്യസ്തമാണ്. പിതാവായ ദൈവം വിരിച്ചുപിടിച്ച കരങ്ങളായി കുരിശിനെ അവൻ കണ്ടു. വേദനിപ്പിക്കുന്ന കുരിശിനും വേദനിക്കുന്ന ശരീരത്തിനുമിടയിൽ ദൈവസാന്നിധ്യം അനുഭവിച്ചും നമ്മൾ പ്രാർത്ഥിക്കുന്നവരല്ലെങ്കിൽ തകർച്ചകളിൽ കുരിശിനെ കണ്ടെത്തും. പ്രാർത്ഥിക്കുന്ന വ്യക്തികളാണെങ്കിൽ എനിക്കും കുരിശിനുമിടയിൽ ക്രൂശിതനായ കർത്താവിനെ കണ്ടെത്തും.

പ്രാർത്ഥിക്കുമ്പോൾ എന്തു സംഭവിക്കുമെന്ന് ഗത്സമേൻതോട്ടം പഠിപ്പിക്കുന്നു. ചില പ്രാർത്ഥനകൾ പ്രത്യക്ഷത്തിൽ കേൾക്കാത്ത പ്രാർത്ഥനകളായി തോന്നാം. 'കാസാ മാറ്റിത്തരണമേ' എന്ന യേശുവിന്റെ പ്രാർത്ഥന ദൈവം കേട്ടതായി തോന്നില്ല. പക്ഷേ, കുടിക്കുവാൻ പാനപാത്രങ്ങൾ നൽകുന്ന ദൈവം പ്രാർത്ഥിക്കുന്ന മനുഷ്യരെ ആശ്വസിപ്പിക്കുവാൻ മാലാഖമാരെ അയച്ചുകൊടുക്കും. ഒത്തിരി വേദനകൊണ്ടു മുറിയുമ്പോൾ ഒരു ധ്യാനപ്രസംഗം ദൈവം നമ്മെ കേൾപ്പിക്കും. തിരുവചനമായും ആത്മീയ ഗീതങ്ങളായും കർത്താവു നമ്മെ ആശ്വസിപ്പിക്കും. ഒരു കാര്യത്തിനായി പ്രാർത്ഥിക്കുമ്പോൾ ആ കാര്യം സാധിച്ചില്ലെങ്കിലും പ്രാർത്ഥിക്കുന്ന മനുഷ്യന് ആന്തരികമായ കരുത്തു ലഭിക്കും. പ്രതിസന്ധികൾ തീർന്നില്ലെങ്കിലും അവയുടെമേൽ ചിറകുവിരിച്ച് പറന്നുയരാൻ ശക്തി ലഭിക്കും. ജീവിതപ്രതിസന്ധികളിൽ തളരാതെ നിൽക്കുവാൻ മറിയത്തിനു കരുത്തു നൽകിയത് പ്രാർത്ഥനയാണ്. അപ്പസ്തോലന്മാർ തളരാതെ നിന്നത് പ്രാർത്ഥനയുടെ ബലത്തിലാണ്.

ഗത്സമേൻ നമ്മെ പഠിപ്പിക്കുന്ന പാഠം എപ്രകാരം ഉപസംഹരിക്കണമെന്നതാണ്. പാനപാത്രം മാറ്റിത്തരണമേ എന്നു പ്രാർത്ഥിച്ച യേശു അവസാനം പറയുന്നത് 'നിന്റെ ഇഷ്ടം നിറവേറട്ടെ' എന്നാണ്.

നമ്മുടെ ആഗ്രഹങ്ങൾ ദൈവത്തിന്റെ മുമ്പിൽ പറയാം. പക്ഷേ, അവസാനം യേശു പറഞ്ഞതുപോലെ നമ്മളും കൂട്ടിച്ചേർക്കണം. ഞാൻ പരിമിതിയുള്ള മനുഷ്യനാണ്. എന്റെ പരിമിതിക്കുള്ളിൽ നിന്നു ഞാൻ കാണുന്നു. ദൈവം അനന്തതയെ കാണുന്നു. എനിക്കുപരി നന്മ വരുന്നതെന്തെന്ന് ദൈവം അറിയുന്നു. അപ്രകാരം അവിടുന്നു പ്രവർത്തിക്കും. ആവശ്യങ്ങൾ അവതരിപ്പിച്ചശേഷം ദൈവഹിതത്തിന് സമ്പൂർണമായി വിട്ടുകൊടുക്കുവാൻ നമുക്കു കഴിയട്ടെ.



# പ്രത്യാശയുടെ വാതിൽ



മേരി സെബാസ്റ്റ്യൻ

ജീവനുള്ള സകലതും ഉദ്ഭവം, വളർച്ച, ക്ഷയം എന്നീ മൂന്നവസ്ഥകളിലൂടെ കടന്നുപോകണമെന്നുള്ളത് ജൈവപരമായ പ്രകൃതിനിയമമാണ്. എന്നാൽ, സ്രഷ്ടാവായ ദൈവം തന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിച്ചതും തന്മൂലം ദൈവാംശം കുടികൊള്ളുന്നതും ആത്മാവും ശരീരവുമുള്ളതുമായ മനുഷ്യർ മാത്രം തങ്ങളുടെ ജഡമുപേക്ഷിച്ചു സ്രഷ്ടാവിലേക്കുതന്നെ മടങ്ങിപ്പോകുന്നു. സഭാപ്രസംഗകൻ ഇപ്രകാരം ആലേഖനം ചെയ്തിരിക്കുന്നു: "ധൂളി അതിന്റെ ഉറവിടമായ മണ്ണിലേക്കു മടങ്ങുന്നു. ആത്മാവ് തന്റെ ദാതാവായ ദൈവത്തിലേക്കു തിരിച്ചുപോകുകയും ചെയ്യുന്നു."

ചരിത്രാതീതകാലംമുതൽ വിവിധ ഘട്ടങ്ങളിൽ അനന്തകോടി ജനങ്ങൾ ഈ ഭൂമുഖത്തു ജനിച്ചു മരിച്ചു മണ്ണോടു ചേർന്നിട്ടുണ്ട്. അവരിൽ അമാനുഷികരെന്നവകാശപ്പെടുന്ന ആൾദൈവങ്ങൾ തുടങ്ങി പ്രഗല്ഭരും പ്രസിദ്ധരുമായ രാജാക്കന്മാർ, പ്രഭുക്കൾ, ഗുരുക്കന്മാർ, ശാസ്ത്രജ്ഞർ, ഭിഷഗ്വരർ, ദാർശനികർ, വിജ്ഞാനികൾ എന്നിവരെല്ലാം ഉൾപ്പെടുന്നു. കല്ലറകൾക്കുള്ളിൽ കാലങ്ങളായി അഴുകാത്ത ഭൗതികശരീരത്തോടുകൂടിയ മഹാവിശുദ്ധർ വസിക്കുന്നു. അവരും പഞ്ജരം ഉപേക്ഷിച്ചു പറന്നുപോകുന്ന പക്ഷിയെപ്പോലെ സ്വർഗം പൂകിയവരാണ്. എന്നാൽ, മേൽപ്പറഞ്ഞവരാരും മരിച്ചതിനുശേഷം ഈ ഭൂമിയിലേക്കു തിരിച്ചുവന്നിട്ടില്ല. പക്ഷേ, ലോകചരിത്രം തിരുത്തിക്കുറിച്ചുകൊണ്ട് രണ്ടായിരം വർഷങ്ങൾക്കു മുമ്പ് ഒരേ ഒരാൾ മാത്രം മരിച്ച് മൂന്നാംനാൾ ഉയിർത്തെഴുന്നേൽക്കുക!... അവനാണു നസ്രായനായ യേശുക്രിസ്തു. അതുകൊണ്ടുതന്നെ മനുഷ്യജീവിതത്തിലെ സമസ്തസമസ്യകൾക്കും സങ്കീർണപ്രശ്നങ്ങൾക്കും സകലസംശയങ്ങൾക്കുമുള്ള ഉത്തരം യേശുക്രിസ്തുവിന്റെ ഉത്ഥാനത്തിൽ നിക്ഷിപ്തമാണ്. കാരണം, അവൻ ലോകഗുരുവും നാഥനും രക്ഷകനുമാണ്.

കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം പഠിപ്പിക്കുന്നു: "മരണത്തിന്റെ നിമിഷങ്ങളിൽ ഓരോ മനുഷ്യനും അവന്റെ നിത്യസമ്മാനം അനശ്വരമായ ആത്മാവിൽ ലഭ്യമാവുന്നു. ക്രിസ്തുവുമായുള്ള അവന്റെ ജീവിതത്തെ ബന്ധപ്പെടുത്തിയാണത്. ഒരു ശുദ്ധീകരണപ്രക്രിയയിലൂടെയോ നേരിട്ടോ സൗഭാഗ്യത്തിലേക്കുള്ള പ്രവേശനം അല്ലെങ്കിൽ നേരിട്ടുള്ളതും ശാശ്വതവുമായ ശിക്ഷയിലേക്കുള്ള പ്രവേശനം" (സി.സി.സി. 1022). ഈശോ പറഞ്ഞ ലാസറിന്റെയും ധനവാന്റെയും ഉപമ ഈ യാഥാർത്ഥ്യമാണു നമ്മെ ഓർമപ്പെടുത്തുന്നത്. ആരും സ്വർഗത്തിൽനിന്ന് ഒരടയാളവും നോക്കിയിരിക്കേണ്ടതില്ല. അതിനാണല്ലോ നിയമവും പ്രവാചകരും ദൈവവചനങ്ങളും. കൂടാതെ, ആത്മീയഗുരുക്കന്മാരും കൂദാശകളും ധാർമികശക്തിയെയും ആധ്യാത്മികമൂല്യങ്ങളെയും പോഷിപ്പിക്കുന്നു. ഒരുവൻ പുതിയ സൃഷ്ടിയാവുകയെന്നതാണ് പരമപ്രധാനം!

യേശു വിഭാവനം ചെയ്ത രക്ഷ സാർവത്രികമാണ്. ആരും മാറ്റിനിർത്തപ്പെടേണ്ടവരല്ല. കാരണം, മാനവരാശി മുഴുവൻ ഒരേ പിതാവിന്റെ മക്കളാണ്, പ്രാന്തസ്ഥരായ രോഗികൾ, പാപികൾ, ചുങ്കക്കാർ, ദരിദ്രർ, നിരക്ഷരർ തുടങ്ങിയവർക്കിടയിൽ സ്നേഹവിപ്ലവത്തിന്റെ തിരികൊളുത്തി അവരുടെ പക്ഷം ചേർന്ന് അവരിലൊരാളെപ്പോലെ സമൂഹത്തിന്റെ വിളുമ്പുകളിൽ അവൻ ചുറ്റിസഞ്ചരിച്ചു. തന്റെ പരസ്യജീവിതത്തിന്റെ പരിസമാപ്തി വി. കുർബാന സ്ഥാപിക്കലായിരുന്നല്ലോ. തന്റെ രക്തവും ശരീരവുംവഴി മനുഷ്യവംശം മുഴുവൻ ഒരു പിതാവിന്റെ മക്കളായി, സഹോദരീസഹോദരന്മാരായി ജീവിക്കണമെന്നവിടുന്നു തീവ്രമായി ആഗ്രഹിച്ചു. അതിന്റെ മുന്നാസ്വാദനമായിരുന്നു പെസഹാവ്യാഴാഴ്ചത്തെ പീഡാസഹനവും കുരിശുമരണവും. പിതാവായ ദൈവം മനുഷ്യമക്കൾക്കായി അനാദിയിലേ ഒരുക്കിയിരുന്ന രക്ഷാകരപദ്ധതി അതിന്റെ പരിസമാപ്തിയിലെത്തിയത് തന്റെ ഏകജാതന്റെ തിരുവുത്ഥാനംകൂടി നിറവേറിയതിലൂടെയാണ്!




യേശുവിന്റെ ഉത്ഥാനം കണ്ടവരാരുമില്ല. അതു ത്രിതൈ്വക ദൈവത്തിൽ അധിഷ്ഠിതമായ നിഗൂഢരഹസ്യമാണ്. എന്നാൽ, അടയാളങ്ങൾ കാണപ്പെട്ടിരുന്നു. കല്ലറയുടെ മുകളിൽനിന്നു കല്ല് ഉരുട്ടിമാറ്റപ്പെട്ടിരുന്നു. തിരുശരീരം പൊതിഞ്ഞിരുന്ന തിരുക്കച്ച മാറിക്കിടന്നതും തലയിൽ കെട്ടിയിരുന്ന തൂവാല കച്ചയോടുകൂടെയല്ലാതെ തനിയെ കിടക്കുന്നതുമാണ് അടയാളമായി കാണപ്പെട്ടത്. അവനെ മരണശിക്ഷയ്ക്കു വിധിച്ചവരെയും അവന്റെ രക്തത്തിനായി മുറവിളി കൂട്ടിയവരെയും കല്ലറയ്ക്കു കാവൽനിന്നവരെയുമെല്ലാം ഭയവിഹ്വലരും അദ്ഭുതപരതന്ത്രരുമാക്കി എല്ലാ കണക്കുകൂട്ടലുകളെയും തെറ്റിച്ച് മൂന്നാം ദിവസം വിജയശ്രീലാളിതനായി ഉത്ഥാനം ചെയ്തു! തിന്മയ്ക്കും അനീതിക്കും അസത്യത്തിനും ശാശ്വതമായ നിലനില്പ് ഇല്ലെന്നുള്ള തിരിച്ചറിവാണ് യേശുവിന്റെ ശൂന്യമായ കല്ലറ നമ്മെ ഓർമപ്പെടുത്തുന്നത്.

ഉത്ഥാനശേഷം തന്റെ അമ്മയായ പരിശുദ്ധ മറിയത്തിന് ഈശോ ആദ്യമായി പ്രത്യക്ഷപ്പെട്ടുവെന്ന് വിശുദ്ധപാരമ്പര്യങ്ങൾ എക്കാലവും വിശ്വസിച്ചുപോരുന്നു. അതിനുശേഷം ഉത്ഥാനപ്പുലരിയിൽത്തന്നെ അവനെ കാണാനുള്ള ഭാഗ്യം ലഭിച്ചത് മഗ്ദലനമറിയത്തിനാണ്. അവിടുന്ന് അവളെ പേരുചൊല്ലി വിളിച്ചു. ഉത്ഥാനദൂത് ശിഷ്യരെ അറിയിക്കാൻ ആദ്യനിയോഗം ലഭിച്ചതും അവൾക്കുതന്നെ. അങ്ങനെ, അവൾ ആദ്യത്തെ അപ്പസ്തോലയായി. മാത്രമല്ല, സ്ത്രീത്വത്തിന്റെ മഹത്ത്വവും ഔന്നത്യവും അവളിലൂടെ യേശു ലോകത്തിന്റെ മുമ്പിൽ ഉയർത്തിപ്പിടിച്ചു. സ്ത്രീത്വത്തിന് അവിടുന്ന് അംഗീകാരവും ആദരവും നൽകി.

യേശു തന്റെ ഉത്ഥാനത്തിനുശേഷം പല രൂപഭാവങ്ങളിൽ സ്ഥലകാലഭേദമില്ലാതെ ശിഷ്യന്മാർക്കു പ്രത്യക്ഷപ്പെട്ടു. ഈ പ്രത്യക്ഷീകരണങ്ങളുടെ ചുവടുപിടിച്ചാണ് തിരുസ്സഭ രൂപംകൊണ്ടതും പടർന്നുപന്തലിച്ചതും. ആദിമക്രൈസ്തവരുടെ ചുടുനിണം വീണു കുതിർന്ന വളക്കൂറുള്ള മണ്ണിലാണ് സഭയുടെ വേരോട്ടം! ഉയിർത്തെഴുന്നേറ്റ ക്രിസ്തു സമാധാനമായി, സന്തോഷമായി സന്തതസഹചാരിയായി നമ്മോടൊപ്പമുണ്ട്. "നമ്മൾ പുനരുത്ഥാനത്തിന്റെ മക്കളാണ്. ഹല്ലേലുയ്യായുടെ ഗീതമാണ്" -വി. അഗസ്റ്റിന്റെ വാക്കുകളാണിത്.

യേശുവിന്റെ പീഡാസഹനവും കുരിശുമരണവും നമ്മുടെ ജീവിതത്തെ സമൂലം മാറ്റിമറിക്കണം. അതു മാത്രമാണ് യേശു നൽകുന്ന രക്ഷ സ്വന്തമാക്കാനുള്ള മാർഗം. യേശു നേടിത്തന്നതാണ് നാം പ്രാപിക്കാൻ കാത്തിരിക്കുന്ന നിത്യജീവൻ! തന്മൂലം നശ്വരമായ ജീവിതത്തെ മറന്ന് അനശ്വരമായ ആത്മാവിനെ പുൽകി ജാഗരൂകരായി സ്വർഗീയതുറമുഖം ലക്ഷ്യമാക്കി യാത്ര തുടരാം: "ഞാൻ പോയി നിങ്ങൾക്കു സ്ഥലമൊരുക്കിക്കഴിയുമ്പോൾ ഞാൻ ആയിരിക്കുന്നിടത്ത് നിങ്ങളും ആയിരിക്കേണ്ടതിന് ഞാൻ വീണ്ടും വന്ന് നിങ്ങളെ കൂട്ടിക്കൊണ്ടുപോകും." സുന്ദരമായ ഈ വാഗ്ദാനം നമ്മുടെ പാഥേയമായിരിക്കട്ടെ.






ഗിരീഷ് കെ. ശാന്തിപുരം

ഏതു സമയത്തും യുദ്ധമുഖങ്ങളിലേക്കെത്തിപ്പെടാവുന്ന ഒരു ജീവിതമാണ് പട്ടാളക്കാരന്റേത്. യുദ്ധമുഖങ്ങളിൽ നില്ക്കുമ്പോൾ മരണത്തിന്റെ കോട്ടവാതിലിൽത്തന്നെയാണു നില്ക്കുന്നതെന്ന കരുതൽ വേണം.

വായു തുളച്ചുവരുന്ന ഒരസ്ത്രമോ സീൽക്കാരമുതിർത്തു വരുന്ന ഒരു വാൾത്തലയോ ചീറിവരുന്ന ഒരു വെടിയുണ്ടയോ മരണം കൊണ്ടുവരും. ഒരു യോദ്ധാവിനു സ്വന്തം നിഴൽപോലെ മരണം കൂടെയുണ്ടാകും. അവൻ കരുതലോടെയിരിക്കണം.

ക്യാപ്റ്റൻ ഡിലനായിയുടെ കാവൽക്കാരൻ വിശുദ്ധ മിഖായേൽ മാലാഖയായിരുന്നു. വിശുദ്ധ മിഖായേലിനോട് ഡിലനായി സദാ നേരവും പ്രാർത്ഥിച്ചിരുന്നു. ഊണിലും ഉറക്കത്തിലും തനിക്കു കൂട്ടായിരിക്കണേയെന്ന്.

സ്വപ്നങ്ങളിൽ, മിഖായേൽ തനിക്കു കാവൽ നില്ക്കുന്നത് ഡിലനായി കണ്ടു. സ്വർണച്ചിറകുകളും സൂര്യനെ വെല്ലുന്ന തിളക്കമുള്ള ഖഡ്ഗവുമുണ്ടായിരുന്നു മിഖായേലിന്റെ പക്കൽ. ആയതിനാൽ, ലോകത്തിന്റെയും കാലത്തിന്റെയും കാവൽക്കാരനായ മിഖായേൽ, തന്നെയും തന്റെ കുടുംബത്തെയും കാത്തുരക്ഷിക്കുമെന്ന് ക്യാപ്റ്റൻ അകംനിറഞ്ഞു വിശ്വസിച്ചിരുന്നു.

ആ വിശ്വാസം വൃഥാവിലായില്ല. ഉദയഗിരിക്കോട്ടയുടെ പണിക്കൊപ്പംതന്നെ മഹാരാജാവ് ഡിലനായിക്കും കുടുംബത്തിനും പാർക്കാനുള്ള മാളികയുടെയും പണികളാരംഭിച്ചു. എല്ലാ സൗകര്യങ്ങളോടും കൂടിയ ഒരു മണിമന്ദിരം.


മന്ത്രി രാമയ്യന്റെ മേൽനോട്ടമുണ്ടായിരുന്നെങ്കിലും നീലകണ്ഠന്റെ അവിശ്രാന്തമായ പരിശ്രമമുണ്ടായിരുന്നു കോട്ടകളുടെ നിർമാണജോലികൾക്കു പിന്നിൽ. കണിശവും സൂക്ഷ്മവുമായ മേൽനോട്ടമായിരുന്നു നീലകണ്ഠന്റേത്. എള്ളുചോരുന്നതുപോലും നീലകണ്ഠനു കൺപെട്ടു.

കോട്ടകളുടെ പണി പൂർത്തിയാകുന്നതിനുമുമ്പേ വലിയ കപ്പിത്താനു വസിക്കുന്നതിനുള്ള മാളികയുടെ പണി പൂർത്തിയായി. കോട്ടകളുടെ ജോലികൾ തുടർന്നുകൊണ്ടേയിരുന്നു. അതിനോടൊപ്പം ഉദയഗിരിക്കോട്ടയിൽ ക്യാപ്റ്റൻ ഡിലനായിക്ക് ആരാധന ചെയ്യാനായി മിഖായേൽ മാലാഖയുടെ നാമത്തിൽ ഒരു ദേവാലയം നിർമിക്കാനുള്ള അനുവാദവും മഹാരാജാവ് കൊടുത്തു.

കാലം മനുഷ്യർക്കായി ചിലത് കരുതിവയ്ക്കും. കാലത്തിന്റെ മടിശ്ശീല അദ്ഭുതങ്ങളുടെ ആവനാഴിയത്രേ. ക്യാപ്റ്റൻ ഡിലനായി ഏറെ ആഗ്രഹിച്ചിരുന്ന ഒരു സംഗതിയാണ് മിഖായേൽ മാലാഖയുടെ നാമത്തിൽ ഒരാരാധനാലയം. പക്ഷേ, അത് ഇത്രവേഗം സംഭവിക്കുമെന്നു സ്വപ്നത്തിൽപ്പോലും കപ്പിത്താൻ കരുതിയിരുന്നില്ല.

കപ്പിത്താന്റെ പ്രിയപത്നി മാർഗരറ്റും മകൻ ജോഹന്നാസും കൊല്ലം തുറമുഖത്ത് കപ്പലിറങ്ങിയിരുന്നു. അറിയിപ്പു കിട്ടിയ അതേനിമിഷത്തിൽ കൊട്ടാരത്തിൽനിന്ന് അശ്വദ്വയങ്ങൾ വലിക്കുന്ന കുതിരവണ്ടി കൊല്ലം തുറംമുഖം ലക്ഷ്യമാക്കി പറന്നു. ആ ഒരുക്കങ്ങൾക്കെല്ലാം പിന്നിൽ നീലകണ്ഠനായിരുന്നു.

തിരുവിതാംകൂറിനു പടിഞ്ഞാറ് അറബിക്കടലിന്റെ അങ്ങേത്തലയ്ക്കൽ സൂര്യൻ അസ്തമയത്തിനൊരുങ്ങുന്ന നേരമായിരുന്നത്. അസ്തമയത്തിന്റെ സുതാര്യമായ സ്വർണക്കമ്പളം പുതച്ചു കിടന്നിരുന്ന തിരുവിതാംകൂറിന്റെ രാജവീഥിയിലൂടെ ഒരു കുതിരവണ്ടി മാർഗരറ്റിനെയും ജോഹന്നാസിനെയും വഹിച്ചുകൊണ്ട് പദ്മനാഭപുരത്തെത്തി.



ഒരു സ്വപ്നംപോലെയായിരുന്നു ക്യാപ്റ്റൻ ഡിലനായിക്കത്. ജറുസലേമിലെ സകലപുഷ്പങ്ങളും വിരിഞ്ഞു നില്ക്കുന്ന ഒരു വസന്തകാലത്തിലെന്നവണ്ണം പൂക്കളുടെ സുഗന്ധം അനുഭവിച്ചു ഡിലനായി. വിശുദ്ധ മിഖായേൽ തന്റെ വെള്ളിച്ചിറകുകൾ വീശിയുതിർക്കുന്ന കുന്തിരിക്കഗന്ധമുള്ള സ്നിഗ്ധമായ കാറ്റേറ്റു നില്ക്കുന്നതുപോലെ.

ക്യാപ്റ്റൻ ഡിലനായി തന്റെ ഓമനപ്പുത്രൻ ജോഹന്നാസിനെ തന്നോടണച്ചു നിറുത്തി. പുത്രനെ തന്നോടണച്ചു നിർത്തുമ്പോൾ അദ്ദേഹത്തിന്റെ ഹൃദയത്തിൽ ആനന്ദവും കണ്ണുകളിൽ സങ്കടവും നിറഞ്ഞു.

കുതിരവണ്ടിയിൽനിന്നിറങ്ങിയപാടേ നില്ക്കുകയായിരുന്നു മാർഗരറ്റ്. അവർ നിർന്നിമേഷയായി ഡിലനായിയെത്തന്നെ നോക്കി നില്ക്കുന്നു. ഡിലനായി ജോഹന്നാസിനെവിട്ട് മാർഗരറ്റിനടുക്കേക്കു ചെന്നു.

മാർഗരറ്റിന്റെ പ്രണയംകൊണ്ട് വിറകൊള്ളുന്ന അധരങ്ങളും വിരഹം ആഴങ്ങൾ വറ്റിച്ചുകളഞ്ഞ വെള്ളാരംകണ്ണുകളും ക്യാപ്റ്റൻ ഡിലനായി കണ്ടു. ഡിലനായി മാർഗരറ്റിനെ പ്രണയപൂർവം പരിരംഭണം ചെയ്തു.

അപ്പോൾ ഉദയഗിരിക്കോട്ടയ്ക്കു പുറത്തുനിന്നിരുന്ന പനിനീർച്ചെമ്പകം പൂക്കൾ പൊഴിക്കുന്ന നേരമായിരുന്നു.

ഈ കാഴ്ചകളെല്ലാം നോക്കിക്കണ്ട് ഉദയഗിരിക്കോട്ടയുടെ പടവുകളിൽ നീലകണ്ഠൻ നില്ക്കുന്നുണ്ട്. വലിയ കപ്പിത്താന്റെയും കുടുംബത്തിന്റെയും പുനഃസമാഗമം നീലകണ്ഠനെ അതിരറ്റു സന്തോഷിപ്പിച്ചു. ലോകത്തിലുള്ള എല്ലാ മനുഷ്യരും സന്തോഷം അനുഭവിക്കണം. ഭൂമിയിൽനിന്നു ദുഃഖങ്ങളെല്ലാം അകന്നുപോകണം. നന്മയാലും കരുണയാലും മനുഷ്യരെല്ലാം ദേവതുല്യരാകണം.

നീലകണ്ഠനപ്പോൾ ഭാർഗവിയെ ഓർമിച്ചു. ഒരു കടച്ചിൽ കാരണമൊന്നുമില്ലാതെ നീലകണ്ഠൻ ഹൃദയത്തിൽ അനുഭവിക്കുകയും ചെയ്തു.

കപ്പിത്താനെയും കുടുംബത്തെയും ഉദയഗിരിയിലെ മാളികയിലാക്കി നീലകണ്ഠൻ കൊട്ടാരത്തിന്റെ അനുമതിയോടെ മരുതുകുളങ്ങരയിലേക്കു പുറപ്പെട്ടു. ഇരുൾചിറകുകൾ വിരിഞ്ഞിറങ്ങുന്ന ഇടവഴികളിലൂടെ പൊടിപടലങ്ങളുയർത്തി നീലകണ്ഠന്റെ കുതിര നട്ടാലത്തേക്കു ധൃതിപ്പെട്ടു.

പടിപ്പുരയിലെത്തുമ്പോൾ സന്ധ്യാദീപംപോലെ ഭാർഗവി കാത്തുനില്പുണ്ട്. നീലകണ്ഠന്റെ കണ്ണുകൾ അദ്ഭുതത്താൽ വിടർന്നു.

"ഞാൻ അങ്ങയെ കാത്തുനില്ക്കുകയായിരുന്നു." ഭാർഗ്ഗവി പറഞ്ഞു.

"അദ്ഭുതംതന്നെ. ഞാൻ വരുമെന്ന് എങ്ങനെയറിഞ്ഞു...?"

"എന്റെ മനസ്സു പറഞ്ഞു. അങ്ങ് വരുമെന്ന്."

സന്ധ്യ വീണിരുന്നു. തറവാടിന്റെ നാലിറയത്ത് നിലവിളക്ക് സന്ധ്യാവാതത്തിൽ മുനിഞ്ഞു കത്തുന്നുണ്ട്. ഗന്ധരാജൻപൂക്കളുടേതാകണം ഒരു നേർത്ത സുഗന്ധം കാറ്റിൽ അലിഞ്ഞു ചേർന്നിട്ടുണ്ട്.

നീലകണ്ഠൻ കുതിരയെ പടിപ്പുരയ്ക്കു പുറത്ത് ഒരു ചാവേക്കുമരത്തിൽ ബന്ധിച്ചു. അതിന് തീറ്റിയിട്ടു കൊടുക്കാൻ ഭൃത്യനെ ഏല്പിച്ച്, ഭാർഗവിയോടൊപ്പം തറവാടിന്റെ ഉമ്മറത്തെത്തി ദീപം തൊഴുത് അകത്തേക്കു പ്രവേശിച്ചു.

രാമച്ചതൈലം ചേർത്ത് ഇളംചൂടുവെള്ളത്തിൽ കുളിച്ചപ്പോൾ നീലകണ്ഠന് എന്തെന്നില്ലാത്ത സൗഖ്യം അനുഭവപ്പെട്ടു. പത്മനാഭപുരത്തെ ഔദ്യോഗികതയുടെ കെട്ടുപാടുകൾ മനസ്സിൽനിന്നകന്നു പോകുന്നു.

കുളികഴിഞ്ഞ് നീലകണ്ഠൻ കാരണവരെ കണ്ടു. കാരണവർക്ക് ദീനം കുറവില്ല. എന്നാൽ, കൂടുതലുമില്ല. പരസഹായത്തോടെ എഴുന്നേറ്റിരിക്കാനും ജോലിക്കാരെ തറവാട്ടുകാര്യങ്ങളൊക്കെ പറഞ്ഞേല്പിച്ച് ചെയ്യിക്കാനും കഴിയുന്നുണ്ട്. കേഴ്വിക്കും കാഴ്ചയ്ക്കും തെറ്റൊന്നുമില്ല. അതുതന്നെ ദേവീകടാക്ഷം എന്നാണു കാരണവർ മൊഴിയുന്നത്.

പുലിയൂർകുറിശ്ശിയിൽനിന്ന് മഹാലിംഗവൈദ്യൻ വീണ്ടും വന്നിരുന്നു. ആസവങ്ങളും കഷായവും ചൂർണ്ണങ്ങളും മാറ്റിക്കുറിച്ചു. ചികിത്സ മുടക്കം കൂടാതെ തുടരുക എന്നാണ് വൈദ്യരുടെ കല്പന. അത് യഥാവിധി തുടരുന്നുണ്ടെന്ന് ഭാർഗവി പറഞ്ഞു.

പദ്മനാഭപുരത്തേക്കു രാവിലെതന്നെ പുറപ്പെടേണ്ടതുള്ളതുകൊണ്ട് നീലകണ്ഠൻ ഉറക്കറയിലേക്കു പ്രവേശിച്ചു. കിഴക്കിനിക്കോലായിലെ ഉറക്കറയിൽ തൂക്കുവിളക്കുകൾ ജ്വലിക്കുന്നുണ്ട്. ആ വെളിച്ചപ്രളയത്തിലേക്കാണ് ഭാർഗ്ഗവി വാതിൽചാരി വന്നത്

ഭാർഗവി ജാലകപ്പാളികൾ തുറന്നിട്ടു. ഉഷ്ണം പാടേ ഒഴിഞ്ഞുപോയ ഒരു രാത്രിയായിരുന്നത്. നട്ടാലത്തിനു മുകളിൽ നീഹാരവർഷമുണ്ട്. മാലേയഗന്ധമുള്ള രാത്തെന്നൽ മെല്ലെമെല്ലെ അണയുന്നുണ്ട്.

വിളക്കുനാളങ്ങളുടെ ഹേമവർണത്തിൽ ഭാർഗവി ഒരു ദേവകന്യകയെ ഓർമിപ്പിക്കുന്നു. ഭാർഗവിയിൽനിന്ന് ചന്ദ്രിക മന്ദസ്മിതമാണുതിരുന്നത്. അവളുടെ നാസികയിലെ മുക്കുത്തിയിൽനിന്ന് ജംഭാരിരത്നത്തിറ വഴിയുന്നു.

പ്രണയത്തിന്റെ കദംബവൃക്ഷങ്ങൾ പൂക്കുന്ന രാത്രി. ദൂരെ മുളംകാടുകൾ കാറ്റിൽ ശൃംഗാരപദങ്ങളുതിർക്കുന്നു.

ഭാർഗവി തല്പത്തിൽ വന്നിരുന്നു. ചീനപ്പട്ടു വിരിച്ച കിടപ്പറമഞ്ചത്തിന്റെ ഓരം ചേർന്ന് നമ്രശിരസ്കയായി ഭാർഗ്ഗവി ഇരുന്നു. നളിനമുഖി.

നീലകണ്ഠൻ എഴുന്നേറ്റുചെന്ന് മുറിയുടെ മേൽത്തട്ടിൽ നിരനിരയായി തൂക്കിയിരുന്ന വിളക്കുകൾ ഓരോന്നായി അണച്ചു.

ഉത്തരവാദിത്വങ്ങളിൽ നിന്നൊഴിഞ്ഞു നില്ക്കാൻ തയ്യാറല്ലാത്തതുകൊണ്ട് പിറ്റേന്ന് പ്രഭാതത്തിലേ നീലകണ്ഠൻ പദ്മനാഭപുരത്തേക്കു പുറപ്പെട്ടു. പുറപ്പെടുംമുമ്പ് ഉറ്റചങ്ങാതി മാതേവനെ കാണാനും മറന്നില്ല.

കോട്ടകളുടെ ജോലികൾ അതിദ്രുതം പുരോഗമിക്കുകയാണ്. കോട്ടകളുടെ നിർമാണത്തിനൊപ്പംതന്നെയാണ് ഉദയഗിരിയിൽ നായർപടയാളികൾക്കു പാർക്കാനുള്ള പടയാളിത്താവളത്തിന്റെയും ആയുധനിർമാണശാലയുടെയും പണികൾ നടന്നുവന്നത്.

ആയുധനിർമാണശാല എന്നുള്ളത് ക്യാപ്റ്റൻ ഡിലനായിയുടെ നിർദേശമായിരുന്നു. ആ നിർദേശം വളരെ നന്ന് എന്നു ബോധ്യപ്പെട്ട മഹാരാജാവ് എത്രയും പെട്ടെന്ന് ആയുധശാലയുടെ പണികൾ തീർക്കാനാവശ്യപ്പെട്ടു.

ഇരുമ്പയിര് വൻതോതിൽ ഖനനം ചെയ്യുകയും അത് സംസ്കരിച്ച് തോക്കുകളും പീരങ്കികളും വെടിയുണ്ടകളും നിർമിക്കുകയുമായിരുന്നു ലക്ഷ്യം. ആയതിലേക്കു ക്യാപ്റ്റൻ ഡിലനായിയുടെ ഉപദേശങ്ങളും മേൽനോട്ടവും നീലകണ്ഠന് ഏറെ സഹായകരമായി ഭവിച്ചു. എല്ലാറ്റിനുമുപരിയായി മന്ത്രി രാമയ്യന്റെ വിചാരിപ്പുമുണ്ടായിരുന്നു.

ശേഷം 17-ാംപേജിൽ




# അമ്മ എങ്ങനെ റോൾമോഡലാവും?



ജസ്റ്റിൻ തോമസ്

മനുഷ്യലോകത്തും ജന്തുലോകത്തും ഏതൊരു കുഞ്ഞും സാധാരണമായി ഏറ്റവും അടുത്ത് ഇടപഴകുന്നത് സ്വന്തം അമ്മയോടോ അല്ലെങ്കിൽ അമ്മയുടെ സ്ഥാനം ഏറ്റെടുക്കുന്ന വ്യക്തിയോടോ ആയിരിക്കും. ലോകത്തിലെ ഏറ്റവും പവിത്രബന്ധമായി കണക്കാക്കപ്പെടുന്നതും അമ്മ – കുഞ്ഞ് ബന്ധംതന്നെ.

അമ്മയാകാൻ പരിശീലനം ആവശ്യമോ?

വ്യക്തിപരമായി എന്റെ വിശ്വാസം അമ്മയാകാൻ പരിശീലനം വേണമെന്നാണ്. ഇത് അപ്പന്റെ കാര്യത്തിലും നിർബന്ധംതന്നെ. പരിശീലനം ലഭിക്കാത്ത ഒരു പെൺകുട്ടി അമ്മയാകുമ്പോൾ (18 വയസ്സിനുശേഷം) അത് താഴെപ്പറയുന്ന പ്രശ്നങ്ങളിലേക്കു നയിക്കാറുണ്ട്.

1. വേണ്ടത്ര ഒരുക്കമില്ലാതെ കുട്ടിയെ ലഭിക്കുന്നതിനായുള്ള ലൈംഗികബന്ധവും അതുമൂലം ഉണ്ടാകുന്ന പ്രശ്നങ്ങളും.
2. ഗർഭസ്ഥശിശുവിന്റെ സംരക്ഷണത്തിലെ അപാകതകൾ.
3. നവജാതശിശുവിനെ സംരക്ഷിക്കുന്നതിലെ അപാകതകൾ.
4. ആരോഗ്യകരമായ ഭക്ഷണക്രമം കുട്ടിയെ പരിശീലിപ്പിക്കുന്നതിലെ പ്രശ്നങ്ങൾ.
5. കുട്ടിയുടെ സ്വഭാവരൂപവത്കരണത്തിലെ അശ്രദ്ധ.
6. കുട്ടിയുടെ മാനസിക, ശാരീരിക ആത്മീയ ആരോഗ്യസംരക്ഷണവും, പ്രതികൂലസാഹചര്യങ്ങളിൽ കുട്ടി അകപ്പെടാതിരിക്കുവാനുള്ള മുൻകരുതലും എടുക്കാൻ കഴിയാതെ വരുക.
7. കുട്ടിയുടെ വിദ്യാഭ്യാസത്തെക്കുറിച്ചുള്ള ധാരണക്കുറവ്.

പരിശീലനം ലഭിക്കാതെ അമ്മയാകുന്ന ഒരു സ്ത്രീ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളാണിവയെല്ലാം.

**അമ്മയാകാനുള്ള പരിശീലനം എവിടെനിന്നു ലഭിക്കണം?**

1. ശാസ്ത്രീയായ ബുക്കുകൾ, ക്ലാസുകൾ, മറ്റ് ഉറവിടങ്ങൾ.
2. സ്വന്തം അമ്മയിൽനിന്ന്.
3. ഭർത്താവിന്റെ അമ്മയിൽനിന്ന്.
4. നല്ല സുഹൃത്തുക്കളിൽനിന്ന്.
5. സ്വന്തം ചിന്തയിൽനിന്ന്.

ചുരുക്കത്തിൽ അമ്മയാകാനുള്ള പരിശീലനത്തിൽ മൂന്നു സുപ്രധാന ഘടകങ്ങൾ ഉണ്ട്. 1. അമ്മയെന്ന വ്യക്തിയുടെ പരിപൂർണ പരിവർത്തനം. 2. കുഞ്ഞിന്റെ സർവതോമുഖവളർച്ചയെക്കുറിച്ചുള്ള അറിവു ലഭിക്കൽ. 3. തന്റെ കുഞ്ഞ് ഭാവിയിൽ അമ്മയോ അപ്പനോ ആകുമെന്ന പ്രതീക്ഷയിൽ അവനെ/ അവളെ പരിശീലിപ്പിക്കൽ.



**ആരാണ് ഉത്തമയായ അമ്മ?**

ഈ ചോദ്യത്തിന് ഇക്കാലത്തെ ഏറ്റവും അനുയോജ്യമായ ഉത്തരം പരിശീലനം ലഭിച്ച സ്ത്രീ എന്നതുതന്നെ. നല്ല ചിന്തകളോടെ ഒരു കുട്ടിക്കുവേണ്ടി ഒരുങ്ങുമ്പോൾ അത് പോസിറ്റീവായ സൃഷ്ടികർമമായി മാറും. തന്റെ ഉള്ളിലുള്ള ശിശുവിന്റെ വളർച്ചയുടെ ഓരോ ഘട്ടവും അറിയുന്ന സ്ത്രീ ചിന്തയിലും വാക്കിലും പ്രവൃത്തിയിലും ഗർഭസ്ഥശിശുവിനെ വളർത്തും. നവജാതശിശുവിനു മുലപ്പാൽ കൊടുക്കുന്ന പരിശീലനം ലഭിച്ച അമ്മ മറ്റ് എന്തിലും പ്രാധാന്യം സ്വന്തം കുട്ടിക്കു നൽകും. അനാരോഗ്യകരമായ ഭക്ഷണങ്ങളെക്കുറിച്ച് ബോധ്യമുള്ള അമ്മ കുട്ടിയെ ആരോഗ്യകരമായ ഭക്ഷണക്രമം ശീലിപ്പിക്കും. കുട്ടിയുടെ സ്വഭാവരൂപവത്കരണത്തിന് ഒരു റോൾമോഡലായി മാറും. വളരെ ശ്രദ്ധാലുവായ ഈ അമ്മ തന്റെ കുഞ്ഞിനെ തള്ളക്കോഴി ചിറകിൻകീഴിൽ എന്നപോലെ പ്രതികൂലസാഹചര്യങ്ങളെ അതിജീവിക്കുവാൻ പരിശീലിപ്പിക്കും. ഒപ്പം കുട്ടിയുടെ കഴിവുകൾ കണ്ടെത്തി ആവശ്യമായ ബൗദ്ധിക പരിശീലനം നല്കും. സർവോപരി ആത്മീയതയിൽ കുട്ടിയെ വളർത്തും.




OVERSEAS EDUCATION SERVICES

STUDY AT

GERMANY CANADA AUSTRALIA NEW ZEALAND

For Plus two & Degree Students

Great opportunities in Germany without IELTS & German Language

NAIPUNNYA INTERNATIONAL

By the Archdiocese of Ernakulam-Angamaly

St.Thomas Press Building, Pala, Pin:686575

0482 2 201546 | pala@naipunnyaint.com

Head Office — Other Branches

ERNAKULAM 0484-2381948/49 | KALOOR 9544 9191 44 | ANGAMALY 9544 9191 55 | THRIKKAKARA 9544 9191 33






മോബിൻ മോഹൻ

## ദളം പത്തൊൻപത്

എല്ലാ ദിവസവും രാവിലെയും വൈകിട്ടും ഗംഗാനദിക്കു കുറുകെ നീന്തുന്ന ഒരു ബാലനുണ്ടായിരുന്നു. ശൈത്യകാലത്ത് ഗംഗാനദിയിലെ ജലത്തിന് ശരീരം കോച്ചിപ്പോകുന്ന തണുപ്പാണ്. ആ തണുപ്പിനെ അവഗണിച്ച് ആ ബാലൻ ഗംഗാനദിയുടെ ഓളങ്ങളെ വകഞ്ഞു മാറ്റി മറുകരയിലെത്തി. ആളുകളെ മറുകരയിൽ എത്തിച്ചിരുന്ന കടത്തുകാർ അദ്ഭുതത്തോടെ ആ ബാലനെ നോക്കി.

ഒരിക്കൽ അവർ അവനോടു ചോദിച്ചു:

"നീ എവിടേക്കാണു പോകുന്നത്?"

"ഞാൻ സ്കൂളിലേക്കു പോകുന്നു." അവൻ മറുപടി പറഞ്ഞു. കടത്തുകാർക്ക് അദ്ഭുതമായി. അവർ വീണ്ടും അവനോടു ചോദിച്ചു:

"ഇത്രയേറെ വള്ളങ്ങളും കടത്തുകാരും ഉള്ളപ്പോൾ നീ എന്തിനാണ് നദി നീന്തിക്കടന്നു പോകുന്നത്?"

"ഞാൻ ഒരു ദരിദ്രകുടുംബത്തിൽനിന്നുമാണ് വരുന്നത്. വള്ളത്തിൽ കയറണമെങ്കിൽ കടത്തുകാർക്കു പണം കൊടുക്കണമല്ലോ. അതിനുള്ള വരുമാനം എന്റെ മാതാപിതാക്കൾക്കില്ല. അതുകൊണ്ടാണ് ഞാൻ ദിവസവും നദി നീന്തിക്കടക്കുന്നത്."

അവൻ ഒരു പുഞ്ചിരിയോടെ മറുപടി പറഞ്ഞു.

"ആ ബാലൻ ആരാണെന്നറിയാമോ?" തന്റെ അടുത്തിരിക്കുന്ന മൂവർ സംഘത്തോട് ഉണ്ണീരിയമ്മ ചോദിച്ചു.

മൂന്നു പേരും പരസ്പരം ഉത്തരം അറിയാതെ നോക്കി ഇരിക്കവേ ഉണ്ണീരിയമ്മതന്നെ ഉത്തരവും പറഞ്ഞു:

"അതു മറ്റാരുമല്ല, ഇന്ത്യയുടെ രണ്ടാമത്തെ പ്രധാനമന്ത്രി ലാൽ ബഹദൂർ ശാസ്ത്രിയാണ്. അദ്ദേഹത്തിന്റെ പ്രസിദ്ധമായ ഒരു മുദ്രാവാക്യവുമുണ്ട്. അതു നിങ്ങൾക്കറിയാമോ?"

'ജയ് ജവാൻ ജയ് കിസാൻ.' കുഞ്ഞുണ്ണിയാണ് ഉത്തരം പറഞ്ഞത്.

ഉണ്ണീരിയമ്മ തുടർന്നു:

"ബാല്യത്തിൽ താനനുഭവിച്ച ദാരിദ്ര്യവും കഷ്ടപ്പാടുകളുമാണ് പ്രധാനമന്ത്രി




യായിട്ടും ലളിതമായ ജീവിതം നയിക്കുവാൻ ലാൽ ബഹദൂർ ശാസ്ത്രിക്കു കരുത്തുനൽകിയത്. ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യരാജ്യത്തിന്റെ ഭരണാധികാരിയായി ഇരിക്കുമ്പോഴും അതിന്റെ പ്രൗഢികൾ ഒന്നുമില്ലാതെ ഒരു സാധാരണക്കാരനായി അദ്ദേഹം ജീവിച്ചു.

"വീട്ടിലേക്ക് ഒരു കാർ വാങ്ങിക്കാൻ അദ്ദേഹം തീരുമാനിച്ചു. ഒരു പ്രധാനമന്ത്രിക്ക് ഔദ്യോഗികവാഹനങ്ങൾ ഒരുപാടുണ്ട്. എന്നാൽ, തന്റെ കുടുംബത്തിന്റെ ആവശ്യത്തിന് രാജ്യത്തിന്റെ പൊതുമുതൽ ഉപയോഗിക്കുന്നതിനോട് അദ്ദേഹത്തിനു താത്പര്യമില്ലായിരുന്നു. ഒരു ഫോൺവിളിയിൽ ഏറ്റവും മികച്ച കാറുകൾ വീട്ടുമുറ്റത്ത് എത്തിക്കുവാൻ കാർമുതലാളിമാർ തയ്യാറായിരുന്നു. പക്ഷേ, അതിനും അദ്ദേഹം തയ്യാറായില്ല. അത്തരം സമ്മാനങ്ങൾ വിധേയത്വമുണ്ടാക്കുമെന്ന് അദ്ദേഹത്തിനു നന്നായി അറിയാമായിരുന്നു. എന്നാൽ, മുഴുവൻ തുകയും കൊടുത്ത് ഒരു കാർ വാങ്ങാൻ അദ്ദേഹത്തിന്റെ കൈയിൽ പണം ഉണ്ടായിരുന്നില്ല. അങ്ങനെ പഞ്ചാബ് നാഷണൽ ബാങ്കിൽനിന്ന് അദ്ദേഹം ലോൺ എടുത്തു. എന്നാൽ, ലോൺ അടച്ചുതീരുംമുമ്പേ അദ്ദേഹം മരണമടഞ്ഞു. തന്റെ പെൻഷൻതുകയിൽനിന്ന് ഒരു വിഹിതം അടച്ചുകൊണ്ട് അദ്ദേഹത്തിന്റെ ഭാര്യയാണ് പിന്നീട് ആ ലോൺ വീട്ടിയത്. അധികാരം തലയ്ക്കുപിടിക്കാത്ത ഒരു ഭരണാധികാരിയായിരുന്നു ലാൽ ബഹദൂർ ശാസ്ത്രി. ദുരിതം നിറഞ്ഞ ബാല്യമാണ് ലളിതമായ ജീവിതം നയിക്കാൻ അദ്ദേഹത്തിനു ശക്തിപകർന്നത്.

അദ്ദേഹത്തിന്റെ ഭരണകാലത്ത് രാജ്യത്ത് വലിയ വരൾച്ചയും പട്ടിണിയും ഉണ്ടായി. ഇതിനെ മറികടക്കാൻ എല്ലാവരും കൃഷിയിലേക്കിറങ്ങണമെന്നും ഓരോ വീട്ടിലും കാർഷികവിഭവങ്ങൾ ഉത്പാദിപ്പിക്കണമെന്നും അദ്ദേഹം ആഹ്വാനം ചെയ്തു. മാത്രമല്ല, അദ്ദേഹം തന്റെ വീടിനു ചുറ്റുമുള്ള സ്ഥലത്തു കൃഷിചെയ്യാൻ തുടങ്ങി. ആദർശം പറയാൻ മാത്രമുള്ളതല്ല പ്രവൃത്തിയിൽ വരുത്താൻ കൂടിയുള്ളതാണെന്ന് അദ്ദേഹത്തിനു നല്ല ബോധ്യമുണ്ടായിരുന്നു.

ആ കൊടുംക്ഷാമം നൽകിയ പാഠത്തിൽനിന്നാണ് ആ മുദ്രാവാക്യം അദ്ദേഹം മുഴക്കിയത്.


"ഏതാണ് ആ മുദ്രാവാക്യം?" ഉണ്ണീരിയമ്മ ചോദിച്ചു:

'ജയ് ജവാൻ ജയ് കിസാൻ' മൂവരും ഒരുമിച്ച് ഉത്തരം പറഞ്ഞു. ■

ഒരു നോമ്പുകാല കവിത

തെരേസ പീറ്റർ

# പുണ്യപ്രകാശമേ നമോ-നമോ



ആത്മീയപ്രശാന്തിയെ ഇന്നു ഞാനറിയുന്നു
ആയതിൻ സുഗന്ധമെന്നാത്മാവിൽ നിറയുന്നു
പിന്നിട്ട നാളിന്നിരുൾപ്പടർപ്പു മാറ്റീട്ടു ഞാൻ
പരമപ്രകാശത്തെപ്പുൽകുവാൻ കൊതിക്കുന്നു.

ഞാനൊരു കൊടുംപാപി - ചെയ്തൊരാ പിഴവുകൾ
എണ്ണിയാലൊടുങ്ങുമോ? എത്രയോ മ്ലേച്ഛം! നീചം
സ്വാർത്ഥേച്ഛ നിവർത്തിപ്പാൻ ഊടുപാതകൾ തേടി
നടന്നോരധമൻ ഞാൻ ദൈവമേ, പൊറുക്കണേ.

എന്നിലാശ്രയം വച്ചു എന്നെയും കാത്തു നിത്യം
കണ്ണീറിഞ്ഞിരുന്നോരാമെന്നാത്മബന്ധങ്ങളെ
ദുഃഖത്തിലാഴ്ത്തിക്കൊണ്ട് അന്ധനായലഞ്ഞവൻ
ഈ മഹാപാപിയോടു ദൈവമേ, പൊറുക്കണേ.

പണത്തിൻ പരിശുദ്ധ മൂല്യത്തെ മറന്നു ഞാൻ
എത്രയോവട്ടം പാപച്ചേറിനായ്ച്ചെലവാക്കി
ഗാർഹികമൂല്യാവശ്യങ്ങൾക്കോ-മറ്റതിശ്രേഷ്ഠ-
നന്മയ്ക്കായുതകേണ്ടതാണെന്നു ഗ്രഹിച്ചീല.

അകതാരിൽ പതഞ്ഞൊഴുകും ദുരാശയാൽ
കൂസലേതുമില്ലാതെ പാപത്തെപ്പുൽകിപ്പുൽകി
മതിയാവോളം സുഖചഷകം ചുണ്ടിൽ വച്ചു
മോന്തി-മോന്തി സ്വാർത്ഥേച്ഛ നിറവേറ്റിയ പാപി.

ഈയധമനോടങ്ങു പൊറുക്ക ദയാനിധേ,
കാരുണ്യപൂർവം തവ സവിധേ ചേർക്കേണമേ
താവകതിരുവധരത്തിൽനിന്നുയരുന്ന
സ്നേഹത്തിൻ സുധാരസം നുകരാൻ വെമ്പുന്നു ഞാൻ.

കാഠിന്യമുറ്റുള്ളതാമെൻ മനം തൂമഞ്ഞുപോൽ
ഉരുകിത്തെളിയവേ, എന്തൊരാശ്വാസം ഹൃത്തിൽ.
അനുതാപക്കണ്ണീരിൻ ശുദ്ധിയെയറിയുന്നു
ആത്മീയസുഖമെന്തെന്നറിഞ്ഞു മോദിക്കുന്നു.

ഇന്നു ഞാൻ കുടുംബത്തെ സ്നേഹിപ്പാൻ പഠിച്ചവൻ
അത്യുത്സാഹത്തോടിനി നന്മയെ മുത്തംവയ്ക്കും
എൻ ഗൃഹം സ്വർഗീയമായ് തീർക്കുവാൻ ശ്രമിച്ചീടും
സ്നേഹാത്മനാഥാ, അങ്ങ് ചേർക്കണേ സവിധത്തിൽ.

ഹേ, മഹേശ്വരാ, നീ തന്നുൾവെളിച്ചമാം പുണ്യം
ആ പുണ്യാഭയാലെന്റെ മാനസം ശുദ്ധം - ശുദ്ധം
സർവവും കരിച്ചു ഞാൻ അനുതാപാഗ്നിയിലായ്
നിത്യമാം സൗഖ്യം! ഹാ! ഹാ! ആത്മാവു ചിരിക്കുന്നു

വിസ്മയപ്പൊരുളാകും നാഥാ, നീ എക്കാലവും
പാറയെ അലിയിക്കും ശ്രേഷ്ഠനാം മഹാഗുരു
അനുതാപികൾക്കൊക്കെയേകണേ തിരുസ്നേഹം
സ്നേഹാത്മപ്രഭോ, അങ്ങേക്കേകുന്നു സർവസ്വവും.



# ദേവാങ്കണം

15-ാംപേജ് തുടർച്ച

ഡിലനായിയും കുടുംബവും മാളികയിലേക്കു താമസം മാറ്റി. മാളികയുടെ ജോലികൾ വളരെ വേഗത്തിൽ തീർക്കുന്നതിൽ നീലകണ്ഠൻ പ്രത്യേക താത്പര്യമെടുത്തിരുന്നു. ഡിലനായിയുമായുള്ള സൗഹൃദമാണ് അതിനു ഹേതുവായത്.

കുറഞ്ഞൊരുകാലംകൊണ്ടാണ് നീലകണ്ഠനും ഡിലനായിയും സൗഹൃദത്തിലായത്. ക്യാപ്റ്റന് നീലകണ്ഠനെ നന്നേ ബോധിച്ചു. ഡിലനായിയുടെ കാഴ്ചപ്പാടിൽ, സമാനതകളില്ലാത്ത വ്യക്തിത്വമായിരുന്നു നീലകണ്ഠന്റേത്. നടപ്പിലും എടുപ്പിലുമുണ്ട് ഒരാഢ്യത. വാക്കിലോ പ്രവൃത്തികളിലോ കാപട്യത്തിന്റെ ലാഞ്ഛനപോലുമില്ല. അഭ്രരഹിതമായ നീലാകാശം പോലെ തെളിഞ്ഞ മനസ്സുള്ള ഒരാൾ. ഒരു തുറന്ന പുസ്തകം.

ക്യാപ്റ്റൻ ഡിലനായിയാകട്ടെ എല്ലാ അർത്ഥത്തിലും തിരുവിതാംകൂറുകാരനായി ഭവിക്കുകയായിരുന്നു. അദ്ദേഹം തിരുവിതാംകൂറിനെ സ്നേഹിച്ചുതുടങ്ങിയിരുന്നു. തിരുവിതാംകൂറിലെ ജനങ്ങളെയും.

"കഴിഞ്ഞ ജന്മത്തിൽ താൻ തിരുവിതാംകൂറിലായിരിക്കണം ജനിച്ചും ജീവിച്ചതും." ഡിലനായി പറയും. അതു കേൾക്കേ നീലകണ്ഠൻ ചിരിക്കുകയും ചോദിക്കുകയും ചെയ്യും:

"പുനർജന്മത്തിൽ വിശ്വസിക്കുന്നോ?"

"തീർച്ചയായും ഇല്ല. പക്ഷേ, പുനരുത്ഥാനത്തിൽ വിശ്വാസമുണ്ട്."

പലപ്പോഴും ഡിലനായി ഇങ്ങനെ പറഞ്ഞിട്ടുണ്ട്. പുനരുത്ഥാനം. പക്ഷേ, ആ വാക്കിന്റെ അർത്ഥതലങ്ങളിലേക്ക്, അതിന്റെ വിശകലനങ്ങളിലേക്ക് അദ്ദേഹം പോയിട്ടില്ല. നീലകണ്ഠന് അത്ര പെട്ടെന്നൊന്നും വഴങ്ങുന്ന അർത്ഥവ്യാപ്തി ആയിരുന്നില്ല പുനരുത്ഥാനം എന്ന വാക്കിന്.

"അത് മറ്റൊന്നുംകൊണ്ടല്ല മിത്രമേ. മഹാഭാരതവും രാമായണവും മനുസ്മൃതിയും ഗീതയും മുതൽ മേഘസന്ദേശം തുടങ്ങിയ കൃതികൾവരെ പഠിച്ചിട്ടുള്ള താങ്കൾക്ക് ക്രിസ്തുചരിതത്തിലേക്കു കടക്കാനായിട്ടില്ല."

ക്രിസ്തു കാല്പനികതയുടെ ഉപരിപ്ലവമായ ഒരു കാവ്യമല്ല. അത് രസാനുഭൂതികൾ ജന്യമാക്കുന്നില്ല. അത് ആത്മീയതയുടെ ഉറയുന്ന ഉപ്പുകലർന്ന ജലാശയമാണ്. നെഞ്ചു പിളർക്കുന്ന ആത്മീയാനുഭവങ്ങളുടെ ഹിമശൈലങ്ങൾ. ഒരു പക്ഷേ, ആ മഹാജ്ഞാനത്തിന്റെ പൊരുളറിവുകളുടെ കോട്ടവാതിലുകൾ ഒരിക്കൽ താങ്കളുടെ മുമ്പിൽ തുറക്കപ്പെട്ടുകൂടായ്കയില്ല.


ഡിലനായിയുടെ വാക്കുകൾ ഒരു ദീർഘദർശിയുടേതുപോലെ തോന്നി നീലകണ്ഠന്. ഇദ്ദേഹം ആര്? പ്രവാചകനോ... അങ്ങനെ സന്ദേഹിച്ചു നീലകണ്ഠൻ.

*(തുടരും)*

# കുരിശ് കൊടിയടയാളമായപ്പോൾ



പീറ്റർ കുരിശിങ്കൽ



"അപ്പാപ്പേ; അപ്പാപ്പേ; വെല്യപ്പാപ്പ വരുന്നുണ്ട്." ഗേറ്റു കടന്നുവരുന്ന വെല്യപ്പാപ്പയെ കണ്ടതും പോർട്ടിക്കോയിൽ നില്ക്കുകയായിരുന്ന അമിയക്കുട്ടി അകത്തേക്കു നോക്കി വിളിച്ചുപറഞ്ഞു.

അമിയക്കുട്ടിയുടെ അപ്പാപ്പനും വെല്യപ്പാപ്പനും സഹോദരന്മാരാണ്.

വെല്യപ്പാപ്പ പോർട്ടിക്കോയിലെത്തിയതും അമിയക്കുട്ടി ചാടിക്കേറി വെല്യപ്പാപ്പയോടൊരു ചോദ്യം: "വെല്യപ്പാപ്പ വല്ലതും കേട്ടോ?"

വെല്യപ്പാപ്പ ആകെ ആകാംക്ഷയിലായി. എന്താണാവോ അമിയക്കുട്ടിയുടെ 'വല്ലതും കേട്ടോ?' താമസിച്ചില്ല; അമിയക്കുട്ടിതന്നെ ഉത്തരവും നല്കി:

"അതേയ്, ഇത്തവണ കാറ്റിക്കിസം പരീക്ഷയിൽ ക്ലാസിൽ രണ്ടാംസ്ഥാനം ഈ അമിയക്കുട്ടിക്കാണ്." അവൾ നെഞ്ചിൽ കൈവച്ചുകൊണ്ട് അഭിമാനത്തോടെ പറഞ്ഞു.

ഉടനെ വല്യപ്പാപ്പ തന്റെ വലതുകരം അമിയക്കുട്ടിയുടെ നേരേ നീട്ടിയിട്ടു പറഞ്ഞു:

"കൊടുകൈ; മിടുക്കി; മിടുമിടുക്കി"

അവൾ വെല്യപ്പാപ്പയുടെ കൈപിടിച്ചു കുലുക്കിക്കൊണ്ടു പറഞ്ഞു: "താങ്ക് യൂ വെല്യപ്പാപ്പ" പറഞ്ഞുകഴിഞ്ഞതും അവൾ ഓടി. മുറ്റത്തു കളിക്കൂട്ടുകാരുണ്ട്. അവരുടെ അടുത്തേക്ക്.

സാവധാനം വെല്യപ്പാപ്പയും അവരുടെ കൂടെക്കൂടി. വെല്യപ്പാപ്പ അവരുടെ അടുത്തുചെന്നുനോക്കി. അവർ ഒരു കുരിശ് നിർമിക്കാനുള്ള ശ്രമത്തിലാണ്. എങ്കിലും വെല്യപ്പാപ്പ അവരോടു ചോദിച്ചു:

"മക്കളെന്തു കളിക്കാണ് ഒരുങ്ങുന്നത്?"

"ഞങ്ങൾ ഒരു കുരിശുണ്ടാക്കുകയാണ്. ദുഃഖവെള്ളി അടുത്തുവരികയല്ലേ. അന്നു ഞങ്ങൾ ഈ കുരിശ് ഈ തോട്ടത്തിന്റെ നടുക്കു നാട്ടും."

വെല്യപ്പാപ്പനു കൗതുകമേറി. നോമ്പുകാലത്ത് കുട്ടികൾ കുരിശിനെപ്പറ്റി ചിന്തിക്കുന്നല്ലോ. വെല്യപ്പാപ്പൻ കുട്ടികളുമായി കുശലം പറയാൻ തുടങ്ങി.

"ആകട്ടെ കുട്ടികളേ; വെല്യപ്പാപ്പ ഒരു കഥ പറയട്ടെ; കുരിശിന്റെ കഥ!"

കുട്ടികൾക്ക് ഉത്സാഹമായി.

"പറയൂ വെല്യപ്പാപ്പാ; പറയൂന്നേ."

"കുരിശു കണ്ടപ്പോൾ ഒരു വലിയ പട്ടാളം തോറ്റോടിയ കഥയാണ്." കുട്ടികൾക്കു കഥ കേൾക്കാൻ തിരക്കായി. "പറയൂ പറയൂ വേഗം, വേഗം"

കുട്ടികളിൽ ആവേശമുണർത്താനായി വെല്യപ്പാപ്പൻ ഒരു ചോദ്യമെടുത്തിട്ടു: "കുരിശ് കൊടിയടയാളമായി സ്വീകരിച്ച ആദ്യത്തെ രാജാവാരാണെന്നറിയാമോ?"

കുട്ടികൾക്കറിയില്ല; ഒരു നിമിഷം അവർ നിശ്ശബ്ദരായി. കുട്ടികളുടെ ഉത്സാഹം മങ്ങി. ഉടനെ വെല്യപ്പാപ്പ ഇടപെട്ടു:

"എന്തിനാ വിഷമിക്കുന്നത്? വെല്യപ്പാപ്പ പറഞ്ഞുതരാമല്ലോ, ദാ കേട്ടോളൂ. കോൺസ്റ്റന്റൈൻ ചക്രവർത്തി!"

"ആരാ? അപ്പാപ്പ ഒന്നുകൂടി പറയാം ശ്രദ്ധിച്ചു കേൾക്കണം കോൺസ്റ്റന്റൈൻ ചക്രവർത്തി. കേട്ടില്ലേ, ഇനി നിങ്ങൾ ഒന്നുറക്കെപ്പറയൂ."

"കോൺസ്റ്റന്റൈൻ" കുട്ടികൾ ഉറക്കെ ആവർത്തിച്ചു.

"കോൺസ്റ്റന്റൈൻ ചക്രവർത്തി തന്റെ കൊടിയിൽ കുരിശു രേഖപ്പെടുത്തിയതിനു പിന്നിൽ ഒരു കഥയുണ്ട്. അക്കഥകൂടി കേട്ടോളൂ.

ക്രിസ്തുവിന്റെ മരണശേഷം മൂന്നാം നൂറ്റാണ്ടിലാണ് ഇക്കഥ നടക്കുന്നത്. അന്നു റോമാസാമ്രാജ്യം രണ്ടു ചക്രവർത്തിമാരുടെ ഭരണത്തിലായിരുന്നു. റോം തലസ്ഥാനമായി ഭരണം നടത്തിയിരുന്നത് മാക് സെന്റിയൂസ് ചക്രവർത്തിയും, കോൺസ്റ്റാന്റിനോപ്പിൾ ആസ്ഥാനമായി ഭരണം നടത്തിയിരുന്നത് കോൺസ്റ്റന്റൈൻ ചക്രവർത്തിയും." ഇടയ്ക്ക് വെല്യപ്പാപ്പൻ ചോദിക്കും. "ആരൊക്കെയാ ഭരിച്ചിരുന്നത്?"

"മാക്സെന്റിയൂസ്; കോൺസ്റ്റന്റൈൻ" കുട്ടികൾ ഉറക്കെപ്പറഞ്ഞു. വല്യപ്പാപ്പൻ കഥ തുടർന്നു:

"മാക്സെന്റിയൂസ് ചക്രവർത്തി ഒരു യുദ്ധക്കൊതിയനായിരുന്നു. അടുത്തുകിടക്കുന്ന രാജ്യങ്ങളൊക്കെ വെട്ടിപ്പിടിക്കണം! അടുത്തുകിടക്കുന്ന കോൺസ്റ്റാന്റിനോപ്പിൾതന്നെയാകട്ടെ ആദ്യം. അദ്ദേഹം കോൺസ്റ്റന്റൈൻ ചക്രവർത്തിയുമായി യുദ്ധം പ്രഖ്യാപിച്ചു. എന്തു ചെയ്യും? പേടിച്ചോടാനൊക്കുമോ? കോൺസ്റ്റന്റൈൻ ചക്രവർത്തിയും യുദ്ധത്തിനൊരുങ്ങി.

"യുദ്ധം തുടങ്ങി. പടയാളികൾ മുഖാമുഖം നിരന്നു. പടക്കോപ്പുകളണിഞ്ഞ് യുദ്ധസന്നദ്ധരായി തങ്ങൾക്കെതിരേ നില്ക്കുന്ന സൈന്യത്തെ കണ്ടപ്പോഴേ കോൺസ്റ്റന്റൈൻ ചക്രവർത്തി വിരണ്ടു. എണ്ണത്തിലും ആയുധശേഷിയിലും താരതമ്യേന വളരെ ചെറുതായ തന്റെ സൈന്യം പരാജയപ്പെടുമെന്നുറപ്പായ കോൺസ്റ്റന്റൈൻ ചക്രവർത്തി സംഭീതനായി നില്ക്കുമ്പോൾ ആരോ തന്നെ വിളിക്കുന്നതായി കോൺസ്റ്റന്റൈൻ ചക്രവർത്തിക്കു തോന്നി. അദ്ദേഹം കാതുവട്ടം പിടിച്ച് ശബ്ദം കേട്ട ഭാഗത്തേക്കു ശ്രദ്ധിച്ചു.

"കോൺസ്റ്റന്റൈൻ; ശിരസ്സുയർത്തി ആകാശത്തേക്കു നോക്കുക. അവിടെ കാണുന്ന ചിഹ്നം താങ്കളുടെ കൊടിയിൽ രേഖപ്പെടുത്തിയിട്ടു യുദ്ധം തുടരുക. താങ്കൾ ജയിക്കും."

കോൺസ്റ്റന്റൈൻ ചക്രവർത്തി കണ്ണുകൾ ആകാശത്തേക്കുയർത്തി. അവിടെയതാ മേഘങ്ങൾക്കു മദ്ധ്യേ ഒരു കുരിശ് മിന്നിത്തെളിഞ്ഞുനില്ക്കുന്നു.

തന്റെ വിജയത്തിനനിവാര്യമായത് എന്താണെന്ന് കോൺസ്റ്റന്റൈൻ ചക്രവർത്തിക്കു ബോധ്യമായി. അദ്ദേഹം തന്റെ കൊടിയിൽ കുരിശു രേഖപ്പെടുത്തി; തന്റെ കൊടിയടയാളമായി സ്വീകരിച്ചു; വിജയം വരിക്കുകയും ചെയ്തു. പിന്നെ നടന്നത് മഹാദ്ഭുതങ്ങളായിരുന്നു. കോൺസ്റ്റന്റൈൻ ചക്രവർത്തി ക്രിസ്തുമതം സ്വീകരിച്ചു. ക്രിസ്തുമതത്തെ തന്റെ സാമ്രാജ്യത്തിലെ ഔദ്യോഗികമതമായി പ്രഖ്യാപിക്കുകയും ചെയ്തു.




ഞങ്ങളുടെ പുതിയ ഷോറൂം
പാലായിൽ
പ്രവർത്തനം ആരംഭിച്ചിരിക്കുന്നു.
ഈസ്റ്റർ ആശംസകൾ
TGH
THURUTHIPARAYIL
GLASS HOUSE
തുരുത്തിപ്പാറയിൽ ഗ്ലാസ്സ് ഹൗസ്
തുരുത്തിപ്പാറയിൽ
ഗ്ലാസ് ഹൗസ്
പാലാ
St. Thomas Mall, Opposite Head Post Office, PALA
വിലക്കുറവും
ഗുണമേന്മയും ഒരുമിച്ച്
അനുഭവിച്ചറിയാൻ
GLASS | PLYWOOD | MULTIWOOD | HARDWARE
KITCHEN ACCESSORIES
www.thuruthiparayil.com
+91 9061 44 44 85 · 9061 44 44 86
SAINT-GOBAIN
Bestwood
Greenply
CENTURYLAMINATES
Greenlam
Hettich
HAFELE
Sleek
Godrej
dorset
Yale
Living


ഈസ്റ്റർ ആശംസകൾ...
Syro malabar matrimony


ഈസ്റ്റർ ആശംസകൾ
ഗുണമേന്മയും വിലക്കുറവും അനുഭവിച്ചറിയൂ...
തൊടുകയിൽ
WOOD PALACE
Near Carmel Hospital, Thodupuzha Road
PALA
Ph: 8943480001
Our Sister Concern:
തൊടുകയിൽ
CLASSIC FURNITURE
Near KSEB, PAIKA, Ph: 8943480001
Quality Wooden Furniture Manufactures

Deepanalam weekly

RNI No : 16998/68
Vol. 55 No. 7 Date of Publication 7 April 2022
Annual Subscription Rate ₹ 300 (For Abroad ₹ 3000)

Registered No. KL/KTM/12/2021-2023
License No.KL/CR/KTM/WPP-11/2021-2023
Licensed to post without pre-payment







Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 • Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
• Ph: 04822-212842 • 7306874714 • Fax: 04822-212842 • Email: editordeepanalam@gmail.com • deepanalam@rediffmail.com • website: www.deepanalam.org